بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحْمَدُہٗ وَنُصَلِّیْ عَلٰی رَسُوْلِہِ الْکَرِیْمِ وَعَلٰی عَبْدِہِ الْمَسِیْحِ الْمَوْعُوْدِ

ഹദ്റത്ത് മസീഹ് മൗഊദ് സ്പെഷ്യൽ

ലക്കം 10-11

വാർഷിക വരിസംഖ്യ 500/-

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദ്ർ

വീക്കിലി ഖാദിയാൻ

The Weekly BADAR Qadian Malayalam

വാള്യം 7

പത്രാധിപർ എച്ച്. ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മാഈൽ

POSTAL REG NO GDP- 44/2020-2022 | 2022 മാർച്ച് 10-17 | ഹി:ശം:1401 അമാൻ 10-17 | ഹി:ഖ: 1443 ശഅ്ബാൻ 6-13


# “ഞാൻ നിന്റെ പ്രബോധനത്തെ ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കുന്നതാണ്.”


**ഇൽഹാം ഹദ്റത്ത് മസീഹ് മൗഊദ്(അ)**

(തദ്കിറ, പേജ് 260, പ്രസാധനം ഡിസംബർ 2006 ഖാദിയാൻ)


“തങ്ങൾ ലോകത്തുനിന്ന് ജമാഅത്തിന്റെ പേര് മായ്ച്ചുകളയുമെന്ന് നമ്മുടെ ശത്രുക്കൾ പറയുന്നു. എന്നാൽ, ഇത്തരത്തിൽ അല്ലാഹുവിനോട് സ്നേഹവും കൂറും കാണിക്കുന്നവരെ ഇല്ലാതാക്കാൻ ആർക്കാണ് കഴിയുക? .......ശത്രുക്കൾ എത്ര വേണമെങ്കിലും ശക്തി ചെലുത്തിക്കൊള്ളട്ടെ. പക്ഷേ, ഈ ജമാഅത്ത് അല്ലാഹു തന്റെ മതത്തെ ലോകത്ത് വ്യാപിപ്പിക്കുന്നതിനുവേണ്ടിയാണ് സ്ഥാപിച്ചിട്ടുള്ളത്. അതുകൊണ്ട് എല്ലാ അവസരത്തിലും അല്ലാഹു തന്നെയാണ് അതിനെ കാത്തുസൂക്ഷിക്കുകയും സഹായിക്കുകയും ചെയ്യുന്നത്. ഒരു തലമുറയ്ക്കുശേഷം അടുത്ത തലമുറയുടെ മനസ്സിൽ അതിനോടുള്ള സ്നേഹവും അതിന്റെ ഉദ്ദേശ്യങ്ങളുടെ പൂർത്തീകരണത്തിനുംവേണ്ടി ആവേശവുമുണ്ടാക്കിക്കൊണ്ടുപോകുന്നു.”

(സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ്, ജുമുഅ ഖുത്ബ 8-1-2021)



2021 ജനുവരി 15 ന് MTA Ghana യുടെ പുതിയ ചാനൽ
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ഉൽഘാടനം ചെയ്യുന്നു.

2021 ഏപ്രിൽ 2ന് ചൈനീസ് ഭാഷയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പുതിയ വെബ്സൈറ്റ്
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ലോഞ്ച് ചെയ്യുന്നു




2021 ഏപ്രിൽ 9 ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്
ഖുർആൻ വെബ് സൈറ്റ് ഉൽഘാടനം ചെയ്യുന്നു




2021 ജൂലായ് 2 ന് ഹുദൂർ അൻവർ
Ahmadi Pedia വെബ്സൈറ്റ്
ഉൽഘാടനം ചെയ്യുന്നു.



2021 ജൂൺ 27 ന് ഹുദൂർ അൻവർ
എം.ടി.എ ഇന്റർനാഷണലിന്റെ ഓൺലൈൻ
കോൺഫ്രൻസിൽ പ്രസംഗിക്കുന്നു.







സയ്യിദുനാ ഹുദൂർ അൻവർ അയ്യദഹുല്ലാഹ് 2021 ലെ ഖാദിയാൻ ജൽസസാലാനയുടെ
അവസരത്തിൽ ലണ്ടനിൽനിന്ന് സമാപന പ്രഭാഷണം നടത്തുന്നു.












2021 ഡിസംബർ 24, 25, 26 തിയതികളിൽ ഖാദിയാനിൽ സംഘടിപ്പിച്ച ജൽസസാലാനയുടെ ചില ദൃശ്യങ്ങൾ

ബദ്ർ ആഴ്ചപ്പതിപ്പ്
"മസീഹ് മൗഊദ് സ്പെഷൽ പതിപ്പ്"

ഉള്ളടക്കം

| | | പേജ് |
|---|---|---|
| 01 | പത്രാധിപക്കുറിപ്പ് | 01 |
| 02 | ദറസുൽ ഖുർആൻ, ദറസുൽഹദീഥ് | 02 |
| 03 | ഹദ്റത്ത് അഹ്മദ്(അ)ന്റെ മാർഗനിർദേശങ്ങൾ | 03 |
| 04 | ദൈവാസ്തിക്യം | 04 |
| 05 | ഹദ്റത്ത് അഹ്മദി(അ)ന്റെ സത്യസാക്ഷ്യം; അവിടത്തെ പ്രവചനങ്ങളുടെ വെളിച്ചത്തിൽ | 08 |
| 06 | ഹദ്റത്ത് അഹ്മദി(അ)ന്റെ ജീവചരിത്രം | 12 |
| 07 | ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം; കാലത്തിന്റെ ആവശ്യകതയുടെ വെളിച്ചത്തിൽ | 16 |

لَا اِلٰہَ اِلَّا اللّٰہُ مُحَمَّدٌ رَّسُوْلُ اللّٰہِ

# ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ വെല്ലുവിളി!

*എതിരാളികളെല്ലാവരെയും മുമ്പിൽവരാൻ നാം വിളിച്ചു.*

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി ശർറസ്സുമൂമി അദാവത്തുസ്സ്വുലഹാഇ**

## പീർമെഹ്ർ അലി ശാഹ് ഗോൽഡവിക്ക് ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രതാപോജ്ജ്വലമായ ആഹ്വാനം

**എനിക്കെതിരിൽ തഫ്സീർ എഴുതിയതിനുശേഷം താങ്കളുടെ തഫ്സീർ വാങ്മയപരവും അർഥപരവുമായി മികച്ചതായി സ്ഥാപിതമായാൽ, ആ നേരത്ത് താങ്കൾ എന്റെ തഫ്സീറിൽനിന്ന് തെററുകൾ എടത്തു കാണിച്ചാൽ ഓരോ തെറ്റിനും അഞ്ചുരൂപവീതം സമ്മാനം നല്കുന്നതായിരിക്കും.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള ഈ ആഹ്വാനം ഞങ്ങൾ അദ്ദേഹത്തിന്റെ ഗ്രന്ഥമായ നുസൂലുൽ മസീഹിൽനിന്നുമാണ് സമർപിക്കുന്നത്. ഞങ്ങൾ മുമ്പേ പറഞ്ഞുകഴിഞ്ഞതാണ് 70 ദിവസത്തെ കാലാവധിക്കുള്ളിൽ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)'ഇഅ്ജാസുൽമസീഹ്'എന്ന പേരിൽ സാഹിത്യനിർഭരമായ അറബി ഭാഷയിൽ സൂറ ഫാത്തിഹായുടെ തഫ്സീർ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ, ഒന്നര വർഷത്തിനുശേഷം പീർ മെഹ്ർ അലി ശാഹ് സാഹിബ്, 'സയ്ഫെ ചിശ്തിയായി' എന്നപേരിൽ ഒരു ഗ്രന്ഥം സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അയച്ചു. അത് ഉർദുവിലായിരുന്നു. അതിൽ തഫ്സീറിന്റെ എന്തെങ്കിലും പേരോ അടയാളമോപോലും ഉണ്ടായിരുന്നില്ല. നിരർഥമായ ചില ആക്ഷേപങ്ങളാണ് ഉണ്ടായിരുന്നത്. ഇതു സംബന്ധമായി സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൂടുതൽ മറുപടി ഈ ലക്കത്തിൽ ഞങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്.

**എടുത്തു കാണിക്കുന്ന ഓരോ തെറ്റിനും അഞ്ചുരൂപ സമ്മാനം:**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'താങ്കൾ നമുക്കെതിരിൽ ഏതെങ്കിലും അറബി ഗ്രന്ഥം എഴുതുകയെന്ന് നാം പലതവണ പരസ്യം നല്കിയിട്ടുള്ളതാണ്. എന്നിട്ട് അറബിഭാഷയിൽ വിദഗ്ധരായിട്ടുള്ളവരെ വിധികർത്താക്കളാക്കാമെന്നും പറഞ്ഞിരുന്നു. താങ്കളുടെ ഗ്രന്ഥം സാഹിത്യസമ്പുഷ്ടമാണെങ്കിൽ എന്റെ സകല വാദങ്ങളും നരിർഥമായിത്തീരുന്നതാണ്. ഞാൻ വീണ്ടും ഓർമപ്പെടുത്തുകയാണ്, എനിക്കെതിരിൽ താങ്കളുടെ തഫ്സീർ അക്ഷരാർഥത്തിൽ മികച്ചു നില്ക്കുന്നുവെങ്കിൽ താങ്കൾക്കെന്റെ തഫ്സീറിലെ തെറ്റുകൾ എടുത്തുകാണിക്കാവുന്നതാണ്. ഓരോ തെറ്റിനും അഞ്ചുരൂപവീതം ഇനാം നല്കുന്നതായിരിക്കും. അനാവശ്യമായ കുറ്റാരോപണത്തിനുമുമ്പേ അറബി ഭാഷയിൽ തഫ്സീർ എഴുതിക്കൊണ്ട് അറബി ഭാഷയിലെ താങ്കളുടെ കഴിവ് തെളിയിക്കേണ്ടതാണ്. നിശ്ചിത വിഷയത്തിൽ ഒരാൾക്ക് കഴിവു തെളിയിക്കാൻ സാധ്യമല്ലെങ്കിൽ അയാളുടെ ആക്ഷേപങ്ങൾ സ്വീകാരാർഹമായിരിക്കുകയില്ല. കല്പണിക്കാരന് കല്പണിക്കാരന്റെ തെറ്റുകൾ കണ്ടുപിടിക്കാം. കൊല്ലപ്പണിക്കാരന് കൊല്ലപ്പണിക്കാരന്റെ പോരായ്മകൾ കണ്ടുപിടിക്കാം. എന്നാൽ, ഒരു തൂപ്പുകാരന് കല്ലാശാരിയുടെ പോരായ്മകൾ കണ്ടുപിടിക്കാനുള്ള അവകാശമില്ല.'(നുസൂലുൽമസീഹ്, റൂഹാനീ ഖസാഇൻ വാള്യം 18, പേജ് 440)

**ഒരു വരിപോലും അറബി എഴുതാനറിയാത്തവൻ അറബിസാഹിത്യത്തിലെ തെറ്റുകൾ ചൂണ്ടിക്കാണിക്കാൻ അർഹനാണോ?**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)വീണ്ടും പറയുന്നു: 'താങ്കൾക്ക് ഒരുവരിപോലും അറബിയിലെഴുതാനുള്ള യോഗ്യത ഇല്ലെന്നതാണ് വാസ്തവം. താങ്കളുടെ(പുസ്തകമായ)'സയ്ഫെ ചിശ്തിയ'യിൽ കളവുമുതൽ താങ്കളുടേതാക്കിയിരിക്കെ താങ്കൾക്ക് ലജ്ജയുണ്ടാവേണ്ടതല്ലേ? അല്ലയോ മനുഷ്യാ! ആദ്യം താങ്കളുടെ അറബിഭാഷയിലെ കഴിവ് തെളിയിക്കുക. എന്നിട്ട് എന്റെ പുസ്തകത്തിലെ തെറ്റുകൾ കാണിച്ച് ഓരോ തെറ്റിനും അഞ്ചുരൂപവീതം എന്നിൽനിന്ന് വാങ്ങിക്കൊള്ളുക. താങ്കൾ അറബി ഭാഷയിൽ പുസ്തകമെഴുതി എന്റെ ഈ മുഅ്ജിസത്തിനെ നിരർഥമാക്കിക്കാണിക്കുക. വളരെ ദുഃഖത്തോടെ പറയട്ടെ, പത്തുവർഷം കടന്നുപോയി. ആരുംതന്നെ മാന്യമായ രീതിയിൽ എനിക്കെതിരിൽ വന്നില്ല. താങ്കളുടെ ഇന്ന വാക്കിൽ ഇന്ന തെറ്റുണ്ടെന്ന് പറയുകയോ അല്ലെങ്കിൽ ഇന്ന വാക്ക് ഇന്ന കിതാബിൽനിന്ന് മോഷ്ടിച്ചതാണെന്ന് പറയുകയോ ആണ് ചെയ്തത്. ഏതുവരെ ഒരാളുടെ അറിവ് സ്ഥാപിതമാകുന്നില്ലയോ അയാൾ കുറ്റം കണ്ടുപിടിക്കുന്നതിൽ ശരിയാണെന്നെങ്ങനെ പറയാൻ സാധിക്കും? അയാൾ സ്വയം തെറ്റിലാണെങ്കിലോ? നമുക്കെതിരിൽ എഴുതാൻ കഴിവില്ലാത്ത ഒരാൾ ഞാനെഴുതിയതിൽ ചില വാക്കുകൾ കട്ടെടുത്തതാണെന്ന് എങ്ങനെ പറയും? അഥവാ കട്ടെടുത്തുകൊണ്ട് ഇങ്ങനെ സാധിക്കുമെങ്കിൽ എന്തുകൊണ്ട് നമുക്കെതിരിൽ വരുന്നില്ല. എന്തുകൊണ്ട് കുറുക്കനെപ്പോലെ ഒളിച്ചോടി നടക്കണം? അല്ലയോ അവിവേകീ!ആദ്യം താങ്കൾ അറബിഭാഷയിൽ തഫ്സീർ എഴുതിക്കൊണ്ട് താങ്കളുടെ അറബി പാണ്ഡിത്യം തെളിയിക്കുക. എന്നാൽ, എന്റെ കുറ്റം കണ്ടുപിടിക്കുന്നതിൽ അർഥമുണ്ട്. അറബിഭാഷയിലെ പാണ്ഡിത്യം തെളിയിക്കാതെ എന്റെ കുറ്റം കണ്ടുപിടിക്കുകയും കട്ടെടുത്തതെന്നും ഗ്രാമർ തെറ്റാണെന്നും മറ്റും പറയുന്നത് വെറും അമേദ്യം ഭക്ഷിക്കലാണ്. അല്ലയോ വിഡ്ഢിയും ലജ്ജയുമില്ലാത്തവനേ! താങ്കൾ ആദ്യം അറബി ഭാഷയിൽ ഏതെങ്കിലും സൂറത്തിന്റെ തഫ്സീർ എഴുതുക. എന്നിട്ട് എന്റെ കിതാബിലെ തെറ്റു ചൂണ്ടിക്കാണിക്കുക. ഏതൊരാൾ ആയിരക്കണക്കിന് ഭാഗങ്ങൾ അറബി ഭാഷയിൽ എഴുതുകയും- അത് അസഭ്യങ്ങളല്ല ദൈവജ്ഞാനപരമായ യാഥാർഥ്യങ്ങളാണ്- അതിന്നെതിരിൽ തന്റേതായ ഒന്നും എഴുതാതെ വെറും വിടുവായത്തം പറയുന്നതുകൊണ്ട് എങ്ങനെ ന്യായപൂർത്തീകരണമാകും? താങ്കളുടെ യോഗ്യത എങ്ങനെ അംഗീകരിക്കപ്പെടും? തെറ്റാണെന്ന് പറയുന്നതുകൊണ്ടോ മറ്റുള്ളതിൽനിന്ന് മോഷ്ടിച്ചതാണെന്ന് പറയുന്നതുകൊണ്ടോ താങ്കളുടെ സാമർഥ്യം എങ്ങനെ തെളിയിക്കപ്പെടും? താങ്കളുടെ സാമർഥ്യവും കഴിവും തെളിയിക്കപ്പെടാതെ താങ്കളുടെ കുറ്റാരോപണം എങ്ങനെ ശരിയാകും?തന്റെ സാമർഥ്യത്തിന്റേയും കഴിവുകളുടേയും മാതൃക സമർപിക്കാതെ ആക്ഷേപം ഉന്നയിക്കുക എന്നത് വഡ്ഢിത്വമല്ലാതെ മറ്റെന്താണ്?' *(നുസൂലുൽമസീഹ്, റൂഹാനീ ഖസാഇൻ വാള്യം 18, പേജ് 441)*

**ദുഹാർ സമുദ്രംപോലെയാണ് വാഗ്ദത്ത മസീഹിന് സാഹിത്യപരമായ വാക്യങ്ങളുടെ വരവിന്റെ മുഅ്ജിസത്ത് നല്കപ്പെട്ടത്. ഒരു കഴിവുമില്ലാതെ സാഹിത്യത്തെ ആക്ഷേപിക്കുന്നവൻ ശപിക്കപ്പെട്ട കീടമാണ്.**

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ഏതൊരാൾ യുക്തിജ്ഞാനങ്ങളുടെ വിവിധ വശങ്ങളെ സാഹിത്യസമ്പുഷ്ടമായ ഭാഷയിൽ ദൈവികസഹായത്തോടെ പദ്യവും ഗദ്യവുമായി സമർപിക്കുന്നുവോ- അയാളിൽ പ്രദർശനപരതയോ ബലഹീനതയോ ഇല്ലാത്ത- പരിപൂർണമായ അവസ്ഥയിലുള്ള ഒരാളുടെ ലിഖിതത്തിൽ ആവശ്യാനുസരണം ഖുർആനിക വചനങ്ങളോ മുൻകഴിഞ്ഞവരുടെ വാക്കുകളോ ചേർക്കുന്നുവെങ്കിൽ അത് ആക്ഷേപാർഹമായിത്തീരുന്നതെങ്ങനെ? അയാളുടെ വാക്ക് ദൈവഭയം അംഗീകരിക്കപ്പെട്ട ഒന്നാണ്. സാഹിത്യസമ്പുഷ്ടമായ ഗ്രന്ഥങ്ങൾ എഴുതുകയും ഭാഷാപരമായ കഴിവുകളുടെ മുഅ്ജിസത്ത് അഥവാ ദിവ്യദൃഷ്ടാന്തം സ്ഥാപിതമാകുകയും ചെയ്ത ഒരാളുടെ സാഹിത്യത്തെ ആക്ഷേപിക്കുന്നവൻ ശപിക്കപ്പെട്ട കീടമാണ്.

ശേഷം പേജ് 14 ൽ

## ദറസുൽ ഖുർആൻ القرآن

۞ يُسَبِّحُ لِلّٰهِ مَا فِي السَّمٰوٰتِ وَمَا فِي الْاَرْضِ الْمَلِكِ الْقُدُّوْسِ الْعَزِيْزِ الْحَكِيْمِ ﴿۲﴾ هُوَ الَّذِيْ بَعَثَ فِي الْاُمِّيّٖنَ رَسُوْلًا مِّنْهُمْ يَتْلُوْا عَلَيْهِمْ اٰيٰتِهٖ وَيُزَكِّيْهِمْ وَيُعَلِّمُهُمُ الْكِتٰبَ وَالْحِكْمَةَ ۗ وَاِنْ كَانُوْا مِنْ قَبْلُ لَفِيْ ضَلٰلٍ مُّبِيْنٍ ۙ﴿۳﴾ وَّاٰخَرِيْنَ مِنْهُمْ لَمَّا يَلْحَقُوْا بِهِمْ ۗ وَهُوَ الْعَزِيْزُ الْحَكِيْمُ ﴿۴﴾ ذٰلِكَ فَضْلُ اللّٰهِ يُؤْتِيْهِ مَنْ يَّشَآءُ ۗ وَاللّٰهُ ذُو الْفَضْلِ الْعَظِيْمِ ﴿۵﴾

(سورة جمعه: ۲ تا ۵)

രാജാധിപതിയും മഹാപരിശുദ്ധനും പ്രതാപവാനും യുക്തിമാനുമായ അല്ലാഹുവിന്റെ പരിശുദ്ധിയെ ആകാശങ്ങളിലും ഭൂമിയിലുമുള്ളവയെല്ലാം വാഴ്ത്തുന്നു; ആ അല്ലാഹുതന്നെയാണ് അക്ഷരജ്ഞാനമില്ലാത്ത ജനതയിലേക്ക് അവരിൽനിന്നുതന്നെയുള്ള ഒരു വ്യക്തിയെ റസൂലാക്കി അയച്ചത്. അദ്ദേഹം അവർക്ക് ദൈവകല്പനകൾ കേൾപ്പിക്കുകയും അവരെ പരിശുദ്ധരാക്കുകയും അവരെ ഗ്രന്ഥവും യുക്തിജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്നു; അവർ അതിനുമുമ്പേ സ്പഷ്ടമായ വഴികേടിലായിരുന്നുവെങ്കിലും. അവരെക്കൂടാതെ മറ്റൊരു ജനതയിലും(അവൻ അദ്ദേഹത്തെ അയക്കുന്നതാണ്). അവർ ഇതേവരെ ഇവരുമായി ചേർന്നിട്ടില്ല. അവൻ പ്രതാപവാനും യുക്തിജ്ഞനുമാകുന്നു. ഇത് അല്ലാഹുവിന്റെ കൃപയാണ്. താനുദ്ദേശിക്കുന്നവർക്ക് അവൻ അത് നല്കുന്നു. അല്ലാഹു മഹത്തായ കൃപാകടാക്ഷത്തിന്റെ നാഥനാണ്. (*വിശുദ്ധ ഖുർആൻ, ജുമുഅ അധ്യായം 2-5*)

സൂറ ജുമുആയിലെ ഈ ആയത്തുകളിൽ നബി(സ)തിരുമേനിയുടെ രണ്ടു ദൈവനിയോഗത്തെ കുറിച്ച് പറയപ്പെട്ടിരിക്കുന്നു. അവിടത്തെ ആദ്യ നിയോഗമുണ്ടയാത് അറേബ്യയിലെ നിരക്ഷരരായ ജനതയിലായിരുന്നു. രണ്ടാമത്തെ നിയോഗം **വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം** അനുസരിച്ച് അവസാനം വരുന്നവരിൽ വിധിക്കപ്പെട്ടതായിരുന്നു. ഈ ആയത്തുകൾ ഇറങ്ങിയപ്പോൾ സ്വഹാബത്ത് നബി(സ)തിരുമേനിയോടു ചോദിച്ചു: അങ്ങയുടെ രണ്ടാമത്തെ നിയോഗമുണ്ടാകുന്ന അവസാനം വരുന്ന കൂട്ടർ ആരാണ്? അപ്പോൾ നബി(സ)തിരുമേനി ആ സദസ്സിലുണ്ടായിരുന്ന സൽമാനുൽ ഫാരിസി(റ)യുടെ ചുമലിൽ കൈവച്ചുകൊണ്ടു പറഞ്ഞു: **ലൗ കാനൽ ഈമാനു മുഅല്ലഖൻ ബിഥ്ഥുറയ്യാ ലനാ ലഹൂ റജുലുൻ ഔ രിജാലുൻ മിൻ ഹാഉലാഇ** *(ബുഖാരി കിതാബുത്തഫ്സിർ സൂറത്തുൽ ജുമുഅ)*

ഈമാൻ കാർത്തിക നക്ഷത്രംവരെ ഉയർന്നുപോയാലും ഫാർസി വംശജനായ ഒരാൾ അല്ലെങ്കിൽ ഒന്നിലധികം ആളുകൾ ആ ഈമാനെ താഴ്ത്തിക്കൊണ്ടുവരുന്നതാണ്.

ഈ ആയത്തുകളിൽ അവസാന കാലത്ത് പ്രത്യക്ഷപ്പെടുന്ന ഫാർസി വംശജനായ വ്യക്തിയുടെ നിയോഗത്തെ നബി(സ)തിരുമേനിയുടെ നിയോഗമായി പറഞ്ഞിരിക്കുകയാണ്. അതായത് ആ ആഗതനാകുന്ന വ്യക്തി നബി(സ)തിരുമേനിയുടെ പരിപൂർണ്ണ **ളില്ല്**(സമ്പൂർണപ്രതിച്ഛായ)ആയിരിക്കും.

۞ وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ وَعَمِلُوا الصّٰلِحٰتِ لَيَسْتَخْلِفَنَّهُمْ فِي الْاَرْضِ كَمَا اسْتَخْلَفَ الَّذِيْنَ مِنْ قَبْلِهِمْ ۪ وَلَيُمَكِّنَنَّ لَهُمْ دِيْنَهُمُ الَّذِي ارْتَضٰى لَهُمْ وَلَيُبَدِّلَنَّهُمْ مِّنْۢ بَعْدِ خَوْفِهِمْ اَمْنًا ؕ يَعْبُدُوْنَنِيْ لَا يُشْرِكُوْنَ بِيْ شَيْـًٔا ؕ وَمَنْ كَفَرَ بَعْدَ ذٰلِكَ فَاُولٰٓئِكَ هُمُ الْفٰسِقُوْنَ ﴿۵۶﴾ (سورة نور: ۵۶)

നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോടു അവർക്കു മുമ്പേയുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നല്കുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്. എന്നോടു മറ്റൊന്നിനേയും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുക

ശേഷം പേജ് 07 ൽ

## ദറസുൽ ഹദീഥ് الحديث

### ഇമാം മഹ്ദിയേയും മസീഹ് മൗഊദിനേയും കുറിച്ചുള്ള പ്രവചനം

۞ يُوْشِكُ مَنْ عَاشَ مِنْكُمْ اَنْ يَّلْقٰى عِيْسَى بْنَ مَرْيَمَ اِمَامًا مَهْدِيًّا حَكَمًا عَدْلًا يَكْسِرُ الصَّلِيْبَ وَيَقْتُلُ الْخِنْزِيْرَ - (مسند احمد جلد ۲، صفحه ۱۵۶)

നിങ്ങളിൽനിന്ന് ഏതൊരുവൻ ജീവിച്ചിരിക്കുന്നുവോ(ഇൻശാ അല്ലാഹ്)ഈസബ്നുമർയമിനെ കാണും-ഇമാം മഹ്ദിയും നീതിമാനായ വിധികർത്താവുമായിട്ട്. അദ്ദേഹം കുരിശിനെ മുറിക്കുകയും പന്നിയെ കൊല്ലുകയും ചെയ്യും.*(മുസ്നദ് അഹ്മദ് വാല്യം 2, പേജ് 156)*

۞ عَنْ اَبِيْ هُرَيْرَةَ رَضِيَ اللّٰهُ عَنْهُ قَالَ: قَالَ رَسُوْلُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ: كَيْفَ اَنْتُمْ اِذَا نَزَلَ ابْنُ مَرْيَمَ فِيْكُمْ وَاِمَامُكُمْ مِنْكُمْ وَفِيْ رِوَايَةٍ فَاَمَّكُمْ مِنْكُمْ - (بخاری کتاب الانبیاء باب نزول عیسٰی بن مریمؑ)

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: നിങ്ങളിൽനിന്ന് നിങ്ങൾക്ക് ഇമാമായി ഇബ്നുമർയം നിങ്ങളിൽ ഇറങ്ങുമ്പോൾ നിങ്ങളുടെ സ്ഥിതി എത്രമേൽ നന്നായിരിക്കുകയില്ല. മറ്റൊരു നിവേദനത്തിൽ നിങ്ങളിൽ നിന്നായ കാരണത്താൽ അദ്ദേഹം നിങ്ങളുടെ ഇമാമത്തിന്റെ നിർബന്ധ കടമകൾ നിർവഹിക്കുന്നതായിരിക്കും എന്നുമുണ്ട്. *(ബുഖാരി കിതാബുൽ അമ്പിയാഅ് ബാബു നുസൂല ഇബ്നുമർയം)*

### നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുന്ന പ്രവചനം

۞ عَنْ حُذَيْفَةَ رَضِيَ اللّٰهُ عَنْهُ قَالَ: قَالَ رَسُوْلُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ: تَكُوْنُ النُّبُوَّةُ فِيْكُمْ مَا شَآءَ اللّٰهُ اَنْ تَكُوْنَ ثُمَّ يَرْفَعُهَا اللّٰهُ تَعَالٰى ثُمَّ تَكُوْنُ خِلَافَةٌ عَلٰى مِنْهَاجِ النُّبُوَّةِ مَا شَآءَ اللّٰهُ اَنْ تَكُوْنَ ثُمَّ يَرْفَعُهَا اللّٰهُ تَعَالٰى ثُمَّ تَكُوْنُ مُلْكًا عَاضًّا فَتَكُوْنُ مَا شَآءَ اللّٰهُ اَنْ تَكُوْنَ ثُمَّ يَرْفَعُهَا اللّٰهُ تَعَالٰى ثُمَّ تَكُوْنُ مُلْكًا جَبْرِيَّةً فَيَكُوْنُ مَا شَآءَ اللّٰهُ اَنْ يَكُوْنَ ثُمَّ يَرْفَعُهَا اللّٰهُ تَعَالٰى ثُمَّ تَكُوْنُ خِلَافَةٌ عَلٰى مِنْهَاجِ النُّبُوَّةِ ثُمَّ سَكَتَ - (مشکوٰة، باب الانذار والتحذیر)

ഹദ്റത്ത് ഹുദയ്ഫ(റ) വിവരിക്കുന്നു: നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങളിൽ അല്ലാഹു ഇച്ഛിക്കുന്നതുവരെ നുബുവ്വത്ത് അഥവാ പ്രവാചകത്വം നിലനിൽക്കുന്നതാണ്. പിന്നീട് അവൻ ഇച്ഛിക്കുമ്പോൾ അതിനെ എടുത്തു കളയും. പിന്നീട് നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്തുണ്ടാകും. അവനിച്ഛിക്കുന്നതുവരെ അത് നില്നില്ക്കും. പിന്നീട് അതിനെ എടുത്തുകളയും. പിന്നീട് പരുക്കൻ ഭരണകൂടം വരും. അല്ലാഹു ഇച്ഛിക്കുവോളം അത് നിലനിൽക്കും. അതിനുശേഷം അതെടുക്കപ്പെടും. പിന്നീട് സ്വേച്ഛാധിപത്യപരമായ ഭരണകൂടം വരും. അല്ലാഹു ഇച്ഛിക്കുവോളം അത് നിലനില്ക്കും. പിന്നീട് അല്ലാഹു അതിനെ എടുത്തുകളയും. അതിനുശേഷം നുബവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുന്നതാണ്. അതിനുശേഷം നബി(സ)തിരുമേനി മൗനം പാലിച്ചു. *(മുസ്നദ് അഹ്മദ് വാല്യം 4,പേജ് 273, മിശ്ക്കാത്ത് ബാബു അൻ അൻദാർ വത്തഹദീർ)*

### ഇമാം മഹ്ദിക്ക് സലാമെത്തിക്കണമെന്ന കല്പന

۞ اَلَا اِنَّ عِيْسَى بْنَ مَرْيَمَ لَيْسَ بَيْنِيْ وَبَيْنَهٗ نَبِيٌّ وَلَا رَسُوْلٌ، اَلَا اِنَّهٗ خَلِيْفَتِيْ فِيْ اُمَّتِيْ مِنْ بَعْدِيْ، اَلَا اِنَّهٗ يَقْتُلُ الدَّجَّالَ وَيَكْسِرُ الصَّلِيْبَ وَيَضَعُ الْجِزْيَةَ، وَتَضَعُ الْحَرْبُ اَوْزَارَهَا اَلَا مَنْ اَدْرَكَهٗ فَلْيَقْرَأْ عَلَيْهِ السَّلَامَ (طبرانی الاوسط والصغیر)

ശ്രദ്ധിച്ചു കേൾക്കുക! ഈസബനുമർയമിനും(മസീഹ് മൗഊദ്)എനിക്കുമിടയിൽ ഒരു നബിയോ റസൂലോ ഇല്ല. നല്ലവണ്ണം കേട്ടുകൊള്ളുക!അദ്ദേഹം എനിക്കുശേഷം എന്റെ ഉമ്മത്തിൽ എന്റെ ഖലീഫയായിരിക്കും. അദ്ദേഹം തീർച്ചയായും ദജ്ജാലിനെ കൊല്ലും. കുരിശിനെ ഉടയ്ക്കും.(അതായത് കുരിശു വിശ്വാസസത്തിന്റെ പൊള്ളത്തരം വെളിച്ചത്തുകൊണ്ടുവരും). ജിസ്യ നിറുത്തലാക്കും.(അതായത് അതിന്റെ സമ്പ്രദായം ഇല്ലാതാകും. കാരണം) അക്കാലത്ത് മതയുദ്ധങ്ങൾ അവസാനിച്ചുപോകും.

ശേഷം പേജ് 15 ൽ

# വാഗ്ദത്ത മസീഹും മഹ്ദിയുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ മാർഗ നിർദേശങ്ങൾ

**01** 'സർവ്വശക്തനായൊരു ദൈവം ഉണ്ടെന്ന് ഇനിയും അറിഞ്ഞിട്ടില്ലാത്തവൻ എത്രമാത്രം ഭാഗ്യദോഷിയാണ്. നമ്മുടെ സ്വർഗം നമ്മുടെ ദൈവമാകുന്നു. നമ്മുടെ ഉയർന്ന ആനന്ദാനുഭൂതികളത്രയും  നമ്മുടെ ദൈവത്തിലാകുന്നു. എന്തുകൊണ്ടെന്നാൽ, ഞാൻ അവനെ കാണുകയും എല്ലാ സൗന്ദര്യങ്ങളും അവനിൽ ദർശിക്കുകയും ചെയ്തിരിക്കുന്നു. ജീവൻ കളഞ്ഞിട്ടും കൈവരിക്കേണ്ട സമ്പത്താണിത്. സർവവും  നഷ്ടപ്പെടുത്തിയിട്ടും വിലയ്ക്കെടുക്കേണ്ട മാണിക്യക്കല്ലാണിത്. അല്ലയോ നിർഭാഗ്യരേ! ഇതാ ഈ നീരുറവയിലേക്ക് ഓടിവരിൻ! ഇതു നിങ്ങൾക്കു ദാഹശമനം വരത്തും. ഇതു നിങ്ങളെ രക്ഷപ്പെടുത്തുന്ന ജീവിതസ്രോതസ്സാകുന്നു. ഞാനെന്തു ചെയ്യണം? എങ്ങനെ ഞാൻ ഈ സന്തോഷവാർത്ത നിങ്ങളുടെ ഹൃദയത്തിലെത്തിക്കും? ഏതു ചെണ്ട കൊട്ടിയാണ്, 'ഇതാ നിങ്ങളുടെ ദൈവം' എന്നു ജനങ്ങളെ അറിയിക്കാനുള്ള പ്രഖ്യാപനം ഞാൻ നടത്തേണ്ടത്;ജനങ്ങൾ കേൾക്കുമാറാകാൻ! അവരുടെ കാതുകളിൽ ഏതു ഔഷധം പ്രയോഗിച്ചാണ് ഞാൻ ചികിത്സിക്കേണ്ടത്;അവ തുറക്കുമാറാകാൻ!നിങ്ങൾ ദൈവത്തിന്റേതായി മാറുമെങ്കിൽ ഓർത്തുകൊള്ളുവിൻ, നിശ്ചയമായും ദൈവം നിങ്ങളുടേതു തന്നെയായിരിക്കും........അല്ലാഹു ഏറ്റവും പ്രിയപ്പെട്ട നിധിയാകുന്നു. അതിനെ വിലമതിക്കുവിൻ. ഓരോ കാൽവെയ്പിലും അവൻ നിങ്ങളുടെ സഹായകനാകുന്നു. അവനെക്കൂടാതെ നിങ്ങളൊന്നുമല്ല.' *(കശ്തിയെ നൂഹ് പേജ് 21, റൂഹാനീ ഖസാഇൻ വാള്യം 19)*

**02** നമ്മുടെ ജീവിച്ചിരിക്കുന്നവനും എല്ലാത്തിനേയും നിലനിറുത്തുന്നവനുമായ അല്ലാഹു നാമുമായി മനുഷ്യരെപോലെ സംസാരിക്കുന്നു. നാം ഏതെങ്കിലും ഒരു കാര്യം ചോദിക്കുകയും ദുആ ചെയ്യുകയും ചെയ്യുമ്പോൾ കരുത്തുറ്റ വാക്കുകളോടുകൂടി അവൻ മറുപടി നല്കുന്നു. ഈ പരമ്പര ആയിരംവട്ടം തുടർന്നാലും അവൻ മറുപടി തരാതിരിക്കുന്നില്ല. അവൻ തന്റെ സംസാരത്തിൽ അത്ഭുതകരമായ അദൃശ്യകാര്യങ്ങൾ വെളിപ്പെടുത്തുന്നു. അത്ഭുതകരമായ ശക്തിപ്രഭാവങ്ങളുടെ ദൃശ്യങ്ങൾ കാണിക്കുന്നു. അവൻ തന്നെയാണ് അതെന്ന് ഉറപ്പുവരുത്തിത്തരുന്നു. അവനെ ദൈവം എന്നു പറയേണ്ടതാണ്. ദുആകൾ സ്വീകരിക്കുന്നു. സ്വീകരിച്ച വിവരം അറിയിക്കുന്നു. അവൻ വലിയ വലിയ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നു. ജീവച്ഛവംപോലെ രോഗിയായവനെ ദുആകളുടെ ആധിക്യംകൊണ്ട് ജീവിപ്പിക്കുന്നു. ഈ എല്ലാ ഉദ്ദേശ്യങ്ങളും കാലേകൂട്ടി തന്റെ സംസാരത്തിലൂടെ അറിയിക്കുന്നു. ദൈവം, അതേ ദൈവംതന്നെയാണ്. അവൻ തന്റെ സംസാരംകൊണ്ട് - അത് ഭാവികാലത്ത് ഉണ്ടാകുന്ന സംഭവങ്ങൾ അടങ്ങിയതായിരിക്കും - താൻതന്നെയാണ് ഭൂമിയുടേയും ആകാശത്തിന്റേയും ദൈവമെന്ന് നമ്മളിൽ സ്ഥാപിക്കുന്നതാണ്. 'ഞാൻ നിന്നെ പ്ലേഗിന്റെ മരണത്തിൽനിന്ന് രക്ഷിക്കും' എന്ന് അവൻ തന്നെയാണ് എന്നെ സംബോധനചെയ്തുകൊണ്ടു പറഞ്ഞത്. അക്കാലത്ത് ഇങ്ങനെയുള്ള ഇൽഹാം എന്നെക്കൂടാതെ ആരാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. അവൻ എന്നേയും എന്റെ ഭാര്യയേയും എന്റെ മക്കളേയും എന്റെ വീടിന്റെ നാലു ഭിത്തിക്കുള്ളിൽ താമസിക്കുന്ന നല്ലവരേയും രക്ഷിക്കുമെന്ന തന്റെ ഉത്തരവാദിത്വം പ്രകടിപ്പിച്ചു.*(നസീമെ ദഅ്വത്ത് റൂഹാനീ ഖസാഇൻ വാള്യം 19, പേജ് 448)*

**03** 'ഞാനെപ്പോഴും അത്ഭുതദൃഷ്ടികളോടെയാണ് നോക്കിക്കാണുന്നത്, മുഹമ്മദ് എന്നുപേരുള്ള ഈ അറബി പ്രവാചകൻ(ആയിരമായിരം സ്വലാത്തും സലാമും അവിടത്തെമേൽ വർഷിക്കപ്പെടട്ടെ) എത്രമേൽ ഉൽകൃഷ്ടപദവിയാർന്ന നബിയാണ്! അവിടത്തെ ഔന്നത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യം തന്നെ! അവിടത്തെ ദിവ്യശക്തി പ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. ലോകത്തുനിന്ന് തികച്ചും അപ്രത്യക്ഷമായി കഴിഞ്ഞിരുന്ന ആ തൗഹീദ് അഥവാ ഏകദൈവ വിശ്വാസം വീണ്ടും ഈ ലോകത്ത് തിരിച്ചുകൊണ്ടുവന്ന വീരാത്മാവ് അവിടന്നത്രെ. അവിടന്ന് ദൈവത്തോടു അങ്ങേയറ്റത്തെ സ്നേഹം പുലർത്തി. മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപണം ചെയ്തു. മുമ്പേയുളളവരും പിമ്പേയുള്ളവരുമായ സകല പ്രവാചകന്മാരെക്കാളും ശ്രേഷ്ഠത്വം അല്ലാഹു അദ്ദേഹത്തിനു നല്കുകയും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിനു സാധിപ്പിച്ചു കൊടുക്കുകയും ചെയ്തു. എല്ലാ ഓരോ കാരുണ്യത്തിന്റേയും ഉറവിടം അവിടന്നു തന്നെയാണ്. ഈ ഉപകാരം അംഗീകരിക്കാതെ ഏതെങ്കിലും ശ്രേഷ്ഠതയുടെ വാദമുന്നയിക്കുന്നവൻ മനുഷ്യനല്ല.  പ്രത്യുത ശയ്ത്വാനിന്റെ സന്തതിയാണ്. കാരണം എല്ലാ ശ്രേഷ്ഠതയകളുടേയും കുഞ്ചിക അദ്ദേഹതത്തിനാണ് നല്കപ്പെട്ടിട്ടുള്ളത്. ഈശ്വരീയജ്ഞാനത്തിന്റെ എല്ലാ ഖജനാവുകളും അദ്ദേഹത്തിനാണ് പ്രദാനം ചെയ്യപ്പെട്ടിട്ടുളളത്. അത് അദ്ദേഹം മുഖേന പ്രാപിക്കത്താവൻ എന്നെന്നേക്കുമായി പിന്തള്ളപ്പെട്ടവനാണ്. നമ്മൾ എന്തു വസ്തുവാണ്. നമുക്കെന്ത് യാഥാർഥ്യമാണുള്ളത്. യഥാർഥമായ തൗഹീദ് ആ നബിമുഖേന നമ്മൾ പ്രാപിച്ചിട്ടില്ലെന്നും ജീവനുള്ള ദൈവത്തെ ആ സമ്പൂർണനബി മുഖേന  തിരിച്ചറിഞ്ഞിട്ടില്ലെന്നും അദ്ദേഹത്തിന്റെ പ്രകാശത്തിൽനിന്ന് കിട്ടിയിട്ടില്ലെന്നും അല്ലാഹുവിന്റെ ഭാഷണത്തിന്റേയും സംസാരത്തിന്റേയും ഭാഗ്യം - അതുമുഖേനയാണ് നമ്മൾ അവന്റെ മുഖം കാണുന്നത് - ആ മഹാത്മാവായ നബിമുഖേന നമുക്കു ലഭ്യമായിട്ടില്ലെന്നും അംഗീകരിക്കുന്നില്ലെങ്കിൽ നമ്മൾ നിഅ്മത്തിനെ നിഷേധിക്കുന്നവരായിരിക്കും. ആ സന്മാർഗ സൂര്യന്റെ കിരണങ്ങൾ നമ്മുടെമേൽ പതിയുന്നു. അതിന് അഭിമുഖമായി നില്ക്കുവോളം മാത്രമെ നമ്മൾ പ്രകാശമുള്ളവരായിരിക്കുകയുള്ളു. *(ഹഖീഖത്തുൽ വഹ്യ്, റൂഹാനീ ഖസാഇൻ വാള്യം 22, പേജ് 118)*

**04** 'ഓ. ഭൂവാസികളേ!അല്ലയോ കിഴക്കും പടിഞ്ഞാറും നിവസിക്കുന്ന മനുഷ്യാത്മാക്കളേ!സത്യമതം ഇന്ന് ലോകത്ത് ഇസ്‌ലാം മാത്രമാണെന്നും വിശുദ്ധ ഖുർആനിൽ പറയപ്പെട്ട ദൈവം മാത്രമാണ് സത്യദൈവമെന്നും ആത്മീയമായി ജീവിച്ചിരിക്കുന്ന പ്രവാചകൻ - എന്നുവച്ചാൽ, മഹത്ത്വത്തിന്റേയും പരിശുദ്ധിയുടേയും സിംഹാസനത്തിൽ എന്നെന്നും ഇരിക്കുന്ന പ്രവാചകൻ - ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)തിരുമേനിയാണെന്നുമുള്ള വസ്തുത സ്വീകരിക്കുവാൻ ഞാൻ നിങ്ങളെ ഹൃദയപൂർവം ക്ഷണിച്ചുകൊള്ളുന്നു.'*(തിർയാഖുൽഖുലൂബ്, റൂഹാനീ ഖസാഇൻ വാള്യം 15, പേജ് 11)*

**05** 'ഞാൻ നിങ്ങളോട് സത്യമായും പറയുന്നു:വിശുദ്ധ ഖുർആനിലെ 700 കല്പനകളിൽനിന്ന് ഒരു ചെറിയ കല്പനയെപ്പോലും നിരസിക്കുന്നവൻ തനിക്കായി മോക്ഷത്തിന്റെ വാതിൽ സ്വകരംകൊണ്ടു അടക്കുകയാണ് ചെയ്യുന്നത്. പരമാർത്ഥപരവും പരിപൂർണ്ണവുമായ മോക്ഷത്തിന്റെ വാതിൽ വിശുദ്ധഖുർആൻ തുറന്നുതന്നിരിക്കുന്നു. മറ്റുള്ളതെല്ലാം അതിന്റെ ഛായയാണ്. അതുകൊണ്ട് നിങ്ങൾ വിശുദ്ധഖുർആൻ ഗ്രഹിച്ച് പാരായണം ചെയ്യുക. മറ്റൊന്നിനോടും പുലർത്തിയിട്ടില്ലാത്തവിധം നിങ്ങൾ അതിനെ വളരെയധികം സ്നേഹിക്കുക. എന്തുകൊണ്ടെന്നാൽ അല്ലാഹു എന്നെ സംബോധന ചെയ്ത് ഇപ്രകാരം പറഞ്ഞു: അൽഖയ്റു കുല്ലുഹു ഫിൽഖുർആനി എല്ലാ വിധത്തിലുള്ള നന്മകളും വിശുദ്ധ ഖുർആനിലുണ്ട്. സത്യവും ഇതുതന്നെയാണ്. അതിനുമേൽ മറ്റു വസ്തുക്കളെ മുന്തിക്കുന്നവർക്ക് അഹോ കഷ്ടം! നിങ്ങളുടെ സകല വിജയങ്ങളുടേയും മോക്ഷത്തിന്റേയും ഉറവിടം ഖുർആനിലാണുള്ളത്. നിങ്ങളുടെ മതപരമായ ഒരാവശ്യവും വിശുദ്ധഖുർആനിലാണുള്ളത്. നിങ്ങളുടെ മതപരമായ ഒരാവശ്യവും വിശുദ്ധഖുർആനിൽ കാണാത്തതായില്ല. പുനരുത്ഥാനനാളിൽ നിങ്ങളുടെ വിശ്വാസത്തെ സത്യപ്പെടുത്തുകയോ വ്യാജപ്പെടുത്തുകയോ ചെയ്യുന്നത് ഖുർആനാകുന്നു. നിങ്ങൾക്ക് നേരിട്ട് സന്മാർഗ്ഗം നല്കാൻ കഴിവുറ്റ ഗ്രന്ഥം ആകാശത്തിൻ കീഴിൽ ഖുർആനല്ലാതെ മറ്റൊന്നില്ല. വിശുദ്ധ ഖുർആൻ പോലുള്ള ഗ്രന്ഥം നിങ്ങൾക്ക് ദാനം ചെയ്ത അല്ലാഹു നിങ്ങളോട് ഒരുപാട് ഔദാര്യം ചെയ്തിരിക്കുകയാണ്. നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ട ആ ഗ്രന്ഥം ക്രിസ്ത്യാനികൾക്ക് അവതരിച്ചിരുന്നെങ്കിൽ അവർ നശിക്കുമായിരുന്നില്ലെന്നും നിങ്ങൾക്ക് നല്കപ്പെട്ട ഈ അനുഗ്രഹവും സന്മാർഗ്ഗവും തൗറാത്തിനു പകരം യഹൂദികൾക്ക് നല്കിയിരുന്നെങ്കിൽ അവരിൽ ചില കക്ഷികൾ പരലോക നിഷേധികളാകുമായിരുന്നില്ലെന്നും ഞാൻ സത്യമായും നിങ്ങളോടു പറയുന്നു. അതുകൊണ്ട് നിങ്ങൾക്ക് നല്കപ്പെട്ടിരിക്കുന്ന ഈ അനുഗ്രഹത്തെ ആദരിക്കുക. ഇത് അങ്ങേയറ്റം പ്രിയങ്കരമായ അനുഗ്രഹമാണ്. ഇത് വലിയ സമ്പത്താണ്. ഖുർആൻ വന്നില്ലായിരുന്നെങ്കിൽ മുഴുലോകവും അഴുകിയ മാംസപിണ്ഡം പോലെയാകുമായിരുന്നു. അതാണ് ഖുർആൻ! ഇതിന്നെതിരിലുള്ള എല്ലാ രക്ഷാ മാർഗ്ഗങ്ങളും നിഷ്ഫലമാണ്.*(കശ്തിയെനൂഹ്,റൂഹാനീ ഖസാഇൻ വാള്യം 19, പേജ് 26)*

**06** വിശുദ്ധ ഖുർആൻ എങ്ങനെയുള്ള ഗ്രന്ഥമാണന്നാൽ, അത് തന്റെ മഹത്ത്വങ്ങളും തന്റെ യുക്തിജ്ഞാനങ്ങളും തന്റെ സത്യസാക്ഷ്യങ്ങളും തന്റെ സാഹിതീയ സൗന്ദര്യങ്ങളും തന്റെ ഗോപ്യമായ കാര്യങ്ങളും സാധാരണക്കാർക്ക് സുഗ്രഹമല്ലാത്ത കാര്യങ്ങളും ആത്മീയപ്രകാശങ്ങളും സ്വന്തം വാദിച്ചു. അത് അതുല്യമാണെന്ന് അതുതന്നെ പ്രകടിപ്പിച്ചിരിക്കുന്നു. കേവലം മുസ്‌ലിമീങ്ങളാണ് അതിന്റെ ഗുണവിശേഷങ്ങൾ അംഗീകരിക്കുന്നതെന്ന കാര്യമല്ല. പ്രത്യുത അത് സ്വയമേവ അതിന്റെ സവിശേഷഗുണങ്ങളേയും ശ്രേഷ്ഠതകളേയും വിവരിക്കുന്നു. അത് അതുല്യവും അനുപമവുമാണെന്ന കാര്യം എല്ലാ സൃഷ്ടികൾക്കുമുമ്പിലും അവതരിപ്പിക്കുന്നു. അത്യുച്ചത്തിൽ **ഹൽമിൻമുആരിള്**ന്റെ പെരുമ്പറ അടിക്കുന്നു. സൂക്ഷ്മ ജ്ഞാനങ്ങളും പരമാർഥങ്ങളും അതിന്റേത് ഒന്നോരണ്ടോ അല്ല; അജ്ഞ

ശേഷം പേജ് 6 ൽ

ലേഖനം 01

# ദൈവാസ്തിക്യം; ദുആ സ്വീകാര്യതയുടെ വെളിച്ചത്തിൽ

**മുഹമ്മദു കരീമുദ്ദീൻ ശാഹിദ്, സ്വദ്ർ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ**

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

وَاِذَا سَاَلَكَ عِبَادِیۡ عَنِّیۡ فَاِنِّیۡ قَرِیۡبٌ ؕ اُجِیۡبُ دَعۡوَۃَ الدَّاعِ اِذَا دَعَانِ ۙ فَلۡیَسۡتَجِیۡبُوۡا لِیۡ وَلۡیُؤۡمِنُوۡا بِیۡ لَعَلَّهُمۡ یَرۡشُدُوۡنَ ﴿۱۸۷﴾

എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോട് ചോദിക്കുന്ന പക്ഷം (പറയുക) നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർഥിക്കുന്നവന്റെ പ്രാർഥനയ്ക്ക് ഞാൻ ഉത്തരം ന്ലികും; അവൻ എന്നെ വിളിച്ചു പ്രാർഥിക്കുമ്പോൾ. അതുകൊണ്ട് അവർ എന്റെ വിളിക്കുത്തരം നല്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ; അവർ സന്മാർഗം പ്രാപിക്കുന്നതിനുവേണ്ടി. (2:187)

ഈ വചനത്തിൽ അല്ലാഹു ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)തിരുമേനിയെ സംബോധന ചെയ്തുകൊണ്ട് പറയുന്നു, മുഹമ്മദേ!എന്റെ ദാസന്മാർ എന്റെ സത്തയെ സംബന്ധിച്ചും എന്റെ അസ്തിത്വത്തെ സംബന്ധിച്ചും നിന്നോടു ചോദിക്കുമ്പോൾ അതായത് അല്ലാഹുവിന്റെ അസ്തിത്വത്തിനുള്ള തെളിവെന്താണെന്ന് ചേദിക്കുമ്പോൾ അവരോടു ഞാൻ ഏറ്റവും അടുത്താണെന്ന് മറുപടി പറയുക. അതിന്റെ അടയാളമിതാണ്, അവൻ എന്നെ വിളിക്കുമ്പോൾ ഞാൻ അവന്റെ ദുആ സ്വീകരിച്ച് അതിന് മറുപടി നല്കുന്നു. അത് ഞാൻ ഉണ്ടെന്നുള്ളതിന് തെളിവാണ്. എന്റെ അസ്തിത്വം എന്തെങ്കിലും സംശയകരമായിട്ടുള്ളതല്ല. പ്രത്യുത ജീവസുറ്റ യാഥാർഥ്യമാണ്. ഞാൻ തന്നെയാണ് ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവും ഉടമസ്ഥനും. അവൻ ഈ സകല വ്യവസായശാലകളേയും നടത്തിക്കൊണ്ടിരിക്കുന്നു. അല്ലാഹു ഈ പരിശുദ്ധ വചനത്തിൽ, ആ ദൈവം വെറും പേരിനുള്ള രാജാവല്ലെന്നും താൻ സൃഷ്ടിച്ചിട്ടുള്ള നിയമത്തിന് വിധേയനല്ലെന്നും അതായത് ഏതെങ്കിലും രീതിയിൽ ഒരിക്കലും നിയമത്തിൽ മാറ്റം വരുത്താൻ കഴിയാത്തവനല്ലെന്നുമുള്ള കാര്യം വെളിപ്പെടുത്തുന്നു. അവൻ തന്റെ സുന്നത്തിനും വാഗ്ദാനത്തിനുമെതിരിൽ ഒന്നും പ്രവർത്തിക്കുകയില്ലെന്നത് സംശയമറ്റ കാര്യമാണ്. എന്നാൽ, അവൻ ജീവനുള്ളവനും ഭരണം നടത്തുന്നവനുമായ അല്ലാഹുവാണ്. അവൻ തന്റെ ദാസരുടെ ദുആകൾ കേൾക്കുന്നു. അവരിൽ ദൃഢഗാഢമായ ഫലങ്ങൾ ഉളവാക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ എത്ര മനോഹരമായാണ് പറഞ്ഞത്:

**തുജെ ദുൻയാ മെ ഹെ കിസ് നെ പുക്കാരാ**
**കെ ഫിർ ഖാലീ ഗയാ ഖിസ്മത്ത് കാ മാരാ**
**തൊ ഫിർ ഹെ കിസ് ഖദ്ർ ഉസ്കൊ സഹാറാ**
**കെ ജിസ് കാ തൂ ഹി സബ് സെ പ്യാരാ**
**ഹുവാ മെ തേരേ ഫള്ലോംകാ മുനാദീ!**
**ഫസുബ്ഹാനല്ലദീ അഖ്സൽ അആദീ**

ദുആ എന്ന പ്രശ്നത്തെ വ്യാഖ്യാനത്തോടും വിശദീകരണത്തോടും കൂടി വിവരിച്ചുകൊണ്ട് അതിൽ പ്രത്യേകമായ ശക്തി ചെലുത്തുക മാത്രമല്ല ഇസ്ലാം ചെയ്തത്, പ്രത്യുത മുസ്ലിമീങ്ങൾക്ക് ദുആയുടെ കർമപരമായ പാഠം നല്കാനും ദുആയുടെ ശീലമുള്ളവരാക്കാനും വേണ്ടി മനുഷ്യന്റെ എല്ലാ അനക്കമടക്കത്തോടുമൊപ്പം ഏതെങ്കിലുമൊക്കെ ദുആ നിശ്ചയിക്കുകയും ചെയ്തു;അവന്റെ ഒരു നിമിഷവും ദൈവസ്മരണയിൽനിന്ന് കാലിയായി പോകാതിരിക്കാൻ! തങ്ങൾക്ക് ജീവനുള്ളവനും സർവശക്തനുമായ ഒരു ദൈവമുണ്ടെന്നും അവൻ തങ്ങളുടെ ദുആ സ്വീകരിക്കുന്നുണ്ടെന്നും അതിന്റെ പോസിറ്റീവും നല്ലതുമായ സ്വാധീനഫലങ്ങൾ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നുവെന്നും അവരെ ഓർമപ്പെടുത്തിക്കൊണ്ടിരിക്കുന്നതിന്, അതു ഒരു ശീലമാക്കിമാറ്റുന്നതിന്. ഇക്കാലഘട്ടത്തിലെ ഇമാം ആഖിറുസ്സമാൻ സയ്യിദുനാ ഹദ്റത്ത് മിർസാഗുലാം അഹ്മദ് (അ) പറയുന്നു:'ദുആ അനാവശ്യവും നിരർഥവുമായ ഒരു കാര്യമാണെന്ന് അജ്ഞൻ വിചാരിക്കുന്നു. എന്നാൽ, ദുആ ഒന്നുകൊണ്ടുമാത്രമാണ് പ്രതാപവാനായ അല്ലാഹു തന്നെ അന്വേഷിക്കുന്നവരുടെമേൽ ജ്യോതിസ്സ് വെളിപ്പെടുത്തുന്നതെന്നും **അനൽഖദിർ**(ഞാൻ സർവശക്തൻ)ന്റെ ഇൽഹാം അവരുടെ ഹൃദയങ്ങളിൽ ഇടുന്നതെന്നും അജ്ഞന് അറിയില്ല. ദൃഢവിശ്വാസത്തിനുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഓരോരുത്തരും ഓർമിക്കുക, ഈ ജീവിതത്തിൽ ആത്മീയമായ വെളിച്ചം തേടുന്നവർക്ക് അല്ലാഹുവിന്റെ അസ്തിത്വത്തിൽ ദൃഢവിശ്വാസം നല്കുന്നതിനും എല്ലാ സംശയങ്ങളും സന്ദേഹങ്ങളും അകറ്റുന്നതിനുമുള്ള ഒരേയൊരു മാർഗം ദുആയാണ്.'*(അയ്യാമുസ്സുൽഹ്. റൂഹാനീ ഖസാഇൻ വാല്യം 14, പേജ് 239)*

വീണ്ടും പറഞ്ഞു: പരീക്ഷണങ്ങളിൽ തന്നെയാണ് ദുആകളുടെ വിസ്മയകരമായ സ്വഭാവങ്ങളും ഫലങ്ങളും വെളിപ്പെടുന്നത്. സത്യമെന്താണെന്നാൽ, നമ്മുടെ ദൈവം ദുആകൾ മുഖേനത്തന്നെ തിരിച്ചറിയപ്പെടുന്ന എന്നതാണ് വാസ്തവം.' *(മൽഫൂദാത്ത് വാല്യം 2, പേജ് 147, പ്രസാധനം ഖാദിയാൻ, 2003)*

ഇതുപോലെതന്നെ അവിടന്ന് പറയുന്നു: അല്ലാഹു വിശുദ്ധ ഖുർആനിൽ ഒരിടത്ത് തന്നെ തിരിച്ചറയിന്നതിന് ഈ അടയാളം നിശ്ചയിച്ചു. നിങ്ങളുടെ ദൈവം ഗതിമുട്ടിയവന്റെ പ്രാർഥനകൾ കേൾക്കുന്നവനാണ്. അവൻ പറയുന്നു: **അമ്മൻയ്യുജീബുൽമുള്ത്വർറ ഇദാ ദആഹു** ഗതിമുട്ടിയവൻ പ്രാർഥിക്കുമ്പോൾ ഉത്തരം നല്കുന്നതാരാണ്?(27:63)

അല്ലാഹു ദുആയുടെ സ്വീകരണത്തെ തന്റെ അസ്തിത്വത്തിനുള്ള അടയാളമായി പറയുമ്പോൾ എങ്ങനെയാണ് ബുദ്ധിമാനും ലജ്ജയുമുള്ള ആൾക്ക് ദുആ ചെയ്യുന്നതുകൊണ്ട് ദുആസ്വീകരിക്കുന്നതിനുള്ള ഒരു ലക്ഷണവും ക്രമീകരിക്കപ്പെടുന്നില്ലെന്നും അതൊരു ആചാരപരമായ കാര്യം മാത്രമാണന്നും അതിൽ ആത്മീയത ഒട്ടുമില്ലെന്നും പറയാൻ കഴിയുക? അത്തരം അനാദരവ് സത്യവിശ്വാസികളായ ആരും ചെയ്യുമെന്ന് ഞാൻ കരുതുന്നില്ല. ഭൂമിയുടേയും ആകാശത്തിന്റേയും വിശേഷഗുണത്തിൽ ചിന്തിക്കുന്നതുകൊണ്ട് സത്യവാനായ ദൈവം തിരിച്ചറിയപ്പെടുന്നുവെന്ന് പ്രതാപവാനായ അല്ലാഹു പറയുമ്പോൾ അപ്രകാരം ദുആയുടെ സ്വീകാര്യത കാണുന്നതുകൊണ്ടും അല്ലാഹുവിൽ ദൃഢവിശ്വാസമുണ്ടാകുന്നു.'*(അയ്യാമുസ്സുൽഹ്, റൂഹാനീ ഖസാഇൻ വാല്യം 14, പേജ് 259)*

ലോകമതങ്ങളുടെ ചരിത്രങ്ങളിൽനിന്നും പാരമ്പര്യങ്ങളിൽനിന്നും, അല്ലാഹുവിൽനിന്ന് നിയോഗിതനാകുന്ന എല്ലാ നബിമാരും ദുആ സ്വീകാര്യത മുഖേന ജീവനുള്ള ദൈവത്തിന്റെ അസ്തിത്വത്തിനുള്ള തെളിവു നല്കിയെന്ന കാര്യം വ്യക്തമായ നിലയിൽ നമുക്ക് കാണാൻ കഴിയുന്നു. വിശുദ്ധ ഖുർആൻ ധാരാളം നബിമാരുടേയും അവരുടെ എതിരാളികളുടേയും കാര്യം എടുത്തു പറഞ്ഞുകൊണ്ട് ദുആ സ്വീകാര്യതയുടെ ധാരാളം സംഭവങ്ങൾ വിവരിച്ചിട്ടുണ്ട്. ഹദ്റത്ത് ആദം(അ)ന്റെ തന്നെ ദുആയുടേയും അല്ലാഹുവുമായിട്ടുള്ള അദ്ദേഹത്തിന്റെ ബന്ധത്തിന്റേയും സ്വാധീനംതന്നെയാണ് അക്കാലത്തെ ധിക്കാരിയും അഹങ്കാരിയുമായ നേതാവ് ഇബ്ലീസും അയാളുടെ ശിങ്കിടികളും നശിച്ചൊടുങ്ങിയത്. അവർ ദൈവസന്നിധയിൽനിന്ന് പുറന്തള്ളപ്പെട്ടു. ഹദ്റത്ത് നൂഹ്(അ)ന്റെ ജനത അദ്ദേഹത്തെ കളവാക്കിക്കൊണ്ട് ഒരുപാട് ബുദ്ധിമുട്ടിക്കുകയും അപമാനിക്കുകയും ചെയ്തു. അദ്ദേഹം ദുആ ചെയ്തു: **റബ്ബി ലാ തദർ അലൽഅർളി മിനൽകാഫിരീന ദയ്യാറൻ**(നൂഹ്:27) എന്റെ നാഥാ! ഈ ഭൂമിയിൽ(നാട്ടിൽ) അവിശ്വാസികളിൽ ഒരു വീട്ടുകാരനേയും നീ വസിക്കാൻ വിടരുതേ. അതിന്റെ ഫലമായി എത്രശക്തമായ പ്രളയമാണുണ്ടായത്. എല്ലാസ്ഥലങ്ങളും നശിച്ചൊടുങ്ങി. നൂഹിന്റെ കൂടെ കപ്പലിൽ ഉണ്ടായിരുന്നവർമാത്രം രക്ഷപ്പെട്ടു. ഹദ്റത്ത് ഇബ്റാഹീം(അ)ന്റെ ദുആയുടെ ഫലമെന്തായിരുന്നു. നംറൂദിന്റെ അഗ്നി പൂന്തോട്ടമായി പരിവർത്തനം ചെയ്യപ്പെട്ടു. ഇതു അവിടത്തെതന്നെ ദുആയുടെ അത്ഭുതകൃത്യമായിരുന്നു. അവിടത്തെ സന്തതികളിൽ തലമുറ തലമുറയായി അസംഖ്യം നബിമാർ നിയോഗിതരായി. അവരിൽ പ്രധാനപ്പെട്ടവരായിരുന്നു ഹദ്റത്ത് മൂസാ, ഹദ്റത്ത് ഈസാ(അ). പിന്നീട് അവസാനത്തിൽ നമ്മുടെ പ്രിയപ്പെട്ട യജമാനർ ഹദ്റത്ത് മുഹമ്മദ് അറബി(സ)ഖാത്തമുന്നബിയ്യീന്റെ കിരീടം തന്റെ തലയിൽ അണിഞ്ഞുകൊണ്ട് ലോകത്ത് വെളിപ്പെട്ടു. ഇത് ഹദ്റത്ത് മൂസാ(അ)ന്റെ ദുആയുടെ തന്നെ ഫലമായിരുന്നു അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്ന ഒരു നിസാര വടി മാജിക്കാരുടെ മാജിക്കിന്നെതിരിൽ പെരുമ്പാമ്പായിത്തീർന്നു. അത് മാജിക്കുകാരുടെ വിശ്വാസത്തിന് കാരണമായിത്തീർന്നു. ഫിർഔനെപ്പോലുള്ള അക്രമിയും സ്വേച്ഛാധിപതിയുമായ രാജാവ് തന്റെ പൂർണമായ സൈന്യസന്നാഹത്തോടൊപ്പം ഇസ്റായീൽകാരെ പിന്തുടർന്നു. അവിടത്തെ ജനത പരിഭ്രാന്തരായി അനിയന്ത്രിതമായി വിളിച്ചു പറഞ്ഞു: **ഇന്നാ ലമുദ്റക്കൂൻ** ഏ മൂസാ നമ്മൾ ഇതാ പിടിക്കപ്പെട്ടിരക്കുന്നു. പക്ഷേ, അല്ലാഹു ഹദ്റത്ത് മൂസാ(അ)യുടെ പ്രാർഥനകൾ സ്വീകരിച്ചു. അവിടന്ന് ജനതയെ സമാധാനപ്പെടുത്തി. കല്ലാ ഇന്ന മയിയ റബ്ബീ സയഹ്ദീൻ (26:43) ഇല്ലാ ഇല്ലാ ഒരിക്കലും അങ്ങനെയുണ്ടാവില്ല. എന്റെ റബ്ബ് തീർച്ചയായും എന്നോടൊപ്പമുണ്ട്. അവൻ എനിക്ക് വിജയത്തിന്റെ മാർഗം കാണിക്കുന്നതായിരിക്കും. അതിന്റെ ഫലമെന്തായി?

ഫിർഔനും അയാളുടെ സൈന്യവും മുങ്ങിപ്പോയി. മൂസായുടെ ജനത സുരക്ഷിതരായി കൻആനിലേക്ക് പോയി.

ഹദ്റത്ത് ഈസാ(അ)യെ യഹൂദികൾ കള്ളവാദിയെന്നു പറഞ്ഞ് കുരിശിൽതറച്ചു കൊല്ലാൻ ആഗ്രഹിച്ചു. ശാപമരണം വരിച്ച് കള്ളവാദിയാണെന്ന് ജനങ്ങൾ പറയാൻ. എന്നാൽ, ഹദ്റത്ത് മസീഹ് ഗത്ശമനതോട്ടത്തിൽ രാത്രി മുഴുവൻ കരഞ്ഞുകരഞ്ഞു ദുആ ചെയ്തു. കഴിയുമെങ്കിൽ എന്നിൽനിന്ന് ഈ പാനപാത്രം നീക്കേണമേ. കുരിശിൽ അദ്ദേഹത്തെ തറച്ചപ്പോൾ വീണ്ടും ദുആ ചെയ്തു. ഏലി ഏലി ലമാ ശബക്തനീ എൻ ദൈവമേ, എൻദൈവമേ നീ എന്നെ കൈവിട്ടതെന്തേ? ഇത് അതേ ദുആയുടെ സ്വീകാരത്തിന്റെ ഫലമാണ് ഹദ്റത്ത് ഈസാ(അ)യെ അല്ലാഹു കുരിശിന്റെ ശാപമരണത്തിൽനിന്ന് രക്ഷിച്ചുവെന്ന് മാത്രമല്ല പ്രത്യുത കുരിശിൽനിന്ന് അദ്ദേഹം ജീവനോടെ ഇറക്കപ്പെട്ടു. പിന്നീട് മുറിവുകളിൽ മരുന്നു വെച്ചുകെട്ടിയ ശേഷം അദ്ദേഹം യരുശലേമിൽനിന്ന് ഹിജ്റത്ത് ചെയ്ത്, കശ്മീർവരെ സുദീർഘമായി സഞ്ചരിച്ചു.

ഭാരതമെന്ന മണ്ണിൽ ഹദ്റത്ത് ശ്രീ രാമചന്ദ്രന്റെ ദുആയുടെ ഫലംതന്നെയാണ് വനവാസത്തിന്റേയും നാടുകടത്തലിന്റേയും നിരലംബമായ ജാവിതമായിരുന്നിട്ടും രാവണനെപ്പോലെയുള്ള അക്രമിയും ശക്തവാനുമായ രാജാവിന്റെ നാശമുണ്ടാകുകയും ലങ്കയുടെമേൽ വിജയം കരസ്ഥമാകുകയും ചെയ്തു. ഹദ്റത്ത് ശ്രീകൃഷ്ണന്റെ ദുആയുടെ ഫലമായിരുന്നു, കംസനെപ്പോലുള്ള പാപിയും പ്രതാപവാനുമായ രാജാവ് അദ്ദേഹത്തിന്നെതിരിൽ നശിച്ചു. കൗരവരുടെ ആധിക്യമുണ്ടായിട്ടും ഹദ്റത്ത് കൃഷ്ണന്റെ ദുആയും ഉപദേശവുംകൊണ്ട് പാണ്ഡവന്മാർക്ക് വിജയമുണ്ടായെന്ന് മാത്രമല്ല ഗീതയെപ്പോലുള്ള പരിശുദ്ധ ഗ്രന്ഥത്തിന്റെ ജ്ഞാനം ലോകത്തിന് ലഭിച്ചു. എല്ലാവരെക്കാളുമുപരി നമ്മുടെ പ്രിയപ്പെട്ട യജമാനർ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യുടെ സത്ത ശരീരധാരിയായി ദുആ ആയിരുന്നു. നബി(സ) തിരുമേനിയുടെ ദുആയുടെ ഫലമായി ലോകത്ത് അല്ലാഹു ആ മഹത്തായി വിപ്ലവമുണ്ടാക്കി. ശക്തമായ എതിർപ്പുണ്ടായിട്ടും നബി(സ)തിരുമേനിക്കും അവിടത്തെ അനുയായികൾക്കും ഇപ്രകാരംതന്നെ ഇസ് ലാമിന് വിപാടനം ചെയ്യാൻ അങ്ങേയറ്റം പരിശ്രമമുണ്ടായിട്ടും കുറച്ചുവർഷത്തിനുള്ളിൽതന്നെ അറേബ്യൻ ദേശത്ത് വ്യാപിച്ചുവെന്ന് മാത്രമല്ല, പ്രത്യുത മെല്ലെ മെല്ലെ മുഴു ലോകത്തും ഇസ്‌ലാം ചർച്ചയായി.

ഈ മഹത്തായ പിപ്ലവത്തെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ലക്ഷക്കണക്കിനുള്ള മൃതന്മാർ ഏതാനും ദിനങ്ങൾകൊണ്ട് ജീവനുള്ളവരായി മാറുകയും തലമുറതലമുറകളായ് വഴിപിഴച്ചുപോയവർ ദിവ്യവർണം സ്വീകരിച്ചവരായി രൂപാന്തരപ്പെടുകയും ചെയ്യുക എന്ന അത്ഭുതപ്രതിഭാസം അറേബ്യൻ മരുഭൂമിയിൽ സംഭവിച്ചു. കുരുടന്മാർ കാണുവാൻ തുടങ്ങുകയും ഊമകളുടെ നാവുകളിൽ ദിവ്യജ്ഞാനം പ്രവഹിക്കുകയും ചെയ്തു. മുമ്പൊരിക്കലും ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു ചെവിയും കേട്ടിട്ടില്ലാത്തതുമായ വിപ്ലവമാണ് സംഭവിച്ചത്. ഇതെന്തായിരുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? ഇതെല്ലാം ഇരുൾമുറ്റിയ രാത്രികളിൽ, അല്ലാഹുവിൽ പൂർണമായും ലയിച്ച ഒരാളുയർത്തിയ ഉള്ളുരുകിയ പ്രാർഥനകളുടെ ഫലമായിരുന്നു. അത് ലോകത്തെ ശബ്ദായമാനമാക്കി. അങ്ങനെ ആ നിരക്ഷനരനും നിസ്സഹായനുമായ വ്യക്തിയുടെ കൈയാൽ തികച്ചും അസാധ്യമായിത്തോന്നിയ ഈ മഹാത്ഭുതം വെളിപ്പെടുമാറായി. ഓ അല്ലാഹുവേ! മുസ്‌ലിം സമുദായത്തിനുവേണ്ടി അവിടന്ന് പ്രകടിപ്പിച്ച ഉത്കണ്ഠയ്ക്കും അനുഭവിച്ച കഷ്ടപ്പാടുകൾക്കും അനുസരിച്ച വിധം അദ്ദേഹത്തിൽ നീ അനുഗ്രഹങ്ങളും സലാമും ഇറക്കുകയും അദ്ദേഹത്തിന്റേമേൽ നിന്റെ കാരുണ്യത്തിന്റെ ദീപ്തിപ്രകർഷം എന്നുമെന്നും ചൊരിയുകയും ചെയ്യേണമേ!' *(ബറകാത്തുദ്ദുആ, റൂഹാനീഖസാഇൻ വാള്യം 6, പേജ് 10-11)*

അല്ലാഹു തന്റെ അസ്തിത്വത്തിനുള്ള തെളിവായി താൻ നിയോഗിച്ചയക്കുന്നവരുടേയും മുർസലീംകളുടേയും ദുആകൾ ധാരാളമായി സ്വീകരിക്കുന്നു. ഈ വിഷയം എത്രമാത്രം വിശാലമാണെന്നാൽ എല്ലാ സംഭവങ്ങളും വിവരിക്കുക എന്നത് സമുദ്രത്തെ കൂജയിൽ ഒതുക്കുന്നതുപോലെയാണ്. എങ്കിലും ചില സംഭവങ്ങൾ സമർപ്പിക്കുകയാണ്.

സയ്യിദുനാ ഹദ്റത്ത് മുഹമ്മദുമുസ്തഫാ(സ)നുബുവ്വത്ത് വാദം പുറപ്പെടുവിച്ചു. അപ്പോൾ ആ മഹാത്മാവിനെ സ്വദൂഖെന്നും അമീനെന്നും വിളിച്ച് ആദരിച്ചിരുന്നവർ അദ്ദേഹത്തെ കളവാക്കിയെന്നുമാത്രമല്ല, പ്രത്യുത ആ മഹാത്മാവിനേയും അനുയായികളേയും കഠിനമായി ബുദ്ധിമുട്ടിക്കുകയും ചെയ്തു. നബി(സ)തിരുമേനിയെ വധിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു. അവിടത്തെ ധാരാളം സ്നേഹിതന്മാരെ വധിക്കുകയും ചെയ്തു. ആ ഭയാനകമയാ കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ എതിർത്തിരുന്നത് മക്കയിലെ സ്വാധീനമുള്ള രണ്ടു നേതാക്കന്മാർ ആയിരുന്നു. ഒന്ന് അംറ് ബിൻ ഹിശാമും(അബൂജഹൽ)രണ്ടാമത്തേത് ഉമർ ബിൻ ഖത്ത്വാബും. നബി(സ)തിരുമേനി അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഇങ്ങനെ ദുആ ചെയ്തു. അല്ലാഹുവേ!അംറ് ബിൻ ഹിശാം(അബൂജഹ്ൽ)ഉമർ ബിൻ ഖത്ത്വാബ് എന്നീ രണ്ടു വ്യക്തികളിൽനിന്ന് നീ ഇഷ്ടപ്പെടുന്ന ഒരാളെക്കൊണ്ട് ഇസ്‌ലാമിന് അന്തസ്സും ശക്തിയും നല്കേണമേ.' *(തിർമുദി, കിതാബുൽമനാഖിബ്, ബാബ് 18)*

അല്ലാഹു നബി(സ)തിരുമേനിയുടെ ഈ ദുആ അത്ഭുതകരമായ നിലയിൽ സ്വീകരിച്ചതാണ് പിന്നീട് ലോകം കണ്ടത്. വീട്ടിൽനിന്ന് നബി(സ) തിരുമേനിയെ വധിക്കാൻ ഊരിപ്പിടിച്ച വാളുമായി ഇറങ്ങിപുറപ്പെട്ട അതേ ഉമർ സ്വയം വിശുദ്ധ ഖുർആനിന്റെ ഗംഭീരമായ സന്മാർഗവും ദുആയുടെ വാളാലുള്ള ആക്രമണവുംകൊണ്ട് മുറിവേറ്റ് മുസ്‌ലിമായി. ഇതുമുഖേന മുസ്‌ലിമീങ്ങൾക്ക് വലിയ ധൈര്യമാണ് ലഭിച്ചത്. മക്കയിലെ മുശ്രിക്കീങ്ങൾ മുസ് ലിമീങ്ങളുടെ ജീവിതകാലം ഞെരുക്കത്തിലാക്കിയപ്പോൾ നബി(സ)തിരുമേനിയുടെ സ്വാഹാബത്തിന് മക്കയിൽനിന്ന് ഹിജ്റത്ത് ചെയ്ത് മദീനയിൽവന്ന് താമസിക്കേണ്ടി വന്നു. പക്ഷേ, ഹിജ്റത്തിനു ശേഷം ഒരു വർഷം പൂർത്തിയായതേയുള്ളു ഹിജ്റ 2-ൽ മക്കിയിലെ മുശ്രിക്കീങ്ങൾ മദീനയിൽ ആക്രമണം നടത്തി മുസ്‌ലിമീങ്ങളെ നശിപ്പിക്കാൻ തീരുമാനിച്ചു. ആ നേരത്ത് ബദർ എന്ന സ്ഥലത്ത് ഉണ്ടായ യുദ്ധത്തിൽ മുസ്‌ലിമീങ്ങളുടെ അംഗസംഖ്യ കേവലം 313 ആയിരുന്നു. അവർ ഏകദേശം നിരായുധരായിരുന്നു. സത്യനിഷേധികളുടെ സൈന്യം ആയുധധാരികളും യുദ്ധപ്രിയരുമായ 1000 പേരടങ്ങിയതായിരുന്നു. ഈ അവസരത്തിൽ നബി(സ)തിരുമേനി അങ്ങേയറ്റം വിലപിച്ച് ദുആ ചെയ്തു. 'അല്ലയോ മൗലാ! ഇന്ന് നീ ഏകദൈവവിശ്വാസികളായ ചെറിയസംഘത്തെനശിപ്പിച്ചാൽ പിന്നെ ആരാണ് നിന്നെ ആരാധിക്കുക?' *(ബുഖാരി കിതാബുൽമഗാസി, ബാബ് 4)*

ബദ്റിലെ കുടിലിൽ ചെയ്യപ്പെട്ട വിലാപംനിറഞ്ഞ വേദനാജനകമായ ഈ ദുആ തന്നെയായിരുന്നു, അല്ലാഹുവിന്റെ തിരുസന്നിധയിൽ സ്വീകരിക്കപ്പെട്ടപ്പോൾ അവൻ ഒരുപിടി പൊടിക്കല്ലുകളെ ശക്തമായ കൊടുങ്കാറ്റാക്കി മാറ്റി. നിരായുധരായ 313 മുസ്‌ലിമീങ്ങൾക്ക് ആയിരം ആയുധധാരികളായ മുശ് രിക്കീങ്ങളുടെമേൽ വിജയം പ്രദാനം ചെയ്തു.

ജീവനുള്ള ദൈവത്തിന്റെ ജീവസുറ്റ അസ്തിത്വത്തിന്റെ മറ്റൊരു സംഭവം നബി(സ)തിരുമേനിയുടെ ജീവിതത്തിൽ ഇറാൻരാജാവായ ഖുസ്റോപർവേസ് രണ്ടാമൻ യഹൂദികളുടെ പ്രേരണകൊണ്ട് നബി(സ)തിരുമേനിയെ അറസ്റ്റുചെയ്യാനുള്ള കല്പന തന്റെ യമനിലെ ഗവർണരായ ബാദാന് നല്കുയുണ്ടായി; നുബുവ്വത്ത് വാദിയായ മുഹമ്മദിനെ പിടിച്ച് എന്റെ അടുത്ത് അയക്കുക! അങ്ങനെ നബി(സ)തിരുമേനിയെ പിടിച്ചുകൊണ്ടുവരുന്നതിന് ബാദാൻ രണ്ടു പട്ടാളക്കാരെ മദീനയിലേക്ക് അയച്ചു. ആ ദൂതന്മാർ നബി(സ)തിരുമേനിയെ ഈ കല്പന കേൾപിച്ചു. ഒപ്പംതന്നെ, നബി(സ)തിരുമേനി കിസ്റായുടെ കല്പനയെ നിഷേധിക്കുകയാണെങ്കിൽ നബി(സ)തിരുമേനിയേയും അദ്ദേഹത്തിന്റെ നാടിനേയും നശിപ്പിക്കുന്നതായിരിക്കുമെന്ന മുന്നറിയിപ്പും നല്കി. നബി(സ)തിരുമേനി അവർക്കു മറുപടി നല്കി, നിങ്ങൾ നാളെ രാവിലെ വന്ന് എന്നെ കാണുക. അങ്ങനെ നബി(സ)തിരുമേനി രാത്രിയിൽ അല്ലാഹുവിനോടു ദുആ ചെയ്തു. പ്രതാപവാനായ അല്ലാഹു നബി(സ)തിരുമേനിയെ അറിയിച്ചു, കിസ്റായുടെ ധൃഷ്ടതയുടെ ശിക്ഷയായി നാം അയാളുടെമേൽ അയാളുടെ മകനെ അധികാരം ഏല്പിച്ചിരിക്കുന്നു. അങ്ങനെ രാവിലെ ആ രണ്ടു ദൂതന്മാരെ നബി(സ)തിരുമേനി അറിയിച്ചു, പോകുക ഇന്നത്തെ രാത്രി എന്റെ ദൈവം നിങ്ങളുടെ ദൈവത്തെ വധിച്ചിരിക്കുന്നു. അങ്ങനെതന്നെ വെളിപ്പെട്ടു. ഏതു രാത്രിയാണോ നബി(സ)തിരുമേനിയെ അല്ലാഹു ഇറാനിലെ രാജാവായ ഖുസ്റോപർവേസ് രണ്ടാമന്റെ വധത്തെസംബന്ധിച്ച് വിവരം നല്കിയത് ആ രാത്രി അയാളുടെ മകൻ ശേർവിയ അയാളെ ഇംഗ്ലീഷിൽ ടശ്യീരൈ എന്നാണ് പറയുന്നത് അനാൻഭരണം തന്റെ കൈയിലെടുത്തു. യമനിലെ ഗവർണറോടു നിർദേശിച്ചു, എന്റെ പിതാവ് ഏതൊരു നുബുവ്വത്ത് വാദിയെയാണോ അറസ്റ്റുചെയ്യാൻ കല്പിച്ചത് ഞാൻ അത് കാലഹരണപ്പെടുത്തുകയാണ്! സുബ്ഹാനല്ലാഹ്.

ഈ വാർത്ത കേട്ട് യമൻ ഗവർണരായ ബാദാൻ മാത്രമല്ല പ്രത്യുത ആ പ്രദേശത്ത് താമസിക്കുന്ന ഒരുപാട് ഇറാനികളും ഇസ്‌ലാം സ്വീകരിച്ചു. **ഫൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ.**

ദുആ സ്വീകാര്യതയുടെ സംഭവങ്ങൾ കേവലം കഴിഞ്ഞ കാലത്ത് നടന്ന കാര്യങ്ങളല്ല. പ്രത്യുത അല്ലാഹു തന്റെ ജീവസുറ്റ അസ്ത്വിത്തിനുള്ള തെളിവ് നല്കുന്നതിനുവേണ്ടി നമ്മുടെ കാലത്തും നബി(സ)തിരുമേനിയുടെ സത്യസേവകനായ സയ്യിദുനാ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനിയേയും നിയോഗിച്ചു. അവിടന്ന് പറയുന്നു: 'നമ്മുടെ ജീവിച്ചിരിക്കുന്നവനും എല്ലാത്തിനേയും നിലനിറുത്തുന്നവനുമായ അല്ലാഹു നാമുമായി

മനുഷ്യരെപോലെ സംസാരിക്കുന്നു. നാം ഏതെങ്കിലും ഒരു കാര്യം ചോദിക്കുകയും ദുആ ചെയ്യുകയും ചെയ്യുമ്പോൾ കരുത്തുറ്റ വാക്കുകളോടുകൂടി അവൻ മറുപടി നല്കുന്നു. ഈ പരമ്പര ആയിരംവട്ടം തുടർന്നാലും അവൻ മറുപടി തരാതിരിക്കുന്നില്ല. അവൻ തന്റെ സംസാരത്തിൽ അത്ഭുതകരമായ അദൃശ്യകാര്യങ്ങൾ വെളിപ്പെടുത്തുന്നു. അത്ഭുതകരമായ ശക്തിപ്രഭാവങ്ങളുടെ ദൃശ്യങ്ങൾ കാണിക്കുന്നു. അവൻ തന്നെയാണ് അതെന്ന് ഉറപ്പുവരുത്തിത്തരുന്നു. അവനെ ദൈവം എന്നു പറയേണ്ടതാണ്.' *(നസീമെ ദഅ്വത്ത് പേജ് 82, റൂഹാനീ ഖസാഇൻ വാല്യം 19)*

അല്ലാഹുവിന്റെ അസ്തിത്വത്തിനുള്ള തെളിവിൽ ഹദ്റത്ത് അഹ്മദ്[അ]തന്റെ ഗ്രന്ഥമായ ഹഖീഖത്തുൽ വഹ്‌യിൽ 208 ദൃഷ്ടാന്തങ്ങൾ വിവരിച്ചിരിക്കുന്നു. അതിൽനിന്ന് ദുആ സ്വീകാര്യതയുടെ വെറും ഒരു ദൃഷ്ടാന്തം സമർപിക്കുകയാണ്. അത് ജീവനുള്ള ദൈവത്തിന്റെ ജീവസുറ്റ അസ്തിത്വത്തിനുള്ള സംസാരിക്കുന്ന സാക്ഷിയാണ്. അവിടന്ന് പറയുന്നു:ഹൈദ്രാബാദ് ദക്കനിൽ താമസിക്കുന്ന അബുദുർറഹ് മാന്റെ മകൻ അബ്ദുൽകരീം നമ്മുടെ മദ്രസയിലെ ഒരു ഒരു വിദ്യാർഥിയായിരുന്നു. നിയതിനിയമപ്രകാരം അവനെ പേപ്പട്ടി കടിച്ചു. നാം ചികിത്സയ്ക്കായി അവനെ കസൗലിയിൽ അയച്ചു. ചികിത്സ വടന്നുകൊണ്ടിരുന്നു. പിന്നീട് ഖാദിയാനിൽ തിരിച്ചുവന്നു. കുറച്ചുദിവസം കഴിഞ്ഞപ്പോൾ പേവിഷം ബാധിച്ചിട്ടുള്ള ലക്ഷണങ്ങൾ കണ്ടു തുടങ്ങി. വെള്ളംകാണുമ്പോൾ ഭയപ്പെട്ടു. ഭയാനകമായ അവസ്ഥയാണ് ഉണ്ടായത്. അപ്പോൾ ആ നാടുപേക്ഷിച്ചുവന്ന കുട്ടിയ്ക്കുവേണ്ടി എന്റെ മനസ്സിൽ വല്ലാത്ത വേദന അനുഭവപ്പെട്ടു. ദുആ ചെയ്യാൻ ഒരു പ്രത്യേക ശ്രദ്ധ ഉണ്ടായി. ആ പാവം കുറച്ചു മണിക്കൂറുകൾക്കുശേഷം മരിക്കുമെന്ന് എല്ലാവർക്കും അറിയാമായിരുന്നു. ആ പാവത്തെ ബോർഡിംഗിൽനിന്ന് നീക്കി പ്രത്യേകമായ വീട്ടിൽ വളരെ സൂക്ഷ്മതയോടെ വെച്ചു. കസൗലിയിലെ ഇംഗ്ലീഷ് ഡോക്ടർമാരെ കമ്പിയടിച്ച് വിവരം അറിയിച്ചു. ഈ അവസ്ഥയിൽ അവനെന്തെങ്കിലും ചികിത്സയുണ്ടോ എന്ന് ചോദിക്കുകയും ചെയ്തു. അവരിൽനിന്ന് കമ്പിസന്ദേശം മുഖേന വിവരം ലഭിച്ചു:'ഇനി അവന് ഒരു ചികിത്സയുമില്ല.' എന്നാൽ, ആ സാധുവും അന്യനാട്ടുകാരനുമായ കുട്ടിയ്ക്കുവേണ്ടി എന്റെ മനസ്സിൽ വളരെ ശ്രദ്ധ ജന്മംകൊണ്ടു. എന്റെ സ്നേഹിതന്മാരും അവനുവേണ്ടി ദുആ ചെയ്യാൻ വളരെ നിർബന്ധംചെലുത്തി പറഞ്ഞു. കാരണം ആ നിരാശ്രയത്വത്തിന്റെ അവസ്ഥയിൽ ആ കുട്ടി അങ്ങേയറ്റം ദയാർഹനായിരുന്നു. ഇനി അവൻ മരിക്കുകയാണെങ്കിൽ വലിയതോതിൽ ശത്രുക്കൾ ആ മരണം കൊണ്ടാടുമെന്ന് ആശങ്കയുമുണ്ടായിരുന്നു. അപ്പോൾ എന്റെ മനസ്സ് അവനുവേണ്ടി കഠിനമായ വേദനയിലും അസ്വസ്ഥതയിലും അകപ്പെട്ടു. എന്റെ നിയന്ത്രണത്താലല്ലാതെ പ്രത്യുത അല്ലാഹുവിന്റെ ഭാഗത്തുനിന്നുണ്ടാകുകയാണെങ്കിൽ അല്ലാഹുവിന്റെ കല്പനയാൽ അത് അതിന്റെ ശക്തി കാണിക്കുകയും എത്രയും വേഗം മരിച്ചവൻ ജീവിക്കുന്നതുമാണ്. ചുരുക്കത്തിൽ അവനുവേണ്ടി **'ഇഖ്ബാൽ അലല്ലാഹ്'** യുടെ അവസ്ഥ ലഭ്യമായി. ആ ശ്രദ്ധ അതിന്റെ പാരമ്യതയിലെത്തുകയും ആ വേദന എന്റെ മനസ്സുമുഴവനും വലയം ചെയ്യുകയും ചെയ്തപ്പോൾ ആ രോഗിയുടെമേൽ, യഥാർഥത്തിൽ അവൻ മരിച്ചതായിരുന്നു-ദുആയിലുള്ള ആ ശ്രദ്ധയുടെ ലക്ഷണങ്ങൾ പ്രകടമാകാൻ തുടങ്ങി. അവൻ വെള്ളത്തെ ഭയപ്പെടുകയും പ്രകാശത്തിൽനിന്ന് ഓടിമറയുകയും ചെയ്തിരുന്നതാണ്, ക്ഷണത്തിൽ അവന്റെ പ്രകൃതി ആരോഗ്യത്തേലേക്ക് തിരിഞ്ഞു. തനിക്ക് വെള്ളത്തോടു ഭായം തോന്നുന്നില്ലെന്ന് അവൻ പറഞ്ഞു. അപ്പോൾ അവന് വെള്ളം നല്കപ്പെട്ടു. അവൻ ഒരു ഭയവുംകൂടാതെ വെള്ളം കുടിച്ചു. വെള്ളംകൊണ്ട് വുളു ചെയ്ത് നമസ്കരിക്കുകയും രാത്രി സുഖമായി ഉറങ്ങുകയും ചെയ്തു. ഭയാനകവും മൃഗീയവുമായ അവസ്ഥ നീങ്ങിപ്പോയി. കുറച്ചുദിവസംകൊണ്ട് പൂർണ ആരോഗ്യവാനായി. എന്റെ മനസ്സിൽ ക്ഷണത്തിൽ ഇടപ്പെട്ടു: അവനിലുണ്ടായ ഈ ഭ്രാന്തിന്റെ അവസ്ഥ അവനെ നശിപ്പിക്കുന്നതിന് വേണ്ടിയായിരുന്നില്ല;പ്രത്യുത അല്ലാഹുവിന്റെ ദൃഷ്ടാന്തം വെളിപ്പെടുന്നതിനുവേണ്ടിയായിരുന്നു. പേപ്പട്ടി കടിച്ചിട്ട് സുഖപ്പെടുകയും എന്നാൽ, വീണ്ടും പേഇളകുകയും ചെയ്ത ഒരു രോഗിയും രക്ഷപ്പെട്ടതായി കണ്ടിട്ടില്ലെന്ന് അനുഭവസിദ്ധരായ ആളുകൾ പറയുന്നു.' *(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ വാല്യം 22, പേജ് 480)*

ഇന്ന് മെഡിക്കൽ സയൻസ് അങ്ങേയറ്റം അഭിവൃദ്ധിപ്പെട്ട് മരുന്നില്ലാതിരുന്ന ധാരാളം രോഗങ്ങൾക്ക് മരുന്ന് കണ്ടുപിടിച്ചിട്ടുണ്ട്. പക്ഷേ ഇതും ഒരു യാഥാർഥ്യമാണ് പേപ്പട്ടികടിച്ചതിനുശേഷം ഇന്ന് Anti Rabbies ഇഞ്ചക്ഷൻ എടുക്കുന്നതുകൊണ്ട് രോഗി രക്ഷപ്പെടുന്നു. എന്നാൽ, വീണ്ടും പേഇളകിയാൽ ഇന്നും അതിനു ചികിത്സ ഇല്ലതന്നെ. ഈ ദൃഷ്ടാന്തം അല്ലാഹുവിന്റെ ശക്തിപ്രഭാവം പ്രകടമാക്കുന്നതും തന്റെ അസ്തിത്വത്തിന്റെ ജീവസുറ്റ തെളിവുമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്[അ]നുശേഷം അഹ്മദിയ്യ ജമാഅത്തിൽ നുബുവ്വത്തിന്റെ സരണിയിലുള്ള ഖിലാഫത്ത് സ്ഥാപിതമായി കഴിഞ്ഞിരിക്കുന്നു. അഹ്മദിയ്യ ജമാഅത്തിന്റെ ഖലീഫമാർ മുഖേനയും അല്ലാഹു ദുആ സ്വീകരിച്ചുകൊണ്ട് തന്റെ അസ്തിത്വത്തിനുള്ള തെളിവ് നല്കിക്കൊണ്ടിരിക്കുന്നു. തിരഞ്ഞെടുത്ത അല്പം ചിലത് പരാമർശിക്കുകയാണ്.

ഖലീഫത്തുൽമസീഹ് അവ്വൽ ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ[റ]ന്റെ കാലത്ത് നടന്ന സംഭവമാണ്. ഹദ്റത്ത് ചൗദരി ഹാക്കിം ദീൻ സാഹിബ് ഖാദിയാനിലെ ബോർഡിംഗ്ഹൗസിൽ ഒരു സാധാരണ ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹത്തിന്റെ ആദ്യകുട്ടി ജനിക്കുന്ന നേരത്ത് അദ്ദേഹത്തിന്റെ ഭാര്യയുടെ ബുദ്ധിമുട്ട് വളരെ അധികമായി. അദ്ദേഹം പറയുന്നു: ആ അവസ്ഥയിൽ മറ്റൊരുവഴിയും കാണാതെ വന്നപ്പോൾ രാത്രി 11 മണിക്ക് ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വലിന്റെ വീട്ടിലെത്തി. എനിക്ക് ഈ നേരത്ത് ഹുദൂറിനെ കാണാൻ കഴിയുമോ എന്ന് കാവൽക്കാരനോടു ചോദിച്ചു. കാവൽക്കാരനായ നെഗറ്റീവായ മറുപടിയാണ് നല്കിയത്. പക്ഷേ, ഹുദൂർ എന്റെ ശബ്ദം കേട്ടു. എന്നെ ഉള്ളിലേക്ക് വിളിച്ചു. ഞാൻ ഭാര്യയുടെ ബുദ്ധിമുട്ടിനെ കുറിച്ച് പറഞ്ഞു. അദ്ദേഹം ഈത്തപ്പഴത്തിൽ ദുആ ചെയ്ത് എനിക്കുതന്നു. ഇതുകൊണ്ടുപോയി ഭാര്യയ്ക്ക് കൊടുക്കാൻ പറഞ്ഞു. പ്രസവം നടന്നാൽ എന്നേയും വിവരം അറിയിക്കുക. ഹദ്റത്ത് ഹാക്കിം ദീൻ പറയുന്നു:ഞാൻ ആ ഈത്തപ്പഴം എന്റെ ഭാര്യയ്ക്കു കൊടുത്തു. അവൾ അതു കഴിച്ചു. ആ ഈത്തപ്പഴം അത്ഭുതകരമായ നിലയിൽ അതിന്റെ ശക്തി കാണിച്ചു. കുറച്ചു നേരത്തിനുശേഷം പെൺകുട്ടി പിറക്കുകയും ചെയ്തു. അദ്ദേഹം പറയുന്നു, രാത്രിനേരത്ത് ഹുദൂറിനെ ഉണർത്തുന്നത് ഉചിതമായി എനിക്ക് തോന്നിയില്ല. അവിടന്ന് ഉറങ്ങുകയായിരിക്കും. സ്വുബ്ഹി നമസ്കാരത്തിനുശേഷം ഹാജരാകുകയും എല്ലാ വിവരങ്ങളും പറയുകയും ചെയ്തു. അപ്പോൾ ഹുദൂർ പറഞ്ഞു, പെൺകുട്ടി പിറന്നതിനുശേഷം നിങ്ങൾ ഭാര്യയും ഭർത്താവും സുഖമായിട്ടുറങ്ങി. എന്നേയും അറിയിച്ചിരുന്നെങ്കിൽ എനിക്കും വിശ്രമിക്കാമായിരുന്നു. ഞാൻ രാത്രിമുഴുവൻ താങ്കളുടെ ഭാര്യയ്ക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ഈ സംഭവം വിവരിച്ചുകൊണ്ട് ഹാക്കിം ദീൻ സാഹിബ് അനിയന്ത്രിതമായി കരയാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു, 'പ്യൂണായ ഹക്കീം ദീൻ എവിടെ മഹാനായ നൂറുദ്ദീൻ എവിടെ.' *(അൽഫദ്ൽ ദിനപത്രം ദുആ, പേജ് നമ്പർ 44)*

ഇതാണ് അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫമാരുടെ തേജോവിലാസം!അവർ തങ്ങളുടെ ജമാഅത്തംഗങ്ങൾക്കുവേണ്ടി എത്രമാത്രം വാത്സല്യനിധിയും ദയാലുവുമാണെന്നാൽ, അവരുടെ ദുഃഖത്തെതങ്ങളുടെ നെഞ്ചകങ്ങളിൽ സമാഹരിച്ച് മുഴുവൻ രാത്രിയും പിടച്ച് പിടച്ച് അവരുടെ നന്മക്കും ക്ഷേമത്തിനും വേണ്ടി ദുകൾ ചെയ്യുന്നു. ഈ വികാരങ്ങളുടെ പ്രകടനം ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ[റ]ഒരിക്കൽ ജമാഅത്തിനെ സംബോധനചെയ്തുകൊണ്ട് പറഞ്ഞു: 'നിങ്ങൾക്കുവേണ്ടി വേദനിക്കുന്ന, നിങ്ങളെസ്നേഹിക്കുന്ന നിങ്ങളുടെ ദുഃഖത്തെ തന്റെ ദുഃഖമായി മനസ്സിലാക്കുന്ന നിങ്ങളുടെ ബുദ്ധിമുട്ടുകൾ സ്വന്തം ബുദ്ധിമുട്ടുകളായി മനസ്സിലാക്കുന്ന വ്യക്തി, നിങ്ങൾക്കുവേണ്ടി അല്ലാഹുവിന്റെ തിരുസന്നിധിയിൽ ദുആ ചെയ്യുന്നയാളാണ്......അദ്ദേഹം നിങ്ങൾക്കുവേണ്ടി യജമാനരുടെ തിരുസന്നിധയിൽ പിടച്ചുകൊണ്ടിരിക്കുന്നു.'

ഹദ്റത്ത് സയ്യിദ മെഹർ ആപാ സാഹിബ വിവരിക്കുന്നു:1953 ലെ കലാപങ്ങളുടെ കാലത്ത് അഹ്മദിയ്യത്തിനോടുള്ള ശത്രുത ഒന്നുകൊണ്ടുമാത്രം ഹദ്റത്ത് മിയാൻ നാസിർ അഹ്മദ് സാഹിബിനേയും (ഖലീഫത്തുൽ മസീഹ് ഥാലിഥ്)ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബിനേയും തടവിലാക്കുകയുണ്ടായി. രാത്രിയിലെ ഭക്ഷണനേരത്ത് അവരെ കുറിച്ച് സംസാരമുണ്ടായി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ]പറഞ്ഞു:'അല്ലാഹു അവരുടെമേൽ കരുണ ചൊരിയുമാറാകട്ടെ. അവരുടെമേൽ കുറ്റമൊന്നുമില്ലെന്ന കാരണത്താലാണ് അവർപിടിക്കപ്പെട്ടത്. അതുകൊണ്ട് എനിക്ക് എന്റെ അല്ലാഹുവിൽ തികവുറ്റ യഖീനും ഈമാനുമുണ്ട് അവൻ എത്രയും വേഗം അവരുടെമേൽ ഫദ്ൽ ചെയ്യുന്നതായിരിക്കും.'

അവർ പറയുന്നു: ഇശാ നമസ്കാരത്തിന് അദ്ദേഹം എഴുന്നേറ്റുനിന്നു. ദുആയിലുണ്ടായ വിലാപവും പിടച്ചിലും അസ്വസ്ഥതകളും എങ്ങനെയുള്ളതായിരുന്നുവെന്നാൽ എനിക്ക് അതൊരിക്കലും മറക്കാൻ കഴിയുകയില്ല. ഇതേ അവസ്ഥതന്നെയായിരുന്നു തഹജ്ജുദ് നമസ്കാരത്തിലും! അങ്ങനെ നേരം വെളുക്കുകയും പോസ്റ്റുവരുന്ന സമയം ആകുകയും ചെയ്തപ്പോൾ ആദ്യം കിട്ടിയ കമ്പിസന്ദേശം ഹദ്റത്ത് മിയാൻ നാസിർ അഹ്മദ് സാഹിബും (ഖലീഫത്തുൽമസീഹ് ഥാലിഥ്) ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബും മോചിതരായി എന്ന സന്തോഷവാർത്തയായിരുന്നു.

എത്രപെട്ടെന്നാണ് എന്റെ അല്ലാഹു എനിക്ക് ദുആ സ്വീകാര്യതയുടെ ദൃഷ്ടാന്തം കാണിച്ചത്. *(അൽഫള്ൽ ദിനപത്രം, ദുആ സ്പെഷ്യൽ, പേജ് 43)*

ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ്[റഹ്] ന്റെ കാലത്തെ സംഭവമാണ്. മുഹമ്മദ് അമീൻ ഖാലിദ് സാഹിബ് ജർമനിയിൽനിന്ന് വിവരിക്കുന്നു: ഇന്നേക്ക് 45 വർഷം മുമ്പേ എന്റെ മാറിടത്തിലെ എല്ലിൽ വേദനയുണ്ടായി. വിവിധ ഡോക്ടർമാരെക്കൊണ്ട് ചികിത്സിച്ചു. എല്ലാതരത്തിലുള്ള പരിശോധനകളും നടത്തി. പക്ഷേ, വേദനയ്ക്ക് ഒരു കുറവും വന്നില്ല. ഡോക്ടറും നിസ്സഹായനായി. എനിക്ക് ചികിത്സയില്ലെന്ന് പ്രഖ്യാപിച്ചു. പറഞ്ഞു, 'കുറച്ചുദിവസത്തെ ബാക്കിയുള്ള ജീവിതം ഇതേ ബുദ്ധിമുട്ടിൽ കഴിച്ചുകൂട്ടുക.' ഇക്കാലത്ത് 1980-ൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അഥ്ഥാലിഥ്[റഹ്]ഹംബർഗിൽ വന്നു. വരവേല്ക്കാൻ വേണ്ടി ഈ വിനീതൻ വരിയിൽനില്ക്കുകയായിരുന്നു. ഞാൻ ഹസ്തദാനം സ്വീകരിച്ചുകൊണ്ട് എന്റെ ബുദ്ധിമുട്ട് പറഞ്ഞു. ഡോക്ടർമാർ ചികിത്സയൊന്നുമില്ലെന്ന് പറഞ്ഞതായും അറിയിച്ചു.അതുകേട്ട് ഹുദൂർ വളരെ പ്രതാപപരമായ രീതിയിൽ പറഞ്ഞു:'സൗഖ്യമുണ്ടാകുകയില്ലെന്ന് ആരാണ് പറയുന്നത്? പിന്നീട് ഹുദൂർ എന്റെ കുപ്പായത്തിന്റെ ഒരു ബട്ടൻ തന്റെ അനുഗൃഹീത കൈകൾകൊണ്ട് ഊരുകയും എന്റെ നെഞ്ചിൽ ഒരു വൃത്തമുണ്ടാക്കുകയും ചെയ്തു. ഇവിടെയാണോ വേദനയുള്ളതെന്ന് ചോദിച്ചു. അതേ എന്ന് ഞാൻ പറഞ്ഞു. അപ്പോൾ ഹുദൂർ പറഞ്ഞു, നാം ദുആ ചെയ്യുന്നതാണ്. ഇൻശാ അല്ലാഹ് സുഖമാകുന്നതാണ്. പരിഭ്രമിക്കേണ്ട. അമീൻ സാഹിബ് പറയുന്നു: ഇന്ന് ആ സംഭവത്തിന് 35 വർഷം കഴിഞ്ഞിരിക്കുന്നു. ആ ദിവസവും ഇന്നത്തെ ദിവസവും എന്റെ അവസ്ഥ ആ ബുദ്ധിമുട്ട് എനിക്കൊരിക്കലും ഉണ്ടായിട്ടില്ലെന്നപോലെയാണ്.

**ഖുദ്റത്ത് സെ അപ്നീ ദാത്ത് കാ**
**ദേത്താഹെ ഹഖെ ഥബൂത്ത്**
**ഉസ് ബേനിശാൻ കി ചഹ്റ**
**നുമാഇ യഹീ തൊ ഹെ**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്[റഹ്]യുടെ ദുആ സ്വീകാര്യതയുടെ ഒരു സംഭവം ഈമാൻ വർധിപ്പിക്കുന്നതാണ്. പശ്ചിമാഫ്രിക്കയിലെ നഗരമായ ഘാനയിലെ ഒരു ചീഫ് നാനാ ഓജീഫോ ക്രിസ്ത്യാനിയായിരുന്നു. ഒരു സന്ദേഹവാദി ജനതയുമായിട്ടായിരുന്നു ബന്ധം. അദ്ദേഹത്തിന്റെ ഭാര്യയുടെ ഗർഭം ഓരോ പ്രാവശ്യവും അലസിപ്പോകുമായിരുന്നു. അദ്ദേഹം പാതിരിമാരുടേയും മന്ത്രിച്ചൂതുന്നവരുടേയും അടുത്ത് പോയി. എന്നാൽ, ഒരു ഫലവുമുണ്ടായില്ല. നാലിഭാഗത്തുനിന്നും നിരാശയായപ്പോൾ അഹ് മദിയ്യാ ജമാഅത്തിന്റെ ഇമാം അബ്ദുൽവഹ്ഹാബ് ആദം സാഹിബിന്റെ അടുത്തുവന്നു. അദ്ദേഹം പറഞ്ഞു: ഞാനൊരു ക്രിസ്ത്യാനിയാണ്. പക്ഷേ എനിക്ക് അതിലെ ദുആ സ്വീകാരത്തിന്റെ വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. അല്ലാഹു നിങ്ങളുടെ ദുആകൾ സ്വീകരിക്കുന്നുവെന്ന് ഞാൻ കേട്ടു. താങ്കൾ എനിക്കുവേണ്ടി എല്ലാ വിവരങ്ങളും വെച്ച് താങ്കളുടെ ഇമാമിന് ദുആയ്ക്കുവേണ്ടി എഴുതുക. അങ്ങനെ വഹ്ഹാബ് ആദം സാഹിബ് അദ്ദേഹത്തിന്റെ കത്ത് ഹുദൂറിന് അയച്ചുകൊടുത്തു. ഹുദൂർ മറുപടിയായി അദ്ദേഹത്തിനെഴുതി:താങ്കൾക്ക് ആൺകുട്ടി ഉണ്ടാകുന്നതാണ്. വളരെ സുന്ദരനും ദീർഘായുഷ്മാനുമായ കുട്ടിയായിരിക്കും. അങ്ങനെ അദ്ദേഹത്തിന്റെ ഭാര്യ ഗർഭംധരിച്ചപ്പോൾ ഡോക്ടർമാർ പറഞ്ഞു:ഈ കുട്ടി മരിച്ചുപോകുമെന്ന് മാത്രമല്ല, ഭാര്യയേയുംകൊണ്ടായിരിക്കും പോകുക. അതുകൊണ്ട് താങ്കൾ ഈ ഗർഭം അലസിപ്പിക്കുക. ആ ചീഫ് പറഞ്ഞു: ഒരിക്കലുമില്ല. എനിക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ കത്ത് വന്നിട്ടുണ്ട്. എന്റെ ഒരു നഷ്ടവം സംഭവിക്കുകയില്ലെന്നു മാത്രമല്ല എന്റെ കുട്ടിയ്ക്കും ഒരു നഷ്ടവുമുണ്ടാകുകയില്ല. അങ്ങനെ അല്ലാഹു അദ്ദേഹത്തിന് വളരെ സുന്ദരനും ആരോഗ്യവാനുമായ ആൺകുട്ടിയെ പ്രദാനം ചെയ്തു. അദ്ദേഹത്തിന്റെ ഭാര്യയും പൂർണമായും ആരോഗ്യവതിയായിരുന്നു. ദുആ സ്വീകാര്യതയുടെ ഈ ദൃഷ്ടാന്തം കണ്ട് അദ്ദേഹം ഖലീഫത്തുൽമാസീഹിന്റെ പരിശുദ്ധ കരങ്ങളിൽ ബയ്അത്തു ചെയ്തു.

**ഗയ്ർ മുംകിൻ കൊ യെ മുംകിൻ**
**മെ ബദൽ ദേത്തി ഹെ**
**ഏ മെരെ ഫൽസഫിയോ സോരെ**
**ദുആ ദേഘോ തൂ**

അവസാനമായി നമ്മുടെ പ്രിയപ്പെട്ട ഇമാം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദുഹുല്ലാഹു തആലായുടെ ദുആ സ്വീകാര്യതയുടെ ഒരു സംഭവം വിവരിക്കുകയാണ്. ഹുദൂർ 2004-ൽ ഘാനയിൽ പോയപ്പോൾ ഒരു അവസരത്തിൽ യാത്രക്കിടെ അവിടന്ന് ഘാനയ്ക്ക് 'ഘാനയുടെ മണ്ണിൽനിന്ന് എണ്ണ പുറപ്പെടുന്നതായിരിക്കും' എന്ന സുവാർത്ത അറിയിച്ചു. അങ്ങനെ 2008-ൽ ഹുദൂർ ഖിലാഫത്തു ജൂബിലിയുടെ അവസരത്തിൽ വീണ്ടും ഘാനയിൽ പോയപ്പോൾ ഘാനയുടെ പ്രസിഡന്റ് കൂടിക്കാഴ്ചക്കിടെ ഹുദൂറിനോടു പറഞ്ഞു, ഞങ്ങളുടെ രാജ്യത്തിനുവേണ്ടിയുള്ള ഹുദൂറിന്റെ ദുആകൾ സ്വീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഹുദൂർ കഴിഞ്ഞ പര്യടനാവസരത്തിൽ ഘാനയുടെ മണ്ണിൽ എണ്ണയുണ്ടെന്നും ഇവിടെനിന്ന് എണ്ണ പുറപ്പെടുമെന്നും പറഞ്ഞിരുന്നു. ഹുദൂറിന്റെ ഈ ദുആ വളരെ തേജോവിലാസത്തോടെ സ്വീകരിക്കപ്പെട്ടു. കഴിഞ്ഞ വർഷം ഘാനയിൽനിന്ന് എണ്ണ പുറത്തുവന്നു. ഇത് ഉദ്ധരിച്ചുകൊണ്ട് ഘാനയിലെ പ്രസിദ്ധപത്രം ഉമശഹ്യ ഏ്യമുവശരെ 2008 ഏപ്രിൽ 17 ലെ പത്രത്തിൽ ആദ്യപേജിൽ ഹുദൂറും ഘാന പ്രസിഡന്റും തമ്മിലുള്ള കൂടിക്കാഴ്ചയുടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചുകൊണ്ട് എഴുതി: ഖലീഫത്തുൽമസീഹ് തന്റെ 2004 ലെ ഘാന പര്യടനവേളയ്ക്കിടയിൽ 'ഘാനയിൽ എണ്ണയുടെ കണ്ടുപിടിത്തത്തിൽ വളരെ ശക്തമായ രീതിയിൽ തന്റെ ദൃഢവിശ്വാസം പ്രകടിപ്പിച്ചിരുന്നു. ഇതേ ദൃഢവിശ്വാസം കഴിഞ്ഞ വർഷം യാഥാർഥ്യമായി മാറി. ഘാനയുടെ മണ്ണിൽനിന്ന് എണ്ണ പുറത്തുവന്നു. *(അൽഫള്ൽ ദിനപത്രം, ദുആ നമ്പർ, 2015 ഡിസംബർ 28)*

വളരെ കുറച്ചു സംഭവങ്ങളാണ് ഉദാഹരണമെന്നോണം ഞാനിവിടെ പറഞ്ഞത്. ഇതു സംബന്ധമായി ഒരു ബൃഹത് ഗ്രന്ഥംതന്നെ രചിക്കപ്പെടാവുന്ന വിധം എണ്ണമറ്റ സംഭവങ്ങളുണ്ട്. ദുആസ്വീകാര്യതയുടെ സംഭവങ്ങൾ യഥാർഥത്തിൽ ദൈവാസ്തികൃത്തുനുള്ള തെളിവുകളാണ്. അത് വെളിപ്പെടുന്നതിന് തഖ്‌വാ, ആത്മാവിന്റെ പരിശുദ്ധി, വിനയം, എളിമ എന്നിവയാണ് ആവശ്യം. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:

**കോയി ഉസ് പാക് സെ**
**ജോ ദിൽ ലഗാദേ**
**കരേ പാക് ആപ് കൊ**
**തബ് ഉസ്കൊ പാവേ**
**ജോ ഖാക് മെ മിലേ ഉസേ**
**മിൽത്താ ഹെ ആശിനാ**
**ഏ ആസ്മാനേ വാലേ യെ**
**നുസ്ഖ ഭീ ആസ്മാ**

അവിടന്ന് പറഞ്ഞു: 'നാം ദുആ മുഖേന കാലേക്കൂട്ടി അല്ലാഹുവിൽനിന്ന് അറിവു നേടുന്നു. അപ്പോൾ നാം അല്ലാഹുവിനെ കാണുന്നുവെന്നപോലെ ദൃഢവിശ്വാസം വർധിക്കുന്നു...... ഈ ദുആതന്നെയാണ്, അതുമുഖേന ദൈവം തിരിച്ചറിയപ്പെടുന്നു. ആയിരക്കണക്കിന് പർദകൾക്കുള്ളിൽ മറഞ്ഞിരിക്കുന്ന പ്രതാപവാനായ ആ അസ്തിത്വത്തെ കുറിച്ച് അറിയാൻ കഴിയുന്നു.' *(അയ്യാമുസ്സുൽഹ്, റൂഹാനീ ഖസാഇൻ വാല്യം 22, പേജ് 238)*

ശേഷം പേജ് 02 ൽ

യാണെങ്കിൽ അവർതന്നെയാണ് ധിക്കാരികൾ. (സൂറ നൂർ:56)

ഈ ആയത്തിനെ സംബന്ധിച്ച് ഹദ്റത്ത് അലി ബിൻ ഹുസയ്ൻ(റ)പറഞ്ഞു:നസലത്ത് ഫിൽ മഹ്ദിയ്യി ഈ ആയത്ത് ഇമാം മഹ്ദിയെ കുറിച്ച് ഇറങ്ങിയതാണ്. ഇപ്രകാരംതന്നെ അബൂഅബ്ദുല്ലായിൽനിന്ന് നിവേദനം. ഇതുകൊണ്ടുള്ള ഉദ്ദേശ്യം മഹ്ദിയും അദ്ദേഹത്തിന്റെ ജമാഅത്തുമാണ്. *(ബിഹാറുൽ അൻവാർ വാല്യം 13, പേജ് 13)*




ശേഷം പേജ് 03 ൽ

നായ ആരെങ്കിലും സംശയിക്കാൻ! മറിച്ച് അതിന്റെ പരമാർഥങ്ങൾ സമുദ്രംപോലെ അടിച്ചുയർന്നുകൊണ്ടിരിക്കുന്നു. ആകാശത്തിലെ താരകങ്ങളെപോലെ എവിടെ നോക്കിയാലും മിന്നിത്തിളങ്ങുന്നതായി കാണുന്നു. അതിനുവെളിയിൽ ഒരു സത്യവുമില്ല. അതിന്റെ വിശാലമായ വിശദീകരണത്തിനുപുറത്ത് ഒരു യുക്തിജ്ഞാനവുമില്ല. അതുമായി സാദൃശ്യപ്പെടാത്ത ഒരു പ്രകാശവുമില്ല. ഇത് തെളിവില്ലാത്ത കാര്യങ്ങളൊന്നുമല്ല. നാവുകൊണ്ടുമാത്രം പറയപ്പെടുന്ന കാര്യവുമല്ല. പ്രത്യുത 1300 വർഷമായി തുടർച്ചയായി അതിന്റെ വെളിച്ചം കാണിച്ചുകൊണ്ടുവരുന്ന വ്യക്തമായ സത്യത്തിന്റെ തെളിവാണിത്. നാമും നമ്മുടെ സത്യസാക്ഷ്യത്തെ വിശദീകരിച്ചെഴുതിയിട്ടുണ്ട്. വിശുദ്ധ ഖുർആനിലെ പരമാർഥങ്ങളും ദൈവജ്ഞാനങ്ങളും എത്രത്തോളം വിവരിച്ചിരിക്കുന്നുവെന്നാൽ ഒരു സത്യന്വേഷിയെ സംതൃപ്തനാക്കാൻ ഉതകുന്നതാണത്.' *(ബറാഹീനെ അഹ്മദിയ്യാ പേജ് 640-643, അടിക്കുറിപ്പ് 11)*



ലേഖനം 02

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം; അഹ്മദിയ്യാ ജമാഅത്തിന്റെ അഭിവൃദ്ധികൾ; അവിടത്തെ പ്രവചനങ്ങളുടെ വെളിച്ചത്തിൽ

മുനീർ അഹ്മദ് ഖാദിം, അഡീഷണൽ നാളിർ ഇസ്വ്‌ലാഹ് വ ഇർശാദ് ജുനൂബി ഹിന്ദ്

അല്ലാഹു തന്റെ പ്രവാചകന്മാരെ അയക്കുമ്പോൾ അവരുടെ ആഗമനം അങ്ങേയറ്റം ദുർബലാവസ്ഥയിലും നിസ്സഹായവസ്ഥയിലുമായിരിക്കുമെന്നത് അവന്റെ നടപടിക്രമമാണ്. അതുപോലെതന്നെ അവരെ വിശ്വസിക്കുന്നവരുടെ ആത്മീയമായ പ്രയാണവും അങ്ങേയറ്റം അടിച്ചമർത്തപ്പെട്ട അവസ്ഥയിലായിരിക്കും തുടരുക. ലോകം അവരെ വേദനിപ്പിക്കുകയും ബുദ്ധിമുട്ടിക്കുകയും ചെയ്യുന്നു. ഈ ലോകത്ത് അവരുടെ ജീവിതം അങ്ങേയറ്റം ദുസ്സഹമായിത്തീരുന്നു. നാലു വശത്തുനിന്നും അവരുടെമേൽ അക്രമങ്ങളുടെ പെരുമഴ വർഷിക്കുന്നു. അവർ പരിഹസിക്കപ്പെടുന്നു. നിന്ദിതരായി മനസ്സിലാക്കപ്പെടുന്നു. തന്നെ അയച്ചവന്റെ നാമം ഉയർത്താൻവേണ്ടിമാത്രം അവന്റെ സഹായത്താൽ തന്റെ ദൗത്യം മുന്നോട്ടുകൊണ്ടുപോകുന്നു. അല്ലാഹു അവന്റെ കൈ പിടിക്കുകയും അവനെ വിശ്വസിക്കുന്നവർക്ക് ധൈര്യം പകരുകയും ചെയ്യുന്നു. അതുപോലെതന്നെ അവന്റെ സത്യതയ്ക്കുള്ള തെളിവായിക്കൊണ്ട്, പരിഭ്രമിക്കരുത്! **ഇന്നല്ലദീന യുഹാദ്ദൂനല്ലാഹ വ റസൂലഹൂ ഉലാഇക്ക ഫിൽ അദല്ലീൻ. കതബല്ലാഹു ല അഗ്‌ലിബന്ന അന വ റുസുലീ ഇന്നല്ലാഹ ഖവിയ്യുൻ അസീസ്** എന്നു പറയുകയും ചെയ്യുന്നു. അതായത് അല്ലാഹുവിനേയും അവന്റെ ദൂതനേയും എതിർക്കുന്നവരാരോ അവർ തീർച്ചയായും എറ്റവും നിന്ദ്യരായവരിൽപ്പെട്ടവരാണ്. ഞാനും എന്റെ ദൂതന്മാരും വിജയിക്കുകതന്നെ ചെയ്യുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു. തീർച്ചയായും അല്ലാഹു പ്രബലനും പ്രതാപവാനുമാകുന്നു. (58:21-22). അതുപോലെ തന്നെ തന്റെ പ്രവാചകന്മാരെ സമാധാനിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നു: **വ ലഖദ് സബഖത്ത് കലിമത്തുനാ ലിഇബാദിനൽമുർസലീൻ. ഇന്നഹും ലഹുമുൽ മൻസ്വൂറൂൻ. വഇന്ന ജുൻദനാ ലഹുമുൽ ഗാലിബൂൻ**

'ദൂതന്മാരായ നമ്മുടെ ദാസരെ സംബന്ധിച്ച് നമ്മുടെ വചനം(തീരുമാനം) നിശ്ചയമായും മുമ്പേ കഴിഞ്ഞിട്ടുണ്ട്. അവർ തന്നെയാണ് സഹായം നല്കപ്പെടുന്നവർ. നമ്മുടെ സൈന്യം തന്നെയാണ് വിജയികൾ.' (37:172-174).

അങ്ങനെ സകല ദൂതന്മാരും അങ്ങേയറ്റം ബലഹീനമായ അവസ്ഥയിലാണ് നിയോഗിക്കപ്പെടുന്നത്. ആ ബലഹീനരുടെ സത്യതയുടെ തെളിവ് അവർ എല്ലാ പീഢനങ്ങളും സഹിച്ചുകൊണ്ട് ക്ഷമകൈക്കൊള്ളുന്നു എന്നതാണ്. എല്ലാ നബിമാരോടും അല്ലാഹു ഇത് പറഞ്ഞിട്ടുണ്ട്:വസ്തയീനു ബിസ്സബ്‌രി വസ്സ്വലാത്തി വഇന്നഹാ ലകബീറത്തുൻ ഇല്ലാ അലൽഖാശിയീൻ സഹനവും പ്രാർഥനയും മുഖേന നിങ്ങൾ സഹായാർഥന ചെയ്യുവിൻ. വിനയാന്വിതരല്ലാത്തവർക്ക് തീർച്ചയായും അത് ഭാരമേറിയതാകുന്നു(2:46) പിന്നീട് അല്ലാഹു ദുആയും പഠിപ്പിച്ചു: **റബ്ബനാ അഫ്‌രിഗ് അലയ്നാ സ്വബ്‌റൻ വ ഥബ്ബിത്ത് അഖ്ദാമനാ വൻസ്വുർനാ അലൽഖൗമിൽ കാഫിരീൻ**

ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് നീ സഹനശക്തി ചൊരിഞ്ഞു തരികയും ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിറുത്തുകയും അവിശ്വാസികൾക്കെതിരെ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ! (2:251).

നബി(സ)തിരുമേനിക്കു മുമ്പേ ഹദ്റത്ത് ആദം(അ) മുതൽ നബി(സ)തിരുമേനിവരെ ഈ ദൈവിക സുന്നത്ത് പ്രവർത്തിച്ചുകൊണ്ടിരുന്നു. എങ്ങനെയെല്ലാമാണ് നബി(സ)തിരുമേനിയും അവിടത്തെ സ്വഹാബാക്കളും കഷ്ടതകളുടെ കാലഘട്ടം കഴിച്ചുകൂട്ടിയതെന്നതിന് ഇസ്‌ലാമിക ചരിത്രം സാക്ഷിയാണ്. അവർ മർദ്ദിക്കപ്പെട്ടു, വലിച്ചിഴയ്ക്കപ്പെട്ടു, ഉപരോധിക്കപ്പെട്ടു. സാമൂഹിക അവകാശങ്ങൾ അവർക്കു വിലക്കപ്പെട്ടു, സ്വന്തം ഭവനങ്ങളിൽനിന്ന് ഇറക്കപ്പെട്ടു, വധിക്കുമെന്ന് ഭീഷണിയുണ്ടായി. എന്നല്ല അവരിൽ പലരും ശഹീദാക്കപ്പെടുകയുണ്ടായി. ശഹാദത്തിന്റെ ഈ പരമ്പര തുടർച്ചയായി വർഷങ്ങളോളം നീണ്ടു. മുസ്‌ലിമീങ്ങൾ ക്ഷമിച്ചുകൊണ്ടിരുന്നു. ക്ഷമകൊണ്ടും, ദുആകൊണ്ടും അവർ അല്ലാഹുവിൽ നിന്ന് സഹായം തേടിക്കൊണ്ടിരുന്നു.

ആ പീഡിതരുടെ മഹത്ത്വം എത്രത്തോളമയിരുന്നു. അവർ ദ്രോഹവും മർദനവും സഹിച്ചുകൊണ്ട് അക്രമത്തിന്റെ അരകല്ലിൽ അരക്കപ്പെടുകയും അവസാനം അല്ലാഹു അവർക്ക് വിജയം നൽകുമ്പോൾ അവർ അവരുടെ ശത്രുക്കൾക്ക് മാപ്പു നല്കുകയും ചെയ്യുമായിരുന്നു. ഇതുതന്നെയാണ് അവരുടെ സത്യതയ്ക്കുള്ള വലിയൊരു തെളിവ്.

ഇതേ ദൈവീക സുന്നത്ത് അഥവാ നടപടിക്രമം തന്നെയാണ് ഹദ്റത്ത് മുഹമ്മദ്(സ)ന്റെ സത്യദാസനും കാലഘട്ടത്തിന്റെ ഇമാമുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യുടെ പരിശുദ്ധ കാലഘട്ടത്തിലും പ്രകടമായത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അനുഗൃഹീതമായ കാലഘട്ടത്തെ സംബന്ധിച്ച്, അദ്ദേഹത്തിന്റെ കാലത്തിന്റെ തുടക്കവും പീഢിതാവസ്ഥയിലായിരിക്കുമെന്ന് നബി(സ)തിരുമേനി കാലേകൂട്ടി പ്രവചിച്ചിട്ടുണ്ടായിരുന്നു. മുഹമ്മദ് മുസ്തഫാ(സ)യുടെ കാലഘട്ടത്തിലെ ഹതഭാഗ്യരായ എതിരാളികൾ അവിടത്തെ സ്വഹാബാക്കളോടു പെരുമാറിയതുപോലെതന്നെയായിരിക്കും ഇമാം മഹ്ദിയോടും മസീഹ് മൗഊദിനോടും അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ ഹതഭാഗ്യരായ എതിരാളികളും പെരുമാറുക. ഇതുസംബന്ധമായി ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) പറഞ്ഞു: ബനീഇസ്റായീൽ 72 കക്ഷികളായി പിരിഞ്ഞിരുന്നു. എന്റെ ഉമ്മത്ത് 73 കക്ഷികളായി പിരിയുന്നതാണ്. അതിലൊരു കൂട്ടരൊഴിച്ച് മറ്റെല്ലാവരും നരകത്തിലായിരിക്കും. ജനങ്ങൾ ചോദിച്ചു: യാ റസൂലല്ലാഹ്! അവരുടെ അടയാളമെന്താണ്? അപ്പോൾ പറഞ്ഞു: 'അവരുടെ അവസ്ഥ തുടക്കത്തിൽ ഞാനും എന്റെ സ്വഹാബാക്കളും ഉണ്ടായിരുന്നതുപോലെയായിരിക്കും. ഞാനും എന്റെ സ്വഹാബാക്കളും എതിർക്കപ്പെട്ടതുപോലെ വരാനിരുക്കുന്ന മസീഹ് മൗഊദും അദ്ദേഹത്തിന്റെ സ്വഹാബാക്കളും എതിർക്കപ്പെടുന്നതായിരിക്കും.

മഹാനായ സൂഫി വര്യൻ ഹദ്റത്ത് മുഹിയുദ്ദീൻ ബിൻ അറബി(റഹ്) എഴുതുന്നു: **ഇദാ ഖറജ ഹാദൽ ഇമാമുൽമഹ്ദി ലം യകുൻല്ലഹു അഅ്ദാഉൻ ഇല്ലൽഫുഖഹാഉ ഖാസ്വത്തൻ** ഇമാം മഹ്ദി(അ) ആഗതരാകുമ്പോൾ അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ ഫുഖ്ഹാഅ്(കർമശാസ്ത്ര പണ്ഡിതന്മാർ) ആയിരിക്കും അദ്ദേഹത്തിന്റെ കഠിന വിരോധികൾ

അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആരംഭ കാലഘട്ടത്തിൽ പ്രവചിക്കപ്പെട്ടതുപോലെതന്നെ അദ്ദേഹത്തിന്റെ ബന്ധുക്കൾ മുതൽ പ്രദേശവാസികളും പ്രത്യേകിച്ച് മൗലവിമാർവരെ ശക്തമായി അദ്ദേഹത്തെ എതിർത്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബന്ധുക്കളിൽഅദ്ദേഹത്തിന്റെപിതൃസഹോദരന്മാരായ മിർസാ നിളാമുദ്ദീനും, മിർസാ ഇമാമുദ്ദീനും അദ്ദേഹത്തിന്റെ കഠിന ശത്രുക്കളായിരുന്നു. നഊദുബില്ലാഹ് ഹദ്റത്ത് മസീഹ് മൗഊദ്(അ) കച്ചവടം തുടങ്ങിയിരിക്കുകയാണെന്ന് അവർ പറയുമായിരുന്നു. പലപ്പോഴും മസീഹ് മൗഊദ്(അ)ന്റെ വീടിനുനേരെ നിന്നുകൊണ്ട് രാത്രിമുഴുവൻ അസഭ്യം പറയാൻ അവർ ആളെ നിറുത്തുമായിരുന്നു. അങ്ങനെയൊരു വ്യക്തിയെ സംബന്ധിച്ച്, 'രാത്രിമുഴുവൻനിന്ന് ചീത്ത പറഞ്ഞതുകൊണ്ട് ക്ഷീണിച്ചിട്ടുണ്ടാവും, അയാൾക്ക് കഴിക്കാൻ എന്തെങ്കിലും കൊടുത്തയക്കുക' എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിക്കൽ പറയുകയുണ്ടയി, സുബ്ഹാനല്ലാഹ്! തന്റെ യജമാനൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) യുടെ ദാസത്വത്തിൽ ആഗതരായ ഹദ്റത്ത് അഹ്മദ്(അ)ന്റെ എത്ര മഹത്തായ സ്വഭാവമായിരുന്നു അത്. ഖാദിയാനിൽ അദ്ദേഹത്തിന്റെ ബന്ധുക്കളല്ലാത്ത അനഹ്മദികളും അമുസ്‌ലിമീങ്ങളും അദ്ദേഹത്തോടു കഠിനമായ എതിർപ്പും വിദ്വേഷവും വെച്ച് പുലർത്തിയിരുന്നു.

ഒരിക്കൽ ഹദ്റത്ത് അഹ്മദ് നൂർ കാബുളി സാഹിബ് പറയുകയുണ്ടായി, 'ഹുദൂർ! ശത്രുക്കൾ ഹുദൂറിനെ വളരെയധികം ഉപദ്രവിക്കുകയും ചീത്തവിളിക്കുകയും ചെയ്യുന്നു. ഞങ്ങൾക്കും പ്രതികരിക്കാനുള്ള അനുവാദം തന്നാലും.' അപ്പോൾ അവിടന്ന് പറഞ്ഞു: 'ഇല്ല, ക്ഷമിക്കുക! ക്ഷമയുടെ കോന്തല വിട്ടുകളയരുത്. ക്ഷമിക്കാൻ കഴിയില്ലെങ്കിൽ കാബുളിൽ പൊയ്ക്കൊള്ളുക.' അദ്ദേഹത്തിന്റെ വഴിയിൽ മതിൽ കെട്ടിഅടച്ചുകൊണ്ട് വഴി തടയുകയുണ്ടായി. ഇതു കാരണം അദ്ദേഹത്തിനും അദ്ദേഹത്തിന്റെ സഹാബാക്കൾക്കും അങ്ങേയറ്റം ബുദ്ധിമുട്ടുണ്ടായി. കേസ് നടന്നപ്പോൾ അദ്ദേഹത്തിന് അനുകൂലമായി വിധി വന്നു. കോടതി അദ്ദേഹത്തിന് നഷ്ടപരിഹാരം ഈടാക്കാനുള്ള അധികാരം നൽകി. പക്ഷേ, അദ്ദേഹം അവർക്ക് മാപ്പ് കൊടുത്തു. ഇതായിരുന്നു ബന്ധുക്കളുടെ അവസ്ഥ. മറുവശത്ത് മുഹമ്മദ് ഹുസയ്ൻ ബട്ടാലവി ഇന്ത്യയിൽ അങ്ങോളമിങ്ങോളം ചുറ്റിക്കറങ്ങി 200 മൗലവിമാരിൽനിന്ന്, നഊദുബില്ലാഹ് ഇയാൾ കാഫിറാണ്, ദജ്ജാലാണ്, ഇയാളുടെ പിന്നിൽ നമസ്കരിക്കാൻ പാടില്ല, സലാം ചൊല്ലാനോ സംസാരിക്കാനോ സാമൂഹിക ബന്ധം പുലർത്താനോ പാടില്ല തുടങ്ങിയ

ഫത്‌വ വാങ്ങി. തൽഫലമായി ഇന്ത്യ മുഴുവൻ എതിർപ്പിന്റെ ഒരു കൊടുങ്കാറ്റുതന്നെ വീശി. അഹ്മദികൾ മർദ്ദിക്കപ്പെടുകയും അവരുടെ സ്വത്തുക്കൾ കൊള്ളയടിക്കപ്പെടുകയും ഏതുവരെയെന്നാൽ ചിലർ ശഹീദാക്കപ്പെടുകയുമുണ്ടായി. അവരിൽ ഒരാളായ ഹദ്റത്ത് മൗലവി അബ്ദുർറഹ്മാൻ സാഹിബ് ശഹീദിന്റേയും അതുപോലെതന്നെ ഹദ്റത്ത് മൗലാനാ അബ്ദുൽ ലത്വീഫ് സാഹിബ് ശഹീദിന്റേയും ശഹാദത്ത് അഹ്മദിയ്യാ ചക്രവാളത്തിൽ മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളായി വിരചിതമാണ്. ഇവിടെ എതിർപ്പ് നേരിടുമ്പോൾ അവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹു ജമാഅത്തിന്റെ അഭിവൃദ്ധിയെ കുറിച്ച് സന്തോഷവാർത്ത നൽകുന്നു. ഉജ്ജ്വലമായ വിജയത്തിന്റെ അറിയിപ്പുകൾ അദ്ദേഹത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നു.

അല്ലാഹു അദ്ദേഹത്തിന് സന്തോഷവാർത്ത നൽകിക്കൊണ്ട് പറഞ്ഞു: 'നീ പരാജിതനായിക്കൊണ്ട് അതായത് ബഹ്യമായി പരാജിതനെപ്പോലെ നിസ്സാരനായിക്കൊണ്ട് ഒടുവിൽ വിജയിക്കുന്നതായിരിക്കും. ഉത്തമ പര്യവസാനം നിന്റേതായിരിക്കും. നിന്റെ നടുവൊടിച്ചുകളഞ്ഞ ആ എല്ലാ ഭാരവും നാം നിന്നിൽ നിന്ന് ഇറക്കുന്നതാണ്. നിന്റെ തൗഹീദ്, നിന്റെ മഹത്ത്വം, നിന്റെ ശ്രേഷ്ഠതകളും വ്യാപിപ്പിക്കുക എന്നുള്ളത് അല്ലാഹുവിന്റെ തീരുമാനമാണ്. അല്ലാഹു നിന്റെ മുഖകമലം വെളിപ്പെടുത്തുന്നതാണ്. നിന്റെ തണൽ ദീർഘിപ്പിക്കുന്നതാണ്. ലോകത്ത് ഒരു താക്കീതുകാരൻ വന്നു, എന്നാൽ, ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല, പക്ഷേ, അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുകയും ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യത വെളിപ്പെടുത്തുകയും ചെയ്യുന്നതാണ്. അടുത്തുതന്നെ അവനൊരു വലിയ രാജ്യം നൽകപ്പെടുന്നതാണ്...... ഖജനാവുകൾ അവനുമേൽ തുറക്കപ്പെടുന്നതാണ്...... ഞാൻ നിനക്ക് ഭൂമിയുടെ കോണുകളോളം ആദരവോടെ പ്രശസ്തി നൽകുന്നതാണ്......നാം നിന്നെ മസീഹുബ്നു മർയം ആക്കിയിരിക്കുന്നു.' *(തദ്കിറ 148, കമ്പോസ് എഡിഷൻ).*

ഈ മഹത്തായ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ ദിവ്യമായ വിജയങ്ങളുടെ പരമ്പര ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധ കാലഘട്ടം മുതലേ തുടങ്ങിക്കഴിഞ്ഞിരുന്നു. അദ്ദേഹം 1884ൽ ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥം രചിച്ചപ്പോൾ രാജ്യം മുഴുവൻ അതിന് സ്വീകാര്യത ലഭിക്കുകയും അതുമുഖേന ഇസ്‌ലാമിന്റെ ഉയർച്ചയുടെയും തേജോവിലാസത്തിന്റെയും പ്രകടനത്തിന്റെ ശബ്ദങ്ങൾ മുഴങ്ങാൻ തുടങ്ങുകയും ചെയ്തു. ഇസ്‌ലാമിന്റെ 1400 വർഷത്തിന്റെ ചരിത്രത്തിൽ നോക്കിയാൽ ലഭിക്കാത്ത മഹത്തായ സേവനമാണ് അദ്ദേഹം ബറാഹീനെ അഹ്മദിയ്യ എന്ന ഗ്രന്ഥരചനയിലൂടെ ഇസ്‌ലാമിനുവേണ്ടി ചെയ്തതെന്ന് എതിരാളികൾപോലും പറയുകയുണ്ടായി. അതിനുശേഷം 1891-ൽ അദ്ദേഹം അല്ലാഹുവിന്റെ കൽപന പ്രകാരം ഇൽഹാമിന്റെ വെളിച്ചത്തിൽ മസീഹിയ്യത്തിന്റെയും മഹ്ദവിയ്യത്തിന്റെയും വാദം പുറപ്പെടുവിച്ചപ്പോൾ ശക്തമായ എതിർപ്പാണ് ഉണ്ടായത്. അക്കാലത്തെ പേരുകേട്ട മൗലവിമാരായ മൗലവി നദീർ ഹുസയ്ൻ ദഹ്‌ലവി, മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി അതുപോലെ മുഹമ്മദ് ബശീർ സാഹിബും അദ്ദേഹവുമായി സംവാദം നടത്തുകയുണ്ടായി. ഈ എല്ലാ സംവാദങ്ങളിലും അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വിജയം നൽകിയെന്നതിന് ചരിത്രം സാക്ഷിയാണ്. ഈസാ(അ) ജീവിച്ചിരിപ്പുണ്ട് എന്നുള്ളതിന് ഖുർആനിൽ നിന്നും ഹദീഥുകളിൽനിന്നും മൗലവിമാർക്ക് ഒരു തെളിവ് പോലും സമർപ്പിക്കാൻ സാധിച്ചില്ല. ഈ മഹത്തായ വിജയം ഇന്നും തുടരുകയാണ്. ഇപ്പോൾ മൗലവിമാർ അഹ്മദികളുമായി വഫാത്തെ മസീഹിനെ സംബന്ധിച്ച് സംസാരിക്കാൻപോലും ഭയപ്പെടുന്നു. ഈസാ നബിയുടെ മരണത്തേയും ഖത്തമുന്നുബുവ്വത്തിനേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തേയും സംബന്ധിച്ച് വിശുദ്ധ ഖുർആനിന്റേയും തിരുഹദീഥുകളുടേയും അടിസ്ഥാനത്തിൽ തെളിവുകളുദ്ധരിച്ച് സംസാരിക്കാൻ അവർ തയ്യാറാകുന്നില്ല എന്നതാണ് ഇപ്പോഴത്തെ അവരുടെ അവസ്ഥ. അതിനുപകരം അസഭ്യങ്ങൾ മാത്രം പറഞ്ഞ് തങ്ങളുടെ മാനക്കേട് മറച്ചുവെക്കുന്നു. എതിരാളികൾ തങ്ങളുടെ കൈയിൽ തെളിവില്ലാതെ വരുമ്പോൾ അവസാനം അല്ലാഹുവിന്റെ നബിയെ പരിഹസിക്കുകയും കളിയാക്കുകയുമാണ് ചെയ്യാറുള്ളത്. പരിഹസിക്കപ്പെടാത്ത ഒരു പ്രവാചകനും കടന്നുപോയിട്ടില്ലെന്ന് വിശുദ്ധ ഖുർആൻ വ്യക്തമായും പറയുന്നുണ്ട്: യാ ഹസ്റത്തൻ അലൽഇബാദി മാ യഅ്ത്തീഹിം മ്മിൻർറസൂലിൻ ഇല്ലാ കാനൂ ബിഹി യസ്ത്തഹ്സിഊൻ(36:31) മനുഷ്യർക്ക് അഹോ കഷ്ടം! അവരുടെ പരിഹാസത്തിന് പാത്രമായിട്ടല്ലാതെ ഒരു ദൈവദൂതനും അവരുടെ അടുക്കൽ വരുന്നില്ല.

ഈ എതിർപ്പിന്റെ കാലത്ത് ചിലരുടെ കാലുകൾ ഇടറുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) ദൈവിക കൽപന അനുസരിച്ച് 1891ൽ ജൽസാ സാലാനയ്ക്ക് തുടക്കം കുറിക്കുകയുണ്ടായി. അല്ലാഹുവിൽ നിന്ന് അറിവ് ലഭിച്ചുകൊണ്ട് അത് വിളംബരം ചെയ്തു:

'ഈ ജൽസയെ(സമ്മേളനം) മറ്റു സമ്മേളനങ്ങളെപ്പോലെ നിങ്ങൾ കരുതരുത്. ഇതിന്റെ അടിസ്ഥാന ശില അല്ലാഹുതന്നെ അവന്റെ കൈകൊണ്ടു വെച്ചതത്രെ. അടുത്തുതന്നെ അതിലേക്ക് കൂട്ടം കൂട്ടമായി വന്നെത്തുന്നതിന് ജനപദങ്ങളെ അവൻ ഒരുക്കിക്കഴിഞ്ഞിരിക്കുന്നു. എന്തെന്നാൽ ആരുടെ മുമ്പിൽ ഒന്നും തന്നെ അസാധ്യമായിട്ടില്ലയോ ആ സർവശക്തന്റെ പ്രവൃത്തിയത്രെ ഇത്.'' *(മജ്മൂഅ ഇശ്തിഹാറാത്ത്, വാല്യം 1, പേജ് 361, ഇശ്തിഹാർ നമ്പർ 91, പ്രസാധനം ഖാദിയാൻ 2019)*

ആ നേരത്ത് ആദ്യത്തെ ജൽസയിൽ 70 അംഗങ്ങളാണ് പങ്കെടുത്തത്. അദ്ദേഹത്തിനെതിരിൽ ഫത്‌വ ഇറക്കികൊണ്ട് അദ്ദേഹത്തെ കാണുന്നതിൽനിന്നും അദ്ദേഹത്തിന് ബയ്അത്ത് ചെയ്യുന്നതിൽ നിന്നും തടയാമെന്നും അവർ മനസ്സിലാക്കിയിരുന്നു. ആ എല്ലാ ശത്രുക്കളും അപമാനകരമായ പരാജയം ഏറ്റുവാങ്ങി. ഖാദിയാനിന്റെ തേജസ്സ് വർധിക്കാനും തുടങ്ങി.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനു ശേഷം അഹ്മദിയ്യാ ഖിലാഫത്തിന്റെ ആദ്യത്തെ ജൽസയിൽ പങ്കെടുത്തവരുടെ എണ്ണം 3000 വരെ എത്തി. ഖിലാഫത്ത് കാലഘട്ടത്തിൽ ജൽസയുടെ പ്രതാപം എല്ലാ നിലകളിലും വർധിച്ചു. പങ്കെടുക്കുന്നവരുടെ എണ്ണം ആയിരങ്ങളിൽനിന്ന് ലക്ഷങ്ങളായി. നിരവധി രാജ്യങ്ങളുടെ പ്രാതിനിധ്യവുമുണ്ടായി. അനഹ്മദികളും അമുസ്‌ലിമീങ്ങളുമായ നിരവധി ചിന്തകന്മാരും, രാഷ്ട്രീയ പ്രവർത്തകരും, മന്ത്രിമാരും, ഭരണാധിപന്മാരും അതിൽ പങ്കെടുക്കുന്നതും അതിനുവേണ്ടി തങ്ങളുടെ സന്ദേശം അയക്കുന്നതും തങ്ങൾക്ക് അഭിമാനമായി മനസ്സിലാക്കാൻ തുടങ്ങി. എല്ലാ മതങ്ങൾക്കും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ശബ്ദമുയർത്താനുള്ള ഒരു വേദിയാണ് ഇതുമുഖേന ലഭിക്കുന്നത്. അവിടെ മതത്തിനും ജാതിക്കും സമുദായത്തിനും ദേശത്തിനും അതീതമായി എല്ലാ ഓരോരുത്തരും സ്നേഹത്തിന്റെ ശബ്ദം ഉയർത്തുകയും തങ്ങളുടെ സ്നേഹസന്ദേശം നല്കുകയും ചെയ്യുന്നു. അൽഹംദുലില്ലാഹ്, ഇപ്പോൾ ഈ ജൽസ എം.ടി.എ. മുഖേന മുഴുവൻ ലോകത്തും കേൾക്കാനും കാണാനും സാധ്യമാകുന്നു. ലോകത്തിലെ പല ഭാഷകളിലും തൽസമയ തർജമ നടന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ 2021-ൽ യു.കെ.യിൽ നടന്ന ജൽസാ സാലാനയിൽ ലോകം ഒരു വിസ്മയജനകമായ കാഴ്ചയാണ് കണ്ടത്. ലോകത്തുള്ള വിവിധ രാജ്യങ്ങളിലുള്ള ശ്രോദ്ധാക്കൾ തമ്മിൽത്തമ്മിൽ കണ്ടുകൊണ്ട് ജൽസാ സാലാന കാണുകയുണ്ടായി.

അങ്ങനെ **ഇന്നൽ മുഅ്മിന ഫീ സമാനിൽഖാഇമി വഹുബിൽമശ്‌രിഖി ലയറാ അഖാഹുല്ലദീ ഫിൽമഗ്‌രിബി വകദല്ലദീ ഫിൽമഗ്‌രിബി യറാ അഖാഹുല്ലദീ ഫിൽമശ്‌രിഖി** ഇമാം മഹ്ദിയുടെ കാലത്ത് ലോകത്തിന്റെ കിഴക്കേ ദിക്കിലിരിക്കുന്ന മുഅ്മിൻ പടിഞ്ഞാറെ ദിക്കിലിരിക്കുന്ന തന്റെ സഹോദരനെ കാണുകയും പടിഞ്ഞാറിരിക്കുന്ന മുഅ്മിൻ കിഴക്കിരിക്കുന്ന തന്റെ സഹോദരനെ കാണുകയും ചെയ്യുമെന്ന കഴിഞ്ഞുകടന്ന പണ്ഡിതന്മാരുടെ പ്രവചനവും *(ബിഹാറുൽ അൻവാർ ശേയ്ഖ് മുഹമ്മദു ബാഖിർ അൽ മജ്‌ലസി, ബാബ് 27 പേജ്*


**അല്ലാഹുവിന്റെ കലാം:**

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"**

(വിശുദ്ധ ഖുർആൻ 54:18)

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

**അല്ലാഹുവിന്റെ കലാം:**

**"ഇബ്‌റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക). എന്റെ നാഥാ! ഈ പട്ടണത്തെ സമാധാനപൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമെ."** (വിശുദ്ധ ഖുർആൻ 14:36)

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

*441)* പൂർത്തിയായി . മുഴുലോകവും ഇതിനു സാക്ഷിയാണ്. അൽഹംദുലില്ലാഹ്! ദൈവകൽപനയാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്ഥാപിച്ച ജൽസാ സാലാന മുഖേന ഇസ്‌ലാമിന്റെ വിജയത്തിന്റെ ഈ പ്രവചനം അഹ്മദിയ്യാ ഖിലാഫത്തിലൂടെ അങ്ങേയറ്റം പ്രതാപത്തോടെ പൂർത്തിയായിക്കഴിഞ്ഞു.

ഇപ്രകാരംതന്നെ പറഞ്ഞു: **യുനാദിമുനാദിൻ മ്മിനസ്സമാഇ ബിഇസ്മിൽ മഹ്ദി ഫ യസ്മഉ മൻ ബിൽ മശ്രിഖി വമൻബിൽമഗ്രിബി ഹത്താ ലാ യബ്ഖാ റാഖിദുൻ ഇല്ലസ്ത്തയ്ഖള** *(ഇഖ്ദുദ്ദുർറി ഫീ അഖ്ബാറിൽ മുൻതളർ, അൽഫസ്‌ലുഥ്ഥാലിഥ്, പേജ് 171, പ്രസാധനം ഉർദുൻ)* 'മഹ്ദിയുടെ നാമത്തിൽ വിളംബരപ്പെടുത്തുന്നയാൾ വിളമ്പരപ്പെടുത്തുന്നതായിരിക്കും. അദ്ദേഹത്തിന്റെ വിളിനാദം കിഴക്കും പടിഞ്ഞാറുമുള്ള എല്ലാ ആളുകളും കേൾക്കുന്നതാണ്. അങ്ങനെ ഉറങ്ങിക്കിടക്കുന്ന എല്ലാവരും ഉണരുന്നതായിരിക്കും.'

ഇതുകൂടാതെ ഈ ജൽസാ സാലാന(വാർഷിക സമ്മേളനം) ലോകത്തുള്ള എല്ലാ ആത്മാക്കളേയും ബയ്അത്ത് അഥവാ അനുസരണ പ്രതിജ്ഞ മുഖേന തൗഹീദിന്റെ മാലയിൽ കൊരുക്കുകയും ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട് ഹദ്റത്ത് ശാഹ് റഫീഉദ്ദീൻ സാഹിബിന്റെ പ്രവചനമുണ്ട്. **ഹാദാ ഖലീഫത്തുല്ലാഹിൽ മഹ്ദി ഫസ്മഊ ലഹൂ വ അത്വീഉ** അതായത് ഇമാം മഹ്ദിയുടെ കാലത്ത് ബയ്അത്ത് നടക്കുമ്പോൾ ആകാശത്തുനിന്ന് 'ഇത് അല്ലാഹുവിന്റെ ഖലീഫയായ മഹ്ദിയാകുന്നു, ഇദ്ദേഹത്തെ സ്വീകരിക്കുകയും അനുസരിക്കുകയും ചെയ്യുക'എന്ന ശബ്ദം വരുന്നതാണ്. *(ഖിയാമത്തുനാമ പേജ് 4)* ഇത് ബയ്അത്തിന്റെ ഉജ്വലമായ കാഴ്ചയും ജൽസയുടെ സത്യതയ്ക്കും മസീഹ് മൗഊദിന്റെ വിജയത്തിനുമുള്ള വലിയ തെളിവുമാണ്. അതുകൊണ്ട് ജൽസാ സാലാന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനങ്ങളുടെ സത്യതയും ജമാഅത്ത് അഹ്മദിയ്യായുടെ പുരോഗതിയും വിളിച്ചറിയിക്കുന്ന നാഴികകല്ലാണ്. അതിനുശേഷം 1894ൽ അല്ലാഹു കേവലം അവന്റെ അനുഗ്രഹത്താൽ ഇമാം മഹ്ദിയെ സംബന്ധിച്ച് നബി(സ)തിരുമേനി പ്രവചിച്ച സൂര്യ ചന്ദ്ര ഗ്രഹണങ്ങളുടെ പ്രവചനവും പ്രതാപത്തോടുകൂടി പുലർത്തിക്കാണിച്ചു. അങ്ങനെ സയ്യിദുനാ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യുടെ സത്യതക്കുള്ള ഒരു അടയാളംകൂടി പൂർത്തിയാകുകയുണ്ടായി. പക്ഷേ, ലോകം ആകാശത്തു വെളിപ്പെട്ട ആ സാക്ഷ്യത്തിൽനിന്ന് വേണ്ടത്ര ഫലമെടുക്കാതെ വന്നപ്പോൾ 'ഇമാം മഹ്ദിയുടെ കാലത്ത് പ്ലേഗ് പടരുന്നതാണ്' എന്ന മുൻകാല ഗ്രന്ഥങ്ങളിലുള്ള പ്രവചനങ്ങളുടെ വെളിച്ചത്തിൽ, അതായത് 1898ൽ ഹുദൂർ(അ)ന് അല്ലാഹുവിൽനിന്ന് ഇൽഹാം ലഭിച്ചതനുസരിച്ച് പ്ലേഗ് പൊട്ടിപുറപ്പെടാൻ പോകുന്നുവെന്ന് ആ ദിവ്യാത്മാവ് പ്രവചിക്കുകയുണ്ടായി. ഖുർആനും നബി(സ)തിരുമേനിയും ചെയ്ത പ്രവചനമാണിത്.

വിശുദ്ധ ഖുർആനിൽ സൂറത്തുന്നമലിൽ 83-ാം വചനത്തിൽ അല്ലാഹു പറയുന്നു: **വ ഇദാ വഖഅൽഖൗലു അലയ്ഹിം അഖ്റജ്നാ ലഹും ദാബ്ബത്തുൻമ്മിനൽഅർളി തുകല്ലിമുഹും അന്നന്നാസ കാനൂ ബി ആയാത്തിനാ ലാ യുഅ്മിനൂൻ** (27:83)

അവരുടെ നാശത്തെ കുറിച്ചുള്ള മുന്നറിയിപ്പ് പുലർന്നു കഴിഞ്ഞാൽ അവരെ മുറിവേല്പിക്കുന്ന ഒരു ജന്തുവിനെ ഭൂമിയിൽനിന്ന് നാം അവർക്കുവേണ്ടി പുറത്തുകൊണ്ടുവരുന്നതാണ്. ജനങ്ങൾ നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കാത്ത കാരണത്താലാണിത്. ഇമാം മഹ്ദിയുടെ കാലത്തിന്റെ അടയാളമായിരിക്കുമിതെന്ന് ഹദീഥിലും വന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ കാലത്ത് എത്രമാത്രം കഠിനമായി പ്ലേഗെന്ന മഹാമാരി പടരുമെന്നാൽ 7 അംഗങ്ങളുള്ള വീട്ടിൽ അഞ്ചുപേരും മരണമടയുന്നതാണ്. പറഞ്ഞു, ഇമാം മഹ്ദിയുടെ ആഗമനത്തിനുമുമ്പേ രണ്ട് തരത്തിലുള്ള മരണങ്ങൾ ഉണ്ടാകുന്നതാണ്. അതായത് ചെമപ്പ് മരണവും, വെള്ള മരണവും. ചെമപ്പ് മരണം അതായത് യുദ്ധങ്ങൾ. വെള്ള മരണം അതായത് പ്ലേഗെന്ന മഹാമാരിയും. ഇതെത്രത്തോളമുണ്ടാകുമെന്നാൽ 7 അംഗങ്ങളുള്ള വീട്ടിലെ അഞ്ചുപേരും മരണമടയുന്നതാണ്. *(ബിഹാറുൽ അൻവാർ, പേജ് 156, അക്മാലുദ്ദീൻ പ്രസാധനം മത്ബഉൽ ഹയ്ദർ അന്നജഫ്).*

ഈ പ്രവചനങ്ങളുടേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെളിപാടുകളുടേയും വെളിച്ചത്തിൽ ആ പുണ്യാത്മാവിന്റെ കാലഘട്ടത്തിൽ ഇന്ത്യയിൽ പ്ലേഗ് ഭയാനകമായി പടർന്നുപിടിക്കുകയുണ്ടായി. ലക്ഷക്കണക്കിനാളുകൾ മരിച്ചു. മറുഭാഗത്ത് 'നിന്റെ ഭവനത്തിന്റെ നാലു ഭിത്തിക്കുള്ളിലുള്ളവർ കുത്തിവെപ്പ് എടുത്തില്ലെങ്കിലും പ്ലേഗ് എന്ന മഹാമാരിയിൽനിന്ന് സുരക്ഷിതരായിരിക്കും' എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു പറഞ്ഞു. അങ്ങനെ അല്ലാഹു ലോകത്തിന് ഈ മുഅ്ജസത്ത് കാണിക്കുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബത്തിലേയും അവിടത്തെ സ്വഹാബാക്കളിലേയും ഒരാൾപോലും പ്ലേഗ് കാരണം മരിച്ചില്ല. പക്ഷേ, ആ ദിവ്യാത്മാവിനെ അധിക്ഷേപ്പിക്കുകയും പരിഹസിക്കുകയും ചെയ്തിരുന്ന അവിടത്തെ ശത്രുക്കളായ പണ്ഡിതന്മാരിൽ പ്രസിദ്ധരായ പലരും പ്ലേഗിന്റെ വലയത്തിൽപ്പെട്ട് മരിച്ചു. മസീഹും മഹ്ദിയുമാണെന്ന് വാദിച്ച ഹദ്റത്ത് അഹ്മദ്(അ) പ്ലേഗ് വരുമെന്ന് പ്രവചിക്കുകയുണ്ടായി. അവിടത്തെ പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ പ്ലേഗ് വരുകയും ചെയ്തു. പിന്നെ പ്രവചനത്തിന്റെ അടിസ്ഥാനത്തിൽത്തന്നെ ആ മഹാത്മാവിന്റെ ഭവനത്തിന്റെ നാലു ഭിത്തിക്കുള്ളിലുള്ള എല്ലാവരും അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുരക്ഷിതരും സമാധാനത്തിലുമായി. ഇതിന് ഒരു ലോകം സാക്ഷിയാണ്. ഈ പ്ലേഗിന്റെ ഫലമായി അനേകംപേർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ വിശ്വസിക്കുകയുണ്ടായി. അങ്ങനെ പ്ലേഗും അദ്ദേഹത്തിന്റെ വലിയ വിജയത്തിന് ഒരു അടയാളമായി.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധ കാലഘട്ടത്തിൽ അവിടന്ന് അഹ്മദിയ്യ ജമാഅത്തിന്റെ പുരോഗതിയെ സംബന്ധിച്ചുചെയ്ത പ്രവചനങ്ങളിൽ ഒരു പ്രവചനം അഹ്മദിയ്യാ ഖിലാത്തിനെ സംബന്ധിച്ചാണ്. അവിടന്ന് അൽവസിയ്യത്തത്ത് എന്ന ഗ്രന്ഥത്തിൽ പറയുന്നു: 'എന്തുകൊണ്ടെന്നാൽ നിങ്ങളിൽ രണ്ടാം ഖുദ്റത്ത് വെളിപ്പെടുന്നത് നിങ്ങൾ കാണേണ്ടത് ആവശ്യമാകുന്നു. അതുവരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും. കാരണം അത് എന്നെന്നും നിലനില്ക്കുന്നതാണ്. അതിന്റെ പരമ്പര ഖിയാമത്തുന്നാൾവരെ മുറിഞ്ഞുപോകുന്നതല്ല. ഞാൻ പോകാത്തിടത്തോളം രണ്ടാം ഖുദ്റത്ത് വരുന്നതല്ല. ഞാൻ പൊയ്ക്കഴിഞ്ഞാൽ അല്ലാഹു രണ്ടാം ഖുദ്റത്തിനെ നിങ്ങളിലേക്ക് അയക്കും. ആ രണ്ടാം ഖുദ്റത്ത് അല്ലാഹു ബറാഹീനെ അഹ്മദിയ്യായിൽ വാഗ്ദത്തം ചെയ്തതുപ്രകാരം എന്നെന്നും നിങ്ങളിലുണ്ടായിരിക്കും. ആ വാഗ്ദത്തം എന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ടതല്ല. അത് നിങ്ങളെ സംബന്ധിച്ചുള്ള വാഗ്ദത്തമാണ്. അല്ലാഹു പറയുന്നു, 'നിന്നെ പിൻപറ്റിയ ജമാഅത്തിന് ഖിയാമത്തുന്നാൾവരെ മറ്റുള്ളവരുടെ മേൽ ഞാൻ വിജയം നല്കും.' *(അൽവസിയ്യത്ത്, റൂഹാനീഖസാഇൻ, വാല്യം 20, പേജ് 305-306)*

1908 മെയ് 27 ന് അഹ്മദിയ്യ ജമാഅത്തിൽ ഖിലാഫത്ത് വ്യവസ്ഥിതി സ്ഥാപിതമായതിനുശേഷം 113 വർഷം കഴിഞ്ഞിരിക്കുന്നു. ലോകം സാക്ഷിയാണ്. അഹ്മദിയ്യാ ഖിലാഫത്തു മുഖേന ജമാഅത്ത് എത്രത്തോളം വേഗത്തിൽ പുരോഗതി കൈവരിച്ചുവെന്നാൽ, ഇതിന് ലോകത്ത് മറ്റൊരു ഉദാഹരണം കാണാൻ സാധ്യമല്ല.

അഹ്മദിയ്യാ ജമാഅത്ത് ഖാദിയാനിൽനിന്ന് പുറത്തുകടന്ന് 213 രാജ്യങ്ങളിൽ ഇന്ന് എത്തിയിരിക്കുകയാണ്. ഇതിന്റെ വിളംബരം ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ് 2019 യു.കെ. ജൽസാ സാലാനയിൽ ആഗസ്റ്റ് 4നു നൽകിയ ഖുത്ബയിൽ ചെയ്യുകയുണ്ടായി. ഹുദൂർ ആ ഖുത്ബയിൽ 2019-ലുണ്ടായ ജമാഅത്തിന്റെ പുരോഗതികളെ സംബന്ധിച്ച് പറഞ്ഞു:

2018-2019 വരെ അഹ്മദിയ്യാ ജമാഅത്ത് 213 രാജ്യങ്ങളിൽ വ്യാപിച്ചിരിക്കുന്നു. ഹുദൂർ വിശദീകരിച്ചുകൊണ്ട് പറഞ്ഞു: യു.എൻ.ഒ.യിൽ 195 രാജ്യങ്ങളുടെ പ്രാതിനിധ്യമുണ്ട് പക്ഷേ, യു.എൻ.ഒ.യിൽ അംഗമല്ലാത്ത പല രാജ്യങ്ങളുമുണ്ട്. പാകിസ്താനിലെ കഠിന എതിർപ്പു കാരണം 1984-ൽ കാലത്തിന്റെ ഖലീഫക്ക് ഹിജ്റത്ത് പോകേണ്ടി വന്നു. 1984 മുതൽ ഇന്നുവരെ ജമാഅത്ത് 121 രാജ്യങ്ങളിൽ വ്യാപിച്ചിരിക്കുന്നു. അതായത് 1984 വരെ വെറും 92 രാജ്യങ്ങളിൽ മാത്രമായിരുന്ന ജമാഅത്ത് 1984-ൽ ഹിജ്റത്തിനുശേഷം 121 രാജ്യങ്ങളിൽ എത്തുകയുണ്ടായി.

1889 മുതൽ 1984 വരെ 95 വർഷത്തിനുള്ളിൽ കേവലം 92 രാജ്യങ്ങളിൽ മാത്രമായിരുന്നു ജമാഅത്ത് എത്തിയത്. ഹിജ്റത്തിനു ശേഷം കേവലം 37 വർഷത്തിനുള്ളിൽ 121 രാജ്യങ്ങളിൽ ജമാഅത്ത് സ്ഥാപിതമാവുകയുണ്ടായി. ഈ മഹത്തായ വിജയം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹു നൽകിയ വിജയത്തിന്റെ പ്രവചനങ്ങൾ സത്യമായിരുന്നുവെന്നതിന് സാക്ഷിയാണ്. ഇത് അദ്ദേഹത്തിന്റെ സത്യതയ്ക്കുള്ള വെട്ടിത്തിളങ്ങുന്ന അടയാളമാണ്.

ഇതുകൂടാതെ 2021 ലെ ജൽസാ സാലാനയുടെ അവസരത്തിൽ അമീറുൽമുഅ്മിനീൻ കേവലം ഒരു വർഷത്തെ ജമാഅത്തിന്റെ അത്ഭുതകരമായ പുരോഗതി വിവരിച്ചതും മസീഹ് മൗഊദ്(അ)ന്റേയും അഹ്മദിയ്യാ ഖിലാഫത്തിന്റേയും സത്യതയ്ക്കുള്ള സ്പഷ്ടമായ തെളിവാണ്. അത് സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ്(സ) ഇമാം മഹ്ദിയുടെ ആഗമനത്തേയും അദ്ദേഹത്തിന്റെ വിജയത്തേയും സംബന്ധിച്ച് ചെയ്ത എല്ലാ പ്രവചനങ്ങളും സത്യമാണെന്നതിനുള്ള തെളിവാണ്.

അമീറുൽമുഅ്മിനീൻ ഒരു വർഷത്തെ പുരോഗതിയെ കുറിച്ച് മാത്രം പറഞ്ഞു: 'ഒരു വർഷത്തിൽ 403 പുതിയ ജമാഅത്തുകൾ

സ്ഥാപിതമായി. 829 സ്ഥലങ്ങളിൽ ആദ്യമായി ജമാഅത്ത് രൂപീകരിച്ചു. 211 മസ്ജിദുകൾ നിർമിക്കപ്പെട്ടു. 92 രാജ്യങ്ങളിലെ 39 ഭാഷകളിൽ 384 ഗ്രന്ഥങ്ങളും ലഘുലേഖകളും പ്രസിദ്ധീകരിക്കുകയുണ്ടായി. 123 പുതിയ മിഷൻ ഹൗസുകൾ സ്ഥപിതമായി. ലോകത്തിലെ 102 രാജ്യങ്ങളിൽ ജമാഅത്തിന്റെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. 90 രാജ്യങ്ങളിലെ ലൈബ്രറികളിൽ ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ വെക്കുകയുണ്ടായി. 1970 എക്സിബിഷനുകൾ സംഘടിപ്പിക്കുകയുണ്ടായി. 103 രാജ്യങ്ങളിൽ 69 ലക്ഷത്തിലധികം ലഘുലേഖകൾ വിതരണം ചെയ്തു. അൽഹംദുലില്ലാഹ്, എം.ടി.എ.യുടെ 8 ചാനലുകൾ പ്രവർത്തിക്കുന്നുണ്ട്. 24 മണിക്കൂറും ലോകത്തിലെ 17 ഭാഷകളിൽ ഇസ്ലാമിക പരിപാടികൾ സംപ്രേഷണം ചെയ്യുന്നു. അതിൽനിന്ന് ലക്ഷക്കണക്കിനാളുകളാണ് ഫലമെടുക്കുന്നത്. 27 റേഡിയോ സ്റ്റേഷൻ പ്രവർത്തിക്കുന്നു. ബുക്ക് സ്റ്റാളുകളിൽനിന്ന് 22 ലക്ഷം ആളുകൾ പ്രയോജനമെടുത്തു. ഹ്യൂമാനിറ്റി ഫസ്റ്റ് 345 മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി. 75,000ത്തിൽ അധികം വാഖ്ഫീനെ നൗന്റെയും വാഖ്ഫാത്തെ നൗന്റെയും ആത്മീയ സൈന്യം തയ്യാറാവുന്നു. കുറഞ്ഞത് 3000 വാട്ടർപമ്പുകൾ സ്ഥാപിതമായി. 12 രാജ്യങ്ങളിൽ 685 സ്കൂൾകളും നിരവധി ഹോസ്പിറ്റലുകളും പ്രവർത്തിക്കുന്നു. വെറും 2020 2021ൽ 1,21,179 പുതിയ ബയ്അത്തുകളാണ് നടന്നത്. **(ഫൽഹംദുലില്ലാഹി അലാ ദാലിക്).**

അവസാനമായി ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ അഭിവൃദ്ധികളെ സംബന്ധിച്ച് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു മഹത്തായ പ്രവചനം പറയാൻ ആഗ്രഹിക്കുകയാണ്. അതിന്റെ ബന്ധം ഖാദിയാൻ ദാറുൽ അമാനിന്റെ അഭിവൃദ്ധിയുമായാണ്. അത് ഖിലാഫത്തെ ഖാമിസായുടെ അനുഗൃഹീത കാലഘട്ടത്തിൽ അങ്ങേയറ്റം തേജോവിലാസത്തോടുകൂടി പൂർത്തിയായി. (**ഫൽഹംദുലില്ലാഹി അലാ ദാലിക്**).

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇൽഹാമിന്റെ അടിസ്ഥാനത്തിൽ പറഞ്ഞു: 'ഒരു നാൾ വരുന്നു. ഖാദിയാൻ സൂര്യനെപോലെ വിളങ്ങിക്കാണിക്കുന്നതായിരിക്കും;അതൊരു സത്യവാന്റെ സ്ഥലമാണെന്ന്!'*(ദാഫിഉൽ ബലാ, റൂഹാനീ ഖസാഇൻ വാള്യം 18 പേജ് 231)*

ഖാദിയാനിന്റെ ഈ അഭിവൃദ്ധി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അനുഗൃഹീത കാലം മുതൽ ഖിലാഫത്തെ റാബിയായുടെ കാലം വരെ ഘട്ടം ഘട്ടമായാണുണ്ടായത്. ഇത് ഖിലാഫത്തെ ഖാമിസായുടെ അനുഗൃഹീത കാലഘട്ടത്തിൽ മഹത്തായ തേജോവിലാസത്തോടെ പിപ്ലവകരമായ അഭിവൃദ്ധിയുടെ വെളിപ്പെടലുണ്ടായി.

ഖാദിയാനിന്റെ തബ്ലീഗ് അഥവാ പ്രബോധനം ഞാഅ മുഖേന തൽസമയമായി ലോകത്തിന്റെ കോണുകളോളമെത്തുകയും ഉർദു, അറബി, ഇംഗ്ലീഷ് ഭാഷകളിൽ പരിപാടികൾ സംപ്രേഷണം ആരംഭിക്കുകയും ചെയ്തു.

ഖാദിയാനിൽ അഹ്മദി താമസക്കാർ അസാധാരണമായ നിലയിൽ വർധിച്ചു. ഖാദിയാനിൽ ജമാഅത്തിന്റെ മനോഹരങ്ങളായ കെട്ടിടങ്ങൾ നിർമിക്കപ്പെട്ടു. അവയിൽ കേന്ദ്ര മസ്ജിദുകളുടെ നിർമാണവും വിപുലീകരണവും മഹല്ലുകളിൽ മസ്ജിദുകളുടെ നിർമാണവും മിനാരത്തുൽമസീഹിന്റെ മോഡീകരണവും ദാറുൽമസീഹിന്റെ റെന്യുവേഷനും ബിഹിശ്തി മഖ്ബറയിൽ 'മഖാമെ ളുഹൂറെ ഖുദ്റത്തെ ഥാനിയാ'യുടെ സ്ഥലത്ത് മനോഹരമായൊരു സ്മാരകവുമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അന്ത്യവിശ്രമം കൊള്ളുന്ന 'ചാർദീവാരി'യുടെ പുനർനിർമാണം. ഇതിന്റെ നിർമാണ സമയത്ത് ഖാദിയാനിലെ സ്നേഹിതന്മാർക്ക് കാവൽനില്ക്കുക എന്ന മഹത്തായ ഭാഗ്യം കിട്ടി. ജാമിഅ അഹ്മദിയ്യായുടെ നിർമാണം, ഓഫീസുകളുടെ നിർമാണം, 'നൂറുദ്ദീൻ ലൈബ്രറി'യുടെ മഹത്തായ കെട്ടിടം, ഗസ്റ്റുഹൗസുകളുടെ നിർമാണം, ലജ്ന ഇമാഇല്ലാഹ് ഭാരതിന്റെ ഓഫീസ്, നൂർ ഹോസ്പിറ്റലിന്റെ വൻ കെട്ടിടം, ഫള്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ്, പഴയസ്കൂളിൽ സ്വദർ അഞ്ചുമൻ അഹ്മദിയ്യായുടെ റിന്യുവേഷനും അന്തസ്സാർന്ന സെറ്റിംഗും അലങ്കരിക്കലും.

**അൽഹംദുലില്ലാഹ്** ഖാദിയാൻ ഇന്ന് മുമ്പത്തേതിനെക്കാളുപരി ലോകശ്രദ്ധാകേന്ദ്രമായി മാറിക്കഴിഞ്ഞു. ഇതെല്ലാം ഖിലാഫത്തിന്റെ മഹത്തായ അനുഗ്രഹമാണ്. അല്ലാഹു നമുക്കെല്ലാവർക്കും ഖാദിയാനോടുള്ള കടമ നിറവേറ്റാനും ഖിലാഫത്തിനോടുള്ള നമ്മുടെ ചുമതലകൾ നിർവഹിക്കാനും തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹ് പറയുന്നു:നിങ്ങളിൽ ഓരോരുത്തരുടേയും നിർബന്ധ കടമയാണ്.......ഈ പോയന്റ് എപ്പോഴും ഓർമ വെക്കുക....അതിന്റെ എല്ലാ അഭിവൃദ്ധികളുടേയും വിജയങ്ങളുടേയും രഹസ്യം ഖിലാഫത്തുമായിട്ടുള്ള ബന്ധംതന്നെയാണ്. തന്നെ ഇമാമുമായി ബന്ധിപ്പിച്ചു നിറുത്തുന്ന വ്യക്തിത്തന്നെയാണ് ജമാഅത്തിന് പ്രയോജനപ്രദമായിത്തീരുന്നത്. ആരെങ്കിലും തന്നെ ഇമാമുമായി ബന്ധിപ്പിച്ചു വെക്കുന്നില്ലെങ്കിൽ ലോകത്തുള്ള അറിവു മുഴുവനും അറിയാമെങ്കിലും അയാൾക്ക് ഒരു വിലയുമില്ല. നിങ്ങളുടെ ബുദ്ധിയും ആസൂത്രണങ്ങളും ഖിലാഫത്തിന് വിധേയമായി ഇരിക്കുകയും നിങ്ങൾ നിങ്ങളുടെ ഇമാമിന്റെ ആംഗ്യങ്ങളുടെ പിന്നാലെ നടക്കുകയുമാണെങ്കിൽ അല്ലാഹുവിന്റെ സഹായവും പിന്താങ്ങും നിങ്ങൾക്ക് കരസ്ഥമാകുന്നതായിരിക്കും. *(റോസനാമ അൽഫള്ൽ, 30-5-2003, പേജ് 2, കോളം 1, യൗമെ ഖിലാഫത്ത് കെ മോക്കെ പർ അഹ്ബാബെ ജമാഅത്ത് റാവൽപിണ്ടി യുടെ പേരിൽ ഹുദൂറിന്റെ സന്ദേശം)*

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മഹത്തായ അഭിവൃദ്ധികൾ വിവരിച്ചതിനോടൊപ്പംതന്നെ അവസാനമായി ഈ വിശ്വാസവർധക യാഥാർഥ്യത്തെയും വിവരിക്കാൻ ആഗ്രഹിക്കുന്നു. അതായത് കഴിഞ്ഞ രണ്ട് വർഷമായിട്ട് ലോകം കൊറോണ എന്ന ഭയാനകമായ മഹാമാരി കാരണം ദുരിതം അനുഭവിക്കുകയാണ്. ലോകത്ത് വീഴ്ച്ചയും പതനവും സംഭവിക്കാത്ത ഒരു വിഭാഗവുമില്ലതന്നെ! എല്ലായിടത്തും ഭയവും ക്ലേശവും വലവിരിച്ചിരിക്കുകയാണ്. എന്നാൽ, ജമാഅത്ത് എല്ലാ മൈതാനങ്ങളിലും പുരോഗതി പ്രാപിക്കുന്നുവെന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. ഹദ്റത്ത് അമീറുൽ മുഅ്മിനീൻ(അയ്യദഹുല്ലാഹ്) ഇപ്പോൾ സമർപ്പിച്ച അഹ്മദിയ്യാ ജമാഅത്തിന്റെ പുരോഗതിയുടെ ഒരു മിന്നലാട്ടം, അല്ലാഹു എല്ലാ മൈതാനങ്ങളിലും ജമാഅത്തിന് പുരോഗതികൾ നൽകുന്നു എന്നതിനുള്ള തെളിവാണ്. ജമാഅത്തിന്റെ ആളുകളിൽ ബർക്കത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നു. ജമാഅത്തിന്റെ സമ്പത്തുകളിൽ ബർക്കത്ത് ഇറങ്ങിക്കൊണ്ടിരിക്കുന്നു. ആഗോള അഹ്മദിയ്യാ ജമാഅത്ത്, അഹ്മദിയ്യാ ഖിലാഫത്തിന്റെ തണലിൽ വിജയത്തിന്റേയും സഹായത്തിന്റേയും മംഗളവാദ്യം വായിക്കാത്തതായ ഒരു കോണും ലോകത്തില്ല. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈമാൻ വർധിപ്പിക്കുന്ന രണ്ടു ഉദ്ധരണി സമർപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'പുതിയ ഭൂമിയും, പുതിയ ആകാശവും ഉണ്ടായി വരുന്നതായിരിക്കും. പടിഞ്ഞാറുനിന്ന് സത്യത്തിന്റെ സൂര്യൻ ഉദിക്കേണ്ട സമയം ഇതാ അടുത്തിരിക്കുന്നു. യൂറോപ്പിന് യഥാർഥ ദൈവത്തെ അറിയാൻ സാധിക്കും. അതിനുശേഷം തൗബയുടെ വാതിൽ അടക്കപ്പെടും. കാരണം പ്രവേശിക്കുന്നവർ വലിയ ശക്തമായിത്തന്നെ പ്രവേശിക്കുന്നതായിരിക്കും. ആരുടെ മനസ്സിന്റെ വാതിലാണോ സ്വാഭാവികമായും അടഞ്ഞിട്ടുള്ളത് അവർ പ്രകാശത്തെയല്ല, പ്രത്യുത ഇരുട്ടിനെയാണ് സ്നേഹിക്കുന്നത്. അടുത്തുതന്നെ ഇസ്ലാമല്ലാത്ത മറ്റെല്ലാ മതങ്ങളും നശിക്കുന്നതാണ്. എല്ലാ ആയുധങ്ങളും മുറിയുന്നതാണ്. പക്ഷേ, ഇസ്ലാമിന്റെ ദിവ്യമായ ആയുധം ദജ്ജാലിയ്യത്തിനെ തുണ്ടം തുണ്ടമാക്കാതെ മുറിയുകയില്ല. തേയുകയുമില്ല. ആ സമയം അടുത്തിരിക്കുന്നു. അല്ലാഹുവിന്റെ സത്യമായ തൗഹീദ് അഥവാ ഏകദൈവവിശ്വാസം-അതിനെ വനാന്തരങ്ങളിൽ വസിക്കുന്നവരും അറിവുകളിൽനിന്നെല്ലാം അശ്രദ്ധരായി കിടക്കുന്നവരും അനുഭവിച്ചറിയുന്നതാണ്-രാജ്യങ്ങളിൽ വ്യാപിക്കുന്നതായിരിക്കും. ആ ദിവസം ഒരു കൃത്രിമ പാപപരിഹാരവും അവശേഷിക്കുകയുമില്ല. ഒരു കൃത്രിമ ദൈവവും അവശേഷിക്കുകയില്ല. അല്ലാഹുവിന്റെ വെറുമൊരു കൈ കുഫ്റിന്റെ എല്ലാ പദ്ധതികളെയും നശിപ്പിക്കുന്നതാണ്. അത് വാളുകൊണ്ടോ തോക്കുകൊണ്ടോ ആയിരി

ശേഷം പേജ് 14 ൽ

## അല്ലാഹുവിന്റെ കലാം:

**"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തു തരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ."** (വിശുദ്ധ ഖുർആൻ 3:148)

ത്വാലിബെ ദുആ:
K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

## അല്ലാഹുവിന്റെ കലാം:

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."**

(വിശുദ്ധ ഖുർആൻ 51:57)

ത്വാലിബെ ദുആ:
K.Muhammad Safwan & Family
Ahmadiyya Jama-ath Kakkanad, Kerala

ലേഖനം 03

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതചരിത്രം

## വിശുദ്ധ ഖുർആനോടുള്ള അവിടത്തെ പ്രേമവും ഖുർആനിക സേവനവും

അത്വാഅ് ഇലാഹി അഹ്സൻ ഗോറി, നാള്വിം തഅ്മീറാത്ത്, സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ

മതചരിത്രങ്ങളിൽ ക്രിസ്ത്വബ്ദം 19-ാം നൂറ്റാണ്ടിന്റെ അവസാന പകുതിയും 20-ാം നൂറ്റാണ്ടിന്റെ തുടക്കവും വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഇക്കാലത്താണ് ഇന്ത്യയിൽ ഒരു ഭാഗത്ത് വലിയ വലിയ മതങ്ങളുടെ ഇടയിൽ, അഗാധമായ ഗൗരവത്തോടും വ്യാപകതയോടുംകൂടി സൈദ്ധാന്തികമായ പോരാട്ടം നടക്കുകയായിരുന്നത്. മറുഭാഗത്ത് പുതിയ പുതിയ അറിവിന്റേയും സംസ്കാരത്തിന്റേയും ഫലമായി മതപരവും അല്ലാത്തതുമായ സിദ്ധാന്തങ്ങൾ അതിശക്തമായി രംഗത്തു വരികയും ചെയ്തു. ഒരു ഭാഗത്ത് ക്രിസ്ത്യാനികളും, ബ്രഹ്മസമാജക്കാരും ആര്യസമാജക്കാരും ഇസ്ലാമിന്റെമേൽ ആക്രമണം നടത്തിക്കൊണ്ടിരുന്നു. മറുഭാഗത്ത് മുസ്ലിമീങ്ങളുടെ അവസ്ഥയും വളരെ ശോചനീയമായിക്കൊണ്ടിരുന്നു. അവരിലെ അധികമതപണ്ഡിതന്മാർക്കും ഈ പുറത്തുനിന്നുള്ള അപകടങ്ങളെ കുറിച്ച് ഒരു ബന്ധവുമില്ലായിരുന്നു. അവർ തങ്ങളുടെ ഉള്ളിലുള്ള ഗ്രൂപ്പുവഴക്കുകളെ തങ്ങളുടെ മോക്ഷത്തിനുള്ള വഴിയായി മനസ്സിലാക്കി. ഇവരുടെ പക്കൽ ജിഹാദ് എന്നത് ഇസ്ലാമിന്റെ നാലു ഭിത്തിക്കുള്ളിൽ പസ്പരം കലഹിക്കുന്നതിന്റെ പേരാണ്! കുഴപ്പത്തിൽ കുഴഞ്ഞു മറിഞ്ഞ ഗ്രൂപ്പുകൾക്കു പുറമെ പണ്ഡിതന്മാർ എന്നു പറയുന്നവരുടെ ഗ്രൂപ്പുമുണ്ടായിരുന്നു. അവർ നിക്കാഹിന്റേയും ഫാത്തിഹ ഓതലിന്റേയും ചീരണികളും യൂസുഫ്-സുലയ്ഖയുടേയും സബാ രാജ്ഞിയുടേയും കഥകളും ഇപ്രകാരംതന്നെ ജിന്നുകളെ കീഴ്പ്പെടുത്തുമെന്ന് വാദങ്ങൾകൊണ്ട് ഗ്രാമീണ ചുറ്റുപാടുകൾക്ക് നിറം പിടിപ്പിക്കുകയും ചെയ്തിരുന്നു. ഇസ്ലാമിന്റേയും വിശുദ്ധഖുർആനിന്റേയുംമേൽ എന്താണ് നടമാടിക്കൊണ്ടിരുന്നതെന്നും നമ്മുടെ യജമാനരായ മുഹമ്മദു മുസ്തഫാ(സ)തിരുമേനിയുടെമേൽ എത്രമാത്രം അക്രമപരവും നിർദയപരവുമായ ആക്രമണങ്ങളാണ് നടന്നുകൊണ്ടിരുന്നതെന്നും അവരുടെ ജിന്നുകൾക്കുപോലും അറിവുണ്ടായിരുന്നില്ല. ജിന്നുകളെ സാങ്കല്പികമായി അധീനപ്പെടുത്തുന്നതിലായിരുന്നു അവരെപ്പോഴുമുണ്ടായിരുന്നത്.

ഇസ്ലാമിന് ദുഃഖത്തിന്റേയും വേവലാതിയുടേയും കാലഘട്ടമായിരുന്നു ഇത്. ഇക്കാലഘട്ടത്തിൽത്തന്നെയാണ് അഹ്മദിയ്യത്തിന്റെ പ്രകാശം പൊട്ടിവിടർന്നതും. അക്കാലത്ത് പരിശുദ്ധ ഖാദിയാനിൽ നിശ്ചയദാർഢ്യനും മഹാനുമായ ഒരു പരിഷ്കർത്താവ് ജനിച്ചു. അദ്ദേഹം ഈ ചെറിയ വിദ്യാഭ്യാസംപോലുമില്ലാത്ത ചുറ്റുപാടിൽ ജീവിതത്തിലെ 40 വർഷം തന്റെ കുടുംബവീട്ടിലെ ഒരു മുറിയിൽ അല്ലെങ്കിൽ ചെറിയ മസ്ജിദിന്റെ ഒരു കോണിൽ നിശബ്ദനായും അങ്ങേയറ്റം ചിന്തയോടുംകൂടി കഴിച്ചുകൂട്ടി. ഇസ്ലാമിന്റെ പ്രകാശപൂരിതമായ മുഖം അതിന്റെ ആത്മീയപ്രഭമുഖേന 1300 വർഷം മുമ്പേ വെട്ടിത്തിളങ്ങിയിരുന്നു. ഇന്ന് അത് പൊടിപടലങ്ങൾ പിടിച്ച് വികൃതമായിരിക്കുന്നു, അദ്ദേഹത്തിന്റെ മനസ്സിലെ വേദന പൊന്തിവന്ന് പുറത്തു കടക്കാനുള്ള വഴി അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. പക്ഷേ, അദ്ദേഹം വേദനയെല്ലാം അമർത്തി. അവസാനം ആ സകലവേദനയും ശരീരധാരിയായിക്കൊണ്ട് മഷിയുടെ രൂപം സ്വീകരിച്ചു. കടലാസിന്റെ പേജുകളിൽ ചിതറിവീണ് അത് ബറാഹീനെ അഹ്മദിയ്യായുടെ രൂപം പ്രാപിച്ചു.

ബറാഹീനെ അഹ്മദിയ്യ എന്തായിരുന്നു? അത് ഇസ്റാഫീലിന്റെ കാഹളമായിരുന്നു. അത് മതലോകത്ത് കോളിളക്കം സൃഷ്ടിച്ചു. മുക്കിലും മൂലയിലും ദീർഘകാലം സ്വപ്നത്തിൽ മുഴുകിയിരുന്ന ഇന്ത്യയിലെ മുസ്ലിമീങ്ങൾ തലയുയർത്തി നില്ക്കാൻ തുടങ്ങി. മുഹമ്മദാകുന്ന തോട്ടത്തിൽ മനോഹരമായ പുഷ്പം വിടരുന്നതു കണ്ടപ്പോൾ അവർ സന്തോഷിച്ചു. ബറാഹീനെ അഹ്മദിയ്യ പ്രസിദ്ധീകരണത്തിൽ മുസ്ലിമീങ്ങൾ സന്തോഷവും പെരുന്നാളും ആഘോഷിച്ചു. എല്ലാ ഭാഗത്തുനിന്നും അനുമോദനത്തിന്റേയും വിശ്വാസദാർഢ്യത്തിന്റേയും ഉപഹാരങ്ങൾ വരാൻ തുടങ്ങി. ബറാഹീനെ അഹ്മദിയ്യായുടെ കർത്താവ് ഇസ്ലാമിനുവേണ്ടി ചെയ്ത സേവനങ്ങൾ 1300 വർഷമായി ആരും ചെയ്യാത്ത വലിയ സേവനങ്ങളാണെന്ന് ചിലർ എഴുതി. താങ്കൾ അല്ലാഹുവിനുവേണ്ടി 'മിശിഹാ' ആയിത്തീരുക എന്ന് ചിലർ ആഗ്രഹം പ്രകടിപ്പിച്ചു. വിശുദ്ധ ഖുർആനിന്റെ തെളുവുകൾ അടങ്ങിയ ഇസ്ലാമിക എൻസൈക്ലോപീഡിയയായ ബറാഹീനെ അഹ്മദിയ്യയ്ക്ക് മുസ്ലിമീങ്ങളുടെ വൈജ്ഞാനിക രംഗത്ത് അങ്ങേയറ്റത്തെ സ്വീകാര്യതയാണ് ലഭിച്ചത്. എന്നാൽ, ഇസ്ലാമിന്റെ ശത്രുക്കളുടെ വീടുകളിൽനിന്ന് വിലാപവും ഉയരുകയുണ്ടായി.

നബി(സ)തിരുമേനി പറഞ്ഞു: **ലൗ കാനൽ ഈമാനു യിൻദഥ്ഥുറയ്യ ലനാലഹൂ രിജാലുൻ ഔ റജുലുൻ മിൻ ഹാഉലാഇ.** (ബുഖാരി കിതാബുത്തഫ്സീർ, സൂറ ജുമുഅ). ഈമാൻ കാർത്തികനക്ഷത്രത്തിന്റെ(ഥുറയ്യ നക്ഷത്രത്തിന്റെ) അടുത്തായാലും ഇവരിൽ(പേർഷ്യൻ വംശജരിൽ)നിന്നുള്ള ചിലയാളുകൾ അഥവാ ഒരാൾ അതിനെ കണ്ടെടുക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'അവസാന കാലത്ത് വിശുദ്ധ ഖുർആൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമെന്നും ഖുർആനികജ്ഞാനം ഇല്ലാതായിപോകുമെന്നും അജ്ഞതവ്യാപിക്കുമെന്നും സത്യവിശ്വാസത്തിന്റെ മധുരിമ ഹൃദയത്തിൽ ഇല്ലാതായിത്തീരുമെന്നും ഹദീഥുകളിൽ വന്നിട്ടുണ്ട്. അതുപോലെ ഈമാൻ കാർത്തികനക്ഷേത്രത്തിൽ പോയിനിന്നാൽ അതായത് ഭൂമിയിൽ അതിന്റെ പേരും അടയാളളവുംപോലും ഇല്ലാതായാൽ, അപ്പോൾ ഫാർസി വംശത്തിൽപ്പെട്ട ഒരാൾ തന്റെ കൈനീട്ടുമെന്നും പിന്നീട് അതേ ഥുറയ്യായിൽനിന്നു അതിനെ എടുക്കുമെന്നും ഹദീഥുകളിലുണ്ട്. അജ്ഞതയും ഈമാനില്ലായ്മയും അന്ധകാരവും- അതിനെ മറ്റൊരു ഹദീഥിൽ പുകയോടു ഉപമിച്ചിട്ടുണ്ട്- ലോകത്ത് വ്യാപിക്കുകയും ഭൂമിയിൽ യഥാർഥ സത്യവിശ്വാസം ഇല്ലാതായിത്തീരുകയും വിശുദ്ധ ഖുർആൻ ഉപേക്ഷിക്കപ്പെടുകയും ചെയ്യുമെന്ന് ഹദീഥുകളിൽനിന്ന് വളരെ വ്യക്തമായി നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നതാണ്.' *(ഇസാലയെ ഔഹാം, റൂഹാനീഖസാഇൻ വാള്യം 3, പേജ് 455)*

അദ്ദേഹം തുടർന്ന് പറഞ്ഞു: 'ഈ അവസ്ഥ ഉണ്ടായാൽ ഫാർസി വംശത്തിൽപ്പെട്ട ഒരാൾ വരികയും അദ്ദേഹം ദീനിനെ ആപാദചൂഢം വീണ്ടും തിരിച്ചുകൊണ്ടുവരികയും ദീനിനേയും ഖുർആനിനേയും ആപാദചൂഢം ആർദ്രമാക്കുകയും ചെയ്യുന്നതാണ്. കളഞ്ഞുപോയ വിശുദ്ധ ഖുർആനിന്റെ മഹത്ത്വവും മറന്നുപോയ മാർഗനിർദേശങ്ങളും ഥുറയ്യാ നക്ഷത്രത്തിലേക്ക് ഉയർന്നുപോയ സത്യവിശ്വാസവും വീണ്ടും ലോകത്ത് വ്യാപിപ്പിക്കുന്നതാണ്.

വിശുദ്ധ ഖുർആനിന്റെ സേവകനെന്ന നിലയിൽ, തന്റെ ആഗമനോദ്ദേശ്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'മറയടക്കപ്പെട്ട ആ ഖജനാവുകൾ ലോകത്ത് ഞാൻ വെളിപ്പെടുത്തുന്നതിനും ആ മിന്നിത്തിളങ്ങുന്ന മുത്തുകളുടെമേൽ തുപ്പപ്പെട്ട അവിശുദ്ധമായ ആക്ഷേപങ്ങളുടെ ചെളിയിൽനിന്ന് അതിനെ വൃത്തിയാക്കുന്നതിനുംവേണ്ടിയാണ് അല്ലാഹു എന്നെ നിയോഗിച്ച് അയച്ചിട്ടുള്ളത്. വിശുദ്ധ ഖുർആനിന്റെ അന്തസ്സിനെ വൃത്തികെട്ട എല്ലാ ശത്രുക്കളുടേയും ആക്ഷേപങ്ങളുടെ കലകളിൽനിന്ന് പരിപാവനവും പരിശുദ്ധവും ആക്കുന്നതിന് അല്ലാഹുവിന്റെ ആത്മീയരോഷം ഇപ്പോൾ വലിയ ആവേശത്തിലാണ്.' *(മൽഫൂദാത്ത് വാള്യം 1, പേജ് 38, പ്രസാധനം ഖാദിയാൻ 2003)*

അല്ലാഹു നല്കിയിട്ടുള്ള വിശുദ്ധ ഖുർആനിന്റെ യാഥാർഥ്യങ്ങളുടേയും ജ്ഞാനങ്ങളുടേയും അടിസ്ഥാനത്തിൽ ഒരു ഭാഗത്ത് അദ്ദേഹം മറ്റുള്ള മതങ്ങളുടെ വിശ്വാസത്തേയും മസീഹിന്റെ ജീവിച്ചിരിക്കൽ, ത്രിയേകത്വം, മസീഹിന്റെ ദൈവപുത്രവാദം, പാപപരിഹാര സിദ്ധാന്തം, പുനർജന്മം, ആത്മാവിന്റേയും ശരീരത്തിന്റേയും അനാദിത തുടങ്ങിയവയെ നിഷേധിച്ചിടത്ത് മുസ്ലിമീങ്ങളുടെ അന്ധവിശ്വാസങ്ങളെ പരിഷ്കരിച്ചുകൊണ്ട് മസീഹിന്റെ മരണം, പ്രവാചകത്വത്തിന്റെ തുടരൽ, നബിമാരുടെ പാപരഹിതത്വം, മസീഹിന്റെ ഇറക്കം തുടങ്ങിയ കാര്യങ്ങളിൽ ഖുർആനികമായ തെളിവുകൾകൊണ്ട് വെളിച്ചംവീശി. ഇപ്രകാരംതന്നെ മുസ്ലിമീങ്ങളിൽ വ്യാപിച്ച അനാചാരങ്ങളേയും വിശുദ്ധ ഖുർആനിന്റെ യഥാർഥ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ നീതിമാനായ വിധികർത്താവ് എന്ന നിലയിൽ അവസാനിപ്പിച്ചു. അല്ലാഹു അദ്ദേഹത്തെ വിശുദ്ധ ഖുർആനിന്റെ ഛായ എന്ന നിലയിൽ സാഹിത്യസമ്പുഷ്ടമായ അറബി ഭാഷ പഠിപ്പിച്ചു. ഇതിന്റെ ഫലമായി ഇരുപതിനടുത്ത് അറബി ഗ്രന്ഥങ്ങൾ രചിക്കുകയുണ്ടായി. അവയിലൊന്ന് 'ഇഅ്ജാസുൽമസീഹ്'മാണ്. അത് സൂറ ഫാത്തിഹായുടെ തഫ്സീർ അടങ്ങിയതാണ്. ഹുദൂർ(അ) ഈ തഫ്സീറിനെ സംബന്ധിച്ച് ദൈവിക അറിയിപ്പനുസരിച്ച് എഴുതി: ശത്രുക്കളായിട്ടുള്ള പണ്ഡിതന്മാരും തത്ത്വജ്ഞാനികളും കർമശാസ്ത്ര പടുക്കളും അവരുടെ പൂർവികന്മാരും അവരുടെ മക്കളും ചേർന്നുകൊണ്ട് ഈ വ്യാഖ്യാനത്തിന് തുല്യമായ ഗ്രന്ഥം കൊണ്ടുവരാനാഗ്രഹിച്ചാലും അവർക്കൊരിക്കലും കൊണ്ടുവരാൻ സാധിക്കുകയില്ല.' *(ഇഅ്ജാസുൽമസീഹ്, റൂഹാനീ ഖസാഇൻ വാള്യം 18, പേജ് 56)*

ഈ മഹത്തായ പ്രവചനപ്രകാരം അറബികളും അനറബികളുമായ ഒരു എഴുത്തകാരനും തത്തുല്യമായ ഗ്രന്ഥമെഴുതാനുള്ള ധൈര്യമുണ്ടായില്ല. അദ്ദേഹം തന്റെ 80-ൽപരം ഗ്രന്ഥങ്ങളിൽ വിശുദ്ധ ഖുർആനിന്റെ യാഥാർഥ്യങ്ങളും ജ്ഞാനങ്ങളും ദിവ്യാത്ഭുതങ്ങളും വിവരിക്കുകയുണ്ടായി. ഇത്തരത്തിലുള്ള കാര്യങ്ങൾ മറ്റൊരു ഗ്രന്ഥത്തിലും കാണാൻ കഴിയുകയില്ല.

അദ്ദേഹം പറയുന്നു: 'ഞാൻ ഇതിനുമുമ്പേയും എഴുതിയിരുന്നു, വിശുദ്ധഖുർആനിന്റെ അത്ഭുതങ്ങൾ അധികവും എനിക്കു വെളിപാടിലൂടെ വ്യക്തമാക്കിത്തന്നു. അതിലധികവും മറ്റു തഫ്സീർ ഗ്രന്ഥങ്ങളിൽ കാണാൻ കഴിയുകയില്ല. ഉദാഹരണത്തിന് ആദ്യത്തിലുള്ള ആദമിന്റെ സഷ്ടിപ്പുമുതൽ നബി(സ)തിരുമേനിയുടെ കാലഘട്ടംവരെ എത്രകാലയളവാണ് കടന്നുകഴിഞ്ഞിട്ടുള്ളത്. ആ എല്ലാ കാലഘട്ടവും 'അസ്വ്ർ' എന്ന അധ്യായത്തിന്റെ അബ്ജദിന്റെ(അക്ഷരസംഖ്യാശാസ്ത്രം)കണക്കുപ്രകാരം അത്രയും വർഷത്തെ സംഭവം ഈ അധ്യായത്തിൽ രേഖപ്പെട്ടുകിടക്കുന്നു. അതായത് നാലായിരത്തി എഴുന്നൂറ്റി നാൽപത്(4740)വിശുദ്ധ ഖുർആനിന്റെ അത്ഭുതങ്ങൾ പ്രകടമായിട്ടുള്ള ഖുർആനിക ജ്ഞാനങ്ങൾ മറ്റേതെങ്കിലും തഫ്സീറുകളിൽ എഴുതിയിട്ടുണ്ടോ?' *(ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ വാള്യം 3, പേജ് 258)*

ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ആഗമനത്തിനുമുമ്പേ വിശുദ്ധ ഖുർആനിൽ ചില ആയത്തുകൾ നാസിഖ്(കാലഹരണപ്പെടുത്തുന്ന) ചില ആയത്തുകൾ മൻസൂഖ്(കാലഹരണപ്പെട്ട) ഉണ്ടെന്നുമുള്ള വിശ്വാസമായിരുന്നു മുസ്ലിമീങ്ങൾ വെച്ചുപുലർത്തിയിരുന്നത്! പണ്ഡിതന്മാരുടെ പക്കൽ കാലഹരണപ്പെട്ട ആയത്തുകളുടെ എണ്ണം

500 വരെയായിരുന്നു. എങ്ങനെയെങ്കിലും തുലനം ചെയ്തുകൊണ്ട് ഈ എണ്ണം കുറയ്ക്കാൻവേണ്ടി പണ്ഡിതന്മാർ ശ്രമിച്ചു. അവർ തങ്ങളുടെ ഈ പരിശ്രമത്തിൽ വിജയിക്കുകയും ചെയ്തു. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനംവരെ ഈ പ്രശ്നം പൂർണമായും പരിഹരിക്കാൻ സാധിച്ചില്ല. പണ്ഡിതന്മാരുടെ പക്കൽ കാലഹരണപ്പെട്ട അഞ്ചു ആയത്തുകൾ ബാക്കിയുണ്ടെന്നാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) വന്നുകൊണ്ട് ഈ പ്രശ്നം പൂർണമായ നിലയിൽ പരിഹരിച്ചു. അദ്ദേഹം പറയുന്നു: 'വിശുദ്ധ ഖുർആൻ അവസാനത്തെ ശരീഅത്ത് ഗ്രന്ഥമാണ്. അതിലെ നിയമങ്ങൾ, വിധിവിലക്കുകൾ, കല്പനകൾ എന്നിവയൊക്കെ കൂട്ടാനോ കുറയ്ക്കാനോ സാധിക്കുകയില്ലെന്ന കാര്യത്തിൽ നാം ദൃഢജ്ഞാനത്തോടുകൂടി വിശ്വസിക്കുന്നു. ഇനി അല്ലാഹുവിന്റെ ഭാഗത്തുനിന്ന് ഒരു വഹ്യോ വെളിപാടോ വിശുദ്ധഖുർആനിനെ മാറ്റപ്പെടുത്തിക്കൊണ്ട് ഉണ്ടാകുകയില്ല. ഇനിയാരെങ്കിലും അങ്ങനെ കരുതുകയാണെങ്കിൽ അയാൾ നമ്മുടെ പക്കൽ മുഅ്മിനീങ്ങളുടെ ജമാഅത്തിൽനിന്ന് പുറത്തുപോയയാളും നാസ്തികനും സത്യനിഷേധിയുമായിരിക്കും.'*(ഇസാലയെ ഔഹാം ഒന്നാംഭാഗം പേജ് 170)*

'ഹദ്റത്ത് മിയാൻ അബ്ദുല്ലാഹ് സാഹിബ് സൻവരി[റ] യുടെ സുദീർഘമായൊരു നിവേദനമുണ്ട്. അദ്ദേഹം പറയുന്നു:'ഞാനൊരിക്കൽ ഹദ്റത്ത് സാഹിബിനോടു പറഞ്ഞു:'ഹുദൂർ!ഞാൻ ഖാദിയാനിൽ വരുമ്പോഴെല്ലാം മറ്റൊരു കാര്യവും അനുഭവപ്പെടാറില്ല. എന്നാൽ, ഇവിടെ ഇടയ്ക്കിടെ ക്ഷണത്തിൽ എന്നിൽ ചില ഖുർആനിക വചനങ്ങളുടെ അർഥങ്ങൾ തുറക്കപ്പെടുന്നതായി കാണുന്നു. എന്റെ മനസ്സിൽ അർഥത്തിന്റെ കെട്ടിയ ചെറിയ സഞ്ചി വീഴ്ത്തപ്പെടുന്നതായാണ് അനുഭവപ്പെടുന്നുന്നത്.'ഹദ്റത്ത് സാഹിബ് പറഞ്ഞു:'നമ്മെ വിശുദ്ധ ഖുർആനിന്റെ മഅ്രിഫത്തുകൾ അഥവാ ഈശ്വരീയ ജ്ഞാനങ്ങൾ നല്കിക്കൊണ്ടുതന്നെയാണ് അയച്ചിട്ടുളളത്. അതിന്റെ സേവനം നമ്മുടെ നിർബന്ധ കടമയായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് നമ്മളുമായുള്ള സഹവാസത്തിനും ഈ ഫലമുണ്ടാകേണ്ടതാണ്."*(സീറത്തുൽഹ്ദി, ഭാഗം 1, പേജ് 90)*

ഇനി ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിശുദ്ധ ഖുർആനോടുള്ള പ്രേമത്തിന്റെ വശം വിവരിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ പരിശുദ്ധമായൊരു പദ്യത്തിൽ പറയുന്നു:

**ദിൽമെ യഹീഹെ ഹർദം തേരാ സ്വഹീഫ ചൂമൂ**
**ഖുർആൻ കെ ഗിർദ് ഘൂമൂ കഅ്ബ മേരാ യഹീ ഹെ**

ഏതുസമയവും നിന്റെ ഗ്രന്ഥമായ വിശുദ്ധഖുർആനിനെ മുത്തിക്കൊണ്ടിരിക്കണമെന്നാണ് എന്റെ മനസ്സിലുളളത്;ഇതുതന്നെയാണ് എന്റെ കഅ്ബ എന്നപോലെ!

വിശുദ്ധ ഖുർആൻ ദൈവവചനമായ കാരണത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അതിനോടു സത്യസന്ധവും സ്വാഭാവികവുമായ സ്നേഹമുണ്ടായിരുന്നു. അതിന്റെ അതുല്യമായ അർഥപരവും ബാഹ്യവുമായ പ്രത്യേകതകൾ കാരണത്താൽ അദ്ദേഹത്തിന് അതിനോടു അതിരറ്റ പ്രേമമായിരുന്നു; ഈ പദ്യത്തിൽനിന്ന് പ്രകടമാകുന്നതുപോലെ. അവിടന്ന് പറയുന്നു:'എന്റെ ദിവ്യമായ യജമാനരേ! നിന്നിൽനിന്നാണ് വന്നിട്ടുളളത്. ഇതു പരിശുദ്ധമായ ഗ്രന്ഥമാണ്. ഇതിനെ എപ്പോഴും മുത്തിക്കൊണ്ടിരിക്കണമെന്നും അതിനുചുറ്റും ത്വവാഫ് ചെയ്തുകൊണ്ടിരിക്കുന്നതിനും എന്റെ മനസ്സ് അസ്വസ്ഥമായിരിക്കുന്നു.'

വീണ്ടും അവിടന്ന് പറയുന്നു:'നമുക്ക് കണ്ണുകൾ കൂടാതെ കാണാൻ കഴിയാത്തതുപോലെ, ചെവികൾ കൂടാതെ കേൾക്കാൻ കഴിയാത്തതുപോലെ, നാവുകൂടാതെ സംസാരിക്കാൻ കഴിയാത്തതുപോലെ വിശുദ്ധ ഖുർആൻ കൂടാതെ ആ പ്രേമഭാജനത്തിന്റെ മുഖകമലവും കാണാൻ സാധിക്കുകയില്ല. ഞാൻ യുവാവായിരുന്നു. ഇപ്പോൾ വൃദ്ധനായി. എന്നാൽ, പരിശുദ്ധമായ ഈ ഉറവിൽനിന്നല്ലാതെ ഈ തുറന്നുകിടക്കുന്ന ഈശ്വരീയജ്ഞാനത്തിന്റെ പാനപാത്രം ആരെങ്കിലും കുടിച്ചതായി ഞാൻ കണ്ടിട്ടില്ല.'*(ഇസ്ലാമീ ഉസ്വൂൽ കി ഫലാസഫി, റൂഹാനീ ഖസാഇൻ വാല്യം 10, പേജ് 442)*

അദ്ദേഹം തന്റെ ഗ്രന്ഥമായ കശ്തിയെ നൂഹിൽ വിശുദ്ധഖുർആൻ ശ്രദ്ധയോടുകൂടി പാരായണം ചെയ്യുന്നതിനേയും അതിനെ അതിരറ്റ് സ്നേഹിക്കുന്നതിനേയും അതിന്റെ എല്ലാ കല്പനകളുമനുസരിച്ച് ആത്മാർഥമായി പ്രവർത്തിക്കുന്നതിനേയും സംബന്ധിച്ച് പറയുന്നു:

'ഞാൻ നിങ്ങളോട് സത്യമായും പറയുന്നു:വിശുദ്ധ ഖുർആനിലെ 700 കല്പനകളിൽനിന്ന് ഒരു ചെറിയ കല്പനയെപ്പോലും നിരസിക്കുന്നവൻ തനിക്കായി മോക്ഷത്തിന്റെ വാതിൽ സ്വകരംകൊണ്ടു അടക്കുകയാണ് ചെയ്യുന്നത്. പരമാർഥപരവും പരിപൂർണവുമായ മോക്ഷത്തിന്റെ വാതിൽ വിശുദ്ധ ഖുർആൻ തുറന്നുതന്നിരിക്കുന്നു. മറ്റുള്ളതെല്ലാം അതിന്റെ ഛായയാണ്. അതുകൊണ്ട് നിങ്ങൾ വിശുദ്ധഖുർആൻ ഗ്രഹിച്ച് പാരായണം ചെയ്യുക. മറ്റൊന്നിനോടും പുലർത്തിയിട്ടില്ലാത്തവിധം നിങ്ങൾ അതിനെ വളരെയധികം സ്നേഹിക്കുക. എന്തുകൊണ്ടെന്നാൽ അല്ലാഹു എന്നെ സംബോധന ചെയ്ത് ഇപ്രകാരം പറഞ്ഞു: **അൽഖയ്റു കുല്ലുഹു ഫിൽഖുർആനി** എല്ലാ വിധത്തിലുള്ള നന്മകളും വിശുദ്ധ ഖുർആനിലുണ്ട്. സത്യവും ഇതുതന്നെയാണ്. അതിനുമേൽ മറ്റു വസ്തുക്കളെ മുന്തിക്കുന്നവർക്ക് അഹോ കഷ്ടം! നിങ്ങളുടെ സകല വിജയങ്ങളുടേയും മോക്ഷത്തിന്റേയും ഉറവിടം ഖുർആനിലാണുള്ളത്. നിങ്ങളുടെ മതപരമായ ഓരോ ആവശ്യവും വിശുദ്ധഖുർആനിലാണുള്ളത്. നിങ്ങളുടെ മതപരമായ ഒരാവശ്യവും വിശുദ്ധഖുർആനിൽ കാണാത്തതായില്ല. പുനരുഥാനനാളിൽ നിങ്ങളുടെ വിശ്വാസത്തെ സത്യപ്പെടുത്തുകയോ വ്യാജപ്പെടുത്തുകയോ ചെയ്യുന്നത് ഖുർആനാകുന്നു. നിങ്ങൾക്ക് നേരിട്ട് സന്മാർഗ്ഗം നല്കാൻ കഴിവുറ്റ ഗ്രന്ഥം ആകാശത്തിൻ കീഴിൽ ഖുർആനല്ലാതെ മറ്റൊന്നില്ല. വിശുദ്ധ ഖുർആൻ പോലുള്ള ഗ്രന്ഥം നിങ്ങൾക്ക് ദാനം ചെയ്ത അല്ലാഹു നിങ്ങളോട് ഒരുപാട് ഔദാര്യം ചെയ്തിരിക്കുകയാണ്. നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ട ആ ഗ്രന്ഥം ക്രിസ്ത്യാനികൾക്ക് അവതരിച്ചിരുന്നെങ്കിൽ അവർ നശിക്കുമായിരുന്നില്ലെന്നും നിങ്ങൾക്ക് നല്കപ്പെട്ട ഈ അനുഗ്രഹവും സന്മാർഗ്ഗവും തൗറാത്തിനു പകരം യഹൂദികൾക്ക് നല്കിയിരുന്നെങ്കിൽ അവരിൽ ചില കക്ഷികൾ പരലോക നിഷേധികളാകുമായിരുന്നില്ലെന്നും ഞാൻ സത്യമായും നിങ്ങളോടു പറയുന്നു. അതുകൊണ്ട് നിങ്ങൾക്ക് നല്കപ്പെട്ടിരിക്കുന്ന ഈ അനുഗ്രഹത്തെ ആദരിക്കുക. ഇത് അങ്ങേയറ്റം പ്രിയങ്കരമായ അനുഗ്രഹമാണ്. ഇത് വലിയ സമ്പത്താണ്. ഖുർആൻ വന്നില്ലായിരുന്നെങ്കിൽ മുഴുലോകവും അഴുകിയ മാംസപിണ്ഡം പോലെയാകുമായിരുന്നു. അതാണ് ഖുർആൻ! ഇതിന്നെതിരിലുള്ള എല്ലാ രക്ഷാമാർഗ്ഗങ്ങളും നിഷ്ഫലമാണ്.(കശ്തിയെനൂഹ്,റൂഹാനീ ഖസാഇൻ വാല്യം 19, പേജ് 26-27)

അദ്ദേഹത്തിന്റെ ഗ്രന്ഥമായ മൽഫൂദാത്ത് വയിക്കുന്നതിലൂടെ മനസ്സിലാകുന്നത്, അവിടന്ന് സ്വയം വിശുദ്ധഖുർആൻ അധികമായി പാരായണം ചെയ്യുമായിരുന്നുവെന്ന് മാത്രമല്ല മറ്റുളളവരോടും വിശുദ്ധ ഖുർആൻ പഠിക്കാനും പഠിപ്പിക്കാനും കേൾക്കാനും കേൾപ്പിക്കാനും ഉപദേശിക്കുകയും ചെയ്യുമായിരുന്നു എന്നാണ്. ഒരിക്കൽ ഒരാൾ ചോദിച്ചു:വിശുദ്ധ ഖുർആൻ എങ്ങനെയാണ് പാരായണം ചെയ്യേണ്ടത്? ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:

'വിശുദ്ധ ഖുർആൻ ചിന്തിച്ചും ആലോചിച്ചും ശ്രദ്ധിച്ചും പാരായണം ചെയ്യേണ്ടതാണ്. ഹദീഥ് ശരീഫിൽ വന്നിരിക്കുന്നു, ഖാരിഇൻ യൽഅനുഹുൽ ഖുർആൻ. വിശുദ്ധ ഖുർആൻ ശാപം ചൊരിയുന്ന ധാരാളം ഖാരിമാരുണ്ട്. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയും അതനുസരിച്ച് കർമങ്ങൾ ചെയ്യാതിരിക്കുകയും ചെയ്യുന്നവരുടെമേൽ വിശുദ്ധ ഖുർആൻ ശാപം ചൊരിയുന്നു. പാരായണം ചെയ്യുന്ന നേരത്ത് വിശുദ്ധ ഖുർആൻ റഹ്മത്തിനെ കുറിച്ച് പറയുന്ന സ്ഥലത്ത് റഹ്മത്തിനുവേണ്ടി അപേക്ഷിക്കേണ്ടതാണ്. ഏതെങ്കിലും ജനതയുടെ ശിക്ഷയെ കുറിച്ച് പറയുന്നിടത്ത് അല്ലാഹുവിന്റെ മുമ്പിൽ അഭയത്തിനുവേണ്ടി അപേക്ഷിക്കേണ്ടതാണ്. ചിന്തിച്ചും ശ്രദ്ധയോടുംകൂടി പാരായണം ചെയ്യുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്."*(മൽഫൂദാത്ത് വാല്യം 3, പേജ് 157)*

വീണ്ടും പറയുന്നു: 'നബി[സ]തിരുമേനി പറഞ്ഞു:'വിശുദ്ധ ഖുർആൻ ദുഃഖത്തിന്റെ അവസ്ഥയിലാണ് ഇറങ്ങിയത്. നിങ്ങളും അത് ദുഃഖത്തിന്റെ അവസ്ഥയിൽ പാരായണം ചെയ്യുക.'*(മൽഫൂദാത്ത് വാല്യം 3, പേജ് 152)*

ഹദ്റത്ത് മസീഹ് മൗഊദ്[അ] അധികമധികമായി ഖുർആൻ പാരായണം ചെയ്യാൻ തന്റെ ജമാഅത്തിന് ഉപദേശിച്ചുകൊണ്ടു പറഞ്ഞു:'ഇനി എല്ലാ ഗ്രന്ഥങ്ങളും ഉപേക്ഷിക്കുക. രാവും പകലും അല്ലാഹുവിന്റെ ഗ്രന്ഥം മാത്രം ഓതുക. വിശുദ്ധഖുർആനിലേക്ക് തിരിഞ്ഞുനോക്കാത്തവനും രാവും പകലും മറ്റുഗ്രന്ഥങ്ങളിൽതന്നെ കുനിഞ്ഞിരിക്കുന്നവനും വിശ്വസ്തനല്ലാത്തവനാണ്. നമ്മുടെ ജമാഅത്ത് വിശുദ്ധ ഖുർആനിന്റെ പ്രവൃത്തിയിലും ചിന്തയിലും ആത്മാർഥതയോടെ മുഴുകുകയും ഹദീഥുകളുടെ പ്രവൃത്തി ഉപേക്ഷിക്കുകയും ചെയ്യുക. ഹദീഥുകൾക്ക് നല്കുന്ന പരിഗണനയും പസ്പരം വായിച്ചുകേൾപ്പിക്കലും വിശുദ്ധ ഖുർആന് നല്കാത്തതിൽ വളരെ നിരാശയുണ്ട്. ഈ നേരത്ത് വിശുദ്ധ ഖുർആനിന്റെ ആയുധം കൈയിലെടുക്കുക. എന്നാൽ, വിജയം നിങ്ങളുടേതാണ്. ഈ പ്രകാശത്തിന്റെ നേരെ ഒരു അന്ധകാരത്തിനും നിൽക്കാൻ സാധിക്കുകയില്ല.'*(മൽഫൂദാത്ത് വാല്യം 1, പേജ് 356)*

ഒരാൾ പറഞ്ഞു: എന്റെ നാവ് നല്ലവണ്ണം വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതിന് എനിക്കുവേണ്ടി ദുആ ചെയ്യുക. എന്റെ നാവ് വിശുദ്ധ ഖുർആൻ ഓതുന്നതിനും ഒഴുക്കോടെ നിർവഹിക്കുന്നതിനും അർഹയല്ല. എന്റെ നാവ് തുറക്കുന്നതിനുവേണ്ടി ദുആ ചെയ്യുക.

അവിടന്ന് പറഞ്ഞു:'താങ്കൾ ക്ഷമയോടെ വിശുദ്ധ ഖുർആൻ പാരായണം ചെയ്തുകൊണ്ടിരിക്കുക. അല്ലാഹു താങ്കളുടെ നാവ് തുറന്നുതരുന്നതാണ്. വിശുദ്ധ ഖുർആനിൽ ഇതൊരു ബർക്കത്താണ്, ഇതുമുഖേന മനുഷ്യന്റെ ബുദ്ധി ശുദ്ധമാകുകയും നാവ് തുറക്കപ്പെടുകയും ചെയ്യുന്നു. എന്നല്ല ഡോക്ടർമാരും ഈ രോഗത്തിന് അധികവും ഈ ചികിത്സയാണ് പറയാറുളളത്.'*(മൽഫൂദാത്ത് വാല്യം 3, പേജ് 105)*

ഹുദൂർ[അ]നെ അടുത്തുനിന്ന് കാണുകയും അവിടത്തോടൊപ്പം ഇടപഴകി ജവീക്കുകയും ചെയ്യുന്നവർ, അദ്ദേഹത്തിന് വിശുദ്ധ ഖുർആനോടു അതിരറ്റ പ്രേമവവും അത് പാരായണം ചെയ്യുവാൻ അതീവ താൽപര്യവും ഉണ്ടായിരുന്നുവെന്നതിന് സാക്ഷിയാണ്. ചില ഉദ്ധരണികൾ സമർപ്പിക്കുകയാണ്. ഇവയിൽനിന്ന് അദ്ദേഹത്തിന്റെ അതിരറ്റ പ്രേമത്തിന്റെ അവസ്ഥ മനസ്സിലാകുന്നതാണ്.

'ഗുരുദാസ്പൂരിലെ ലങ്കർവാൽ വാസി മിർസാ ദീൻ മുഹമ്മദ് സാഹിബ് എഴുത്തിലൂടെ എന്നോടു പറഞ്ഞു: ഞാനെന്റെ കുട്ടിക്കാലംമുതലെ ഹദ്റത്ത് മസീഹ് മൗഊദ്[അ]നെ കണ്ടുവന്നതാണ്. ഏറ്റവുമാദ്യം ഞാൻ അദ്ദേഹത്തെ കണ്ടത് മിർസാ ഗുലാം മുർത്തളാ സാഹിബിന്റെ കാലത്തായിരുന്നു. അന്നു ഞാൻ തികച്ചും കുട്ടിയായിരുന്നു. രാത്രിയിൽ ഇശായ്ക്കുശേഷം വേഗം ഉറങ്ങുന്നത് അവിടത്തെ ശീലമായിരുന്നു. പിന്നീട് ഒരുമണിയോടടുത്ത് തഹജ്ജുദിനുവേണ്ടി എഴുന്നേറ്റു നില്ക്കും. തഹജ്ജുദ് നമസ്കരിച്ച് വിശുദ്ധ ഖുർആൻ പാരായണം ചെയ്തുകൊണ്ടിരിക്കും. സ്വുബ്ഹിയുടെ ബാങ്കു കൊടുക്കുമ്പോൾ സുന്നത്ത് വീട്ടിൽ നമസ്കരിച്ച് നമസ്കാരത്തിന് മസ്ജിദിൽപോകുകയും ജമാഅത്തോടുകൂടി നമസ്കരിക്കുകയും ചെയ്യും." *(സീറത്തുൽമഹ്ദി ഭാഗം 3, പേജ് 513-514)*

ഹദ്റത്ത് മിർസാ സുൽത്വാൻ അഹ്മദ് സാഹിബ് വിവരിക്കുന്നു: 'പിതാവ് മൂന്നു ഗ്രന്ഥങ്ങൾ അധികമായി വായിക്കുമായിരുന്നു. അതായത് വിശുദ്ധ ഖുർആൻ, റൂമിയുടെ മഥ്നവി, ദലാഇലുൽ ഖയ്റാത്ത്. (അവയിൽ

നിന്ന് കുറച്ചു കുറിപ്പുകളും എടുക്കാറുണ്ടായിരുന്നു. വിശുദ്ധ ഖുർആൻ ധാരാളമായി ഓതുമായിരുന്നു.'*(സീറത്തുൽമഹ്ദി ഭാഗം 1, പേജ് 199)*

ഹദ്റത്ത് മസീഹ് മൗഊദ്[അ] വാദത്തിനുമുമ്പേ, ജോലിയുടെ ഭാഗമായി സിയാൽക്കോട്ടിൽ താമസിച്ചിരുന്നു. അക്കാലത്തെ അവസ്ഥകൾ വിവരിച്ചുകൊണ്ട് മൗലവി മീർ ഹസൻ സാഹിബ് സിയാൽക്കോട്ടി[റ] വിവരിക്കുന്നു:

'ഹദ്റത്ത് മിർസാ സാഹിബ് ആദ്യം മഹല്ല കശ്മീരിയാനിലെ ഉംറ എന്നുപേരുളള കശ്മീരിയുടെ വീട്ടിൽ വാടകയ്ക്കാണ് താമസിച്ചിരുന്നത്. തികച്ചും തെറ്റുകാരനായ ഈയുളളവന്റെ ഗരീബ്ഖാനയുടെ(വിനയത്തോടെ പറയുന്നത്)ദരിദ്രന്റെ വീടിന്റെ തൊട്ടടുത്തായിരുന്നു അത്. കച്ചേരിയിൽനിന്ന് തിരിച്ചു വരുമ്പോൾ അദ്ദേഹം വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിൽ മുഴുകുമായിരുന്നു. ഇരുന്നും നിന്നും ഉലാത്തുമ്പോഴും തിലാവത്തുചെയ്യുകയും ഏങ്ങലടിച്ചുകരയുകയും ചെയ്യുമായിരുന്നു. എങ്ങനെയുളള ഭക്തിയോടെയാണ് തിലാവത്ത് ചെയ്തിരുന്നതെന്നാൽ അതിന് മാതൃക കിട്ടുകയില്ല.'*(സീറത്തുൽമഹ്ദി ഭാഗം 1, പേജ് 252)*

ഇപ്രകാരംതന്നെ ഹദ്റത്ത് മുൻശീ ള്വഫ്ർ അഹ്മദ് സാഹിബ് കപൂർഥലവിയുടെ വിവരണമാണ്. 'മുൻശി അബ്ദുൽവാഹിദ് സാഹിബ് ഒരു കാലത്ത് ബട്ടാലയിൽ തഹ്സീൽദാറായിരുന്നു. മുൻശി അബ്ദുൽ വാഹിദ് സാഹിബ് ബട്ടാലയിൽനിന്ന് മിക്കപ്പോഴും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പിതാവ് ഹദ്റത്ത് മിർസാ ഗുലാം മുർത്തളാ സാഹിബിനെ കാണാൻ പോകാറുണ്ടായിരുന്നു. അദ്ദേഹം പറയുമായിരുന്നു, അക്കാലത്ത് ഹദ്റത്ത് സാഹിബിന്റെ പ്രായം 14, 15 വയസ്സായിരിക്കും. അദ്ദേഹം പറയുമായിരുന്നു, ആ പ്രായത്തിൽ ഹദ്റത്ത് സാഹിബ് ദിവസംമുഴുവനും വിശുദ്ധ ഖുർആൻ പാരായണം ചെയ്തുകൊണ്ടിരിക്കുമായിരുന്നു. മാർജിനിൽ നോട്ടെഴുതുമായിരുന്നു. മിർസാ ഗുലാം മുർത്തളാ സാഹിബ് ഹദ്റത്ത് സാഹിബിനെക്കുറിച്ച് അധികവും പറയുമായിരുന്നു, 'എന്റെ ഈ മകൻ ആരുമായും ബന്ധം വെക്കാറില്ല. ദിവസം മുഴുവൻ മസ്ജിദിൽ ഇരിക്കുകയും വിശുദ്ധ ഖുർആൻ പാരായണം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു.' മുൻശി അബ്ദുൽവാഹിദ് സാഹിബ് ഒരുപാട് പ്രാവശ്യം ഖാദിയാനിൽ വന്നും പോയും ഇരുന്നിരുന്നു. അദ്ദേഹം പറയുമായിരുന്നു: 'ഞാൻ ഹദ്റത്ത് സാഹിബിനെ എപ്പോഴും ഖുർആൻ പാരായണത്തിൽ മുഴുകിയിരിക്കുന്നതാണ് കണ്ടിട്ടുളളത്."*(സീറത്തുൽമഹ്ദി, ഭാഗം 4, പേജ് 26, നിവേദനം 1011)*

മിയാൻ ഫഖ്റുദ്ദീൻ സാഹിബ് മുൾത്താനിയുടെ വിവരണമാണ്:'1907 - ൽ ഹദ്റത്ത് ബീവി സാഹിബ ലാഹോറിൽ പോയപ്പോൾ അവർ തിരിച്ചുവരുന്നുവെന്ന് അറിഞ്ഞതനുസരിച്ച് ഹദ്റത്ത് മസീഹ് മൗഊദ്[അ] അവരെ കൂട്ടിവരുന്നതിന് ബട്ടാലയിൽപ്പോയി.....ഹദ്റത്ത് സാഹിബ് പല്ലക്കിൽ ഇരുന്ന പുറപ്പെട്ടു. അത് എട്ടാളുകൾ ഊഴമനുസരിച്ച് ഏറ്റിയിരുന്നു. ഖാദിയാനിൽനിന്ന് പുറപ്പെട്ടുടനെ ഹദ്റത്ത് സാഹിബ് വിശുദ്ധ ഖുർആൻ തുറന്ന് തന്റെ മുമ്പിൽ വെച്ചു. സൂറഫാത്തിഹ തിലാവത്തു ചെയ്യാൻ തുടങ്ങി. ഞാൻ ശ്രദ്ധയോടെ നോക്കിക്കൊണ്ടിരുന്നു. ബട്ടാലവരെ ഹദ്റത്ത് സാഹിബ് സൂറഫാത്തിഹതന്നെ വായിച്ചുകൊണ്ടിരുന്നു. രണ്ടാമത്തെ പേജ് മറിച്ചിരുന്നില്ല. വഴിയിൽ ഒരിടത്ത് നദിയിൽ ഹദ്റത്ത് സാഹിബ് ഇറങ്ങി മൂത്രിച്ചു. പിന്നീട് വുളു ചെയ്ത് പല്ലക്കിലിരുന്നു. അതിനുശേഷവും അതുപോലെതന്നെ സൂറഫാത്തിഹ പാരായണത്തിൽ മുഴുകി.*(സീറത്തുൽമഹ്ദി, ഭാഗം 2, പേജ് 395)*

ഹദ്റത്ത് മുഫ്ത്തീ മുഹമ്മദ് സ്വാദിഖ് സാഹിബ്[റ] ന്റെ വിവരണമാണ്:'ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്[അ] നെ ഒരു പ്രാവശ്യം മാത്രമെ കരയുന്നത് കണ്ടിട്ടുള്ളു. അതെങ്ങനെയാണെന്നാൽ, ഒരിക്കൽ അവിടന്ന് ഖുദ്ദാമുമൊത്ത് നടക്കാൻ പോകുകയായിരുന്നു. ആ ദിനങ്ങളിൽ ഹാജി പൂരനിവാസിയായ ഹബീബുർറഹ്മാൻ സാഹിബിന്റെ ജാമാതാവ് ഖാദിയാനിൽ വന്നിട്ടുണ്ടായിരുന്നു. ഇദ്ദേഹം വിശുദ്ധ ഖുർആൻ വളരെ നല്ല രീതിയിൽ പാരായണം ചെയ്യുന്നയാളാണെന്ന് ആരോ ഹദ്റത്ത് സാഹിബിനോടു പറഞ്ഞു. ഹദ്റത്ത് സാഹിബ് അവിടെ വഴിയിൽ ഒരു ഭാഗത്ത് മാറി ഇരുന്നു. കുറച്ചു ഖുർആൻ ശരീഫ് ഓതിക്കേൾപ്പിക്കാൻ പറഞ്ഞു. അങ്ങനെ അദ്ദേഹം വിശുദ്ധ ഖുർആൻ കേൾപ്പിച്ചപ്പോൾ അവിടത്തെ കണ്ണുകളിൽ കണ്ണീർ നിറയുന്നത് ഞാൻ കണ്ടു.'*(സീറത്തുൽമഹ്ദി, ഭാഗം 2, പേജ് 393)*

ഈ ചില സംഭവങ്ങൾ മാതൃകയെന്നോണം ഞാൻ പറഞ്ഞുവെന്നേയുള്ളു. അതു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വിശുദ്ധ ഖുർആനോടുളള പ്രേമത്തിന് സാക്ഷിയാണ്. അവിടന്ന് സ്വയം വിശുദ്ധഖുർആനോടു അതിരറ്റ പ്രേമം പുലർത്തുകയും രാപ്പകൽ അതു പാരായണം ചെയ്യുന്നതിൽ വ്യാപൃതനാകുകയും മാത്രമായിരുന്നില്ല. പ്രത്യുത മറ്റുളളവരോടും പ്രത്യേകിച്ചും തന്റെ ശിഷ്യന്മാരാടും വിശുദ്ധ ഖുർആനെ അതിരറ്റ് സ്നേഹിക്കാനും അധികമായി അതു പാരായണം ചെയ്യാനും അതിന്റെ കല്പനകളനുസരിച്ച് കർമങ്ങൾ ചെയ്യാനും ശക്തമായി ഉപദേശിക്കുകയും ചെയ്യുമായിരുന്നു.

അവിടന്ന് വിശുദ്ധ ഖുർആനിന്റെ മഹത്ത്വവും അതിന്റെ മഹത്തായ സവിശേഷഗുണങ്ങളും വിവരിച്ചുകൊണ്ടു പറയുന്നു: 'ഞാൻ യുവാവായിരുന്നു. ഇപ്പോൾ വൃദ്ധനായി. ആളുകൾ ആഗ്രഹിക്കുകയാണെങ്കിൽ സാക്ഷ്യം പറയാൻ കഴിയും, ഞാൻ ഭൗതികപരമായ ജോലികളിൽ പ്രവേശിച്ചിട്ടില്ല. മതപരമായ പ്രവൃത്തികളിലാണ് എപ്പോഴും താൽപര്യമുണ്ടായിരുന്നത്. ഞാൻ വിശുദ്ധ ഖുർആൻ എന്നുപേരുളള ആ ഗ്രന്ഥം അങ്ങേയറ്റം പരിശുദ്ധവും ആത്മീയമായ യുക്തിജ്ഞാനങ്ങളാൽ നിറഞ്ഞിരിക്കുന്നതുമായി കണ്ടു. അത് ഒരു മനുഷ്യനേയും ദൈവമാക്കുന്നില്ല. ആത്മാക്കളേയും ശരീരങ്ങളേയും തന്റെ സൃഷ്ടിപ്പിനു വെളിയിൽവെച്ച് അവയെ അപലപിക്കുകയും നിന്ദിക്കുകയും ചെയ്യുന്നില്ല. ഏതൊരു അനുഗ്രഹത്തിനുവേണ്ടിയാണോ മതം സ്വീകരിക്കുന്നത് അതിനെ ഈ ഗ്രന്ഥം അവസാനം മനുഷ്യന്റെ ഹൃദയത്തിൽ ഇറക്കുകയും അല്ലാഹുവിന്റെ ഫള്ലിന്റെ ഉടമസ്ഥനാക്കുകയും ചെയ്യുന്നു. അപ്പോൾപ്പിന്നെ നമ്മളെന്തിന് വെളിച്ചം പ്രാപിച്ച് ഇരുട്ടിലേക്ക് വരണം!കണ്ണുകൾ പ്രാപിച്ച് അന്ധരായിത്തീരണം! *(സനാതൻ ധർമ്, റൂഹാനീ ഖസാഇൻ വാല്യം 19, പേജ് 474)*

**വിവർത്തനം: മൗലവി സഫർ അഹ്മദ് കോഴിക്കോട്**

പേജ് 02 ൽ നിന്ന്

ക്കുകയില്ല. പ്രത്യുത സന്നദ്ധരായ ആത്മാക്കൾക്ക് വെളിച്ചം പ്രദാനം ചെയ്യുന്നതുകൊണ്ടും പരിശുദ്ധ മനസ്സുകളിൽ ഒരു പ്രകാശം ഇറക്കുന്നതുകൊണ്ടുമായിരിക്കും. അപ്പോൾ ഞാൻ ഈ പറയുന്ന കാര്യങ്ങൾ മനസ്സിലാവുകയും ചെയ്യും! *(മജ്മൂഅ ഇശ്തിഹാറാത്ത്, വാല്യം 1, പേജ് 183, ഇശ്തിഹാർ നമ്പർ 159, പ്രസാധനം ഖാദിയാൻ 2019).*

ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: 'എനിക്ക് അധികമായ മഹാത്മ്യം തന്നരുളുമെന്നും, എന്റെ സ്നേഹത്തെ ഹൃദയങ്ങളിൽ കുടിയിരുത്തുമെന്നും, എന്റെ പ്രസ്ഥാനത്തെ ഭൂതലമാകെ പ്രചരിപ്പിക്കുമെന്നും, എന്റെ ജമാഅത്തിനെ സർവ്വ കക്ഷികളുടേയുംമേൽ വിജയിപ്പിക്കുമെന്നും അല്ലാഹു എനിക്ക് നിരന്തരം അറിവ് നൽകിയിട്ടുണ്ട്. കൂടാതെ എന്റെ ജമാഅത്തിലെ ജനങ്ങൾ തങ്ങളുടെ അടയാളം കൊണ്ടും, തെളിവുകൾകൊണ്ടും, സത്യത്തിന്റെ പ്രകാശംകൊണ്ടും എല്ലാവരേയും നിരുദ്ധകൺഠരാക്കുംവിധം അറിവിലും ജ്ഞാനത്തിലും പരിപൂർണത കരസ്ഥമാക്കുന്നതാണ്. എല്ലാ സമൂഹവും ഈ ഉറവിൽനിന്ന് വെള്ളം കുടിക്കുന്നതാണ്. ഈ ജമാഅത്ത് ഭൂമിയിൽ പടർന്നു പന്തലിക്കുന്നതുവരെ ശീഘ്രം വളരുകയും പുഷ്പ്പിക്കുകയും ചെയ്യുന്നതാണ്. അനവധി തടസ്സങ്ങളും പരീക്ഷണങ്ങളും നേരിടേണ്ടിവരുമെങ്കിലും അവയെല്ലാം മധ്യത്തിൽനിന്ന് നീക്കികളയുകയും തന്റെ വാഗ്ദാനം പൂർത്തിയാകുന്നതുമായിരിക്കും. അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽനിന്ന് അനുഗ്രഹം തേടുവിധം ഞാൻ നിനക്ക് അനുഗ്രഹത്തിനുമേൽ അനുഗ്രഹം തന്നരുളുന്നതാണ്.' അതിനാൽ ഇക്കാര്യങ്ങൾ ഓർമ വെക്കുവിൻ. ഈ പ്രവചനങ്ങളെ നിങ്ങളുടെ പെട്ടികളിൽ സുരക്ഷിതമാക്കിവെക്കുക. ഇവ ഒരുനാൾ പൂർത്തിയാകേണ്ട ദൈവത്തിന്റെ വചനങ്ങളാകുന്നു. *(തജ്ല്ലിയാത്തെ ഇലാഹിയ്യ, റൂഹാനീ ഖസാഇൻ വാല്യം 20, പേജ് 409)*

ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: അല്ലയോ ജനങ്ങളേ! നിങ്ങൾ കേട്ടുകൊള്ളുവിൻ! തന്റെ ജമാഅത്തിനെ എല്ലാ രാജ്യത്തും വ്യാപിപ്പിക്കുമെന്നത് ആകാശ ഭൂമികളുടെ സ്രഷ്ടാവായ അവന്റെ പ്രവചനമാണ്. ന്യായപൂർത്തികൾകൊണ്ടും തെളിവുകൾകൊണ്ടും എല്ലാവരുടെമേലും അവർക്ക് അവൻ വിജയം നൽകുന്നതാണ്. ആ ദിവസങ്ങൾ വന്നുകൊണ്ടിരിക്കുന്നു. അല്ല, അത് സമീപത്തെത്തിയിരിക്കുന്നു. അതായത് ലോകത്ത് ആദരപൂർവ്വം സ്മരിക്കപ്പെടുന്ന ഒരേയൊരു മതം ഇത് മാത്രമായിരിക്കും. അല്ലാഹു ഈ മതത്തിലും ഈ ജമാഅത്തിലും അനിതര സാധാരണമായ നിലയിൽ അങ്ങേയറ്റത്തെ അനുഗ്രഹം ചൊരിയുന്നതാണ്. അതോടൊപ്പം ഇതിനെ ഇല്ലായ്മ ചെയ്യാൻ ആഗ്രഹിക്കുന്ന ഓരോരുത്തരെയും അവൻ പരാജയപ്പെടുത്തുന്നതാണ്. ഖിയാമത്തു വരുന്നതുവരെ ഈ വിജയം എന്നെന്നും നിലനില്ക്കുന്നതായിരിക്കും. *(തദ്ക്കിറത്തുശ്ശഹാദത്തയ്ൻ, റൂഹാനീ ഖസാഇൻ വാല്യം 20, പേജ് 66)*

പേജ് 01 ൽ നിന്ന്

**ദുർധാരണ വെച്ചുപുലർത്തുന്നവർ ഫതബാറക്കല്ലാഹു അഹ്സനുൽ ഖാലിഖീൻ എന്ന ആയത്ത് തന്റെ വായിൽ വന്നത് ഖുർആനിൽ ചേർത്തതാണെന്ന് പറഞ്ഞ് മുർത്തദായിപ്പോയവനെപോലെള്ള വരാണ്.**

ഈ വിധത്തിലുള്ള ദുഷ്പ്രകൃതക്കാർ എക്കാലത്തുമുളളതാണ്. അവർ അല്ലാഹുവിന്റെ കലാമിനെപ്പോലും ആക്ഷേപിക്കാൻ മടിക്കാത്തവരാണ്. ഒരു കഴിവുമില്ലാത്തവരും ആക്ഷേപം ഉന്നയിക്കുന്നതിൽനിന്ന് പിന്മാറില്ല. ചില ദുർവൃത്തർ ആക്ഷേപിച്ചത് ഖുർആനിൽ ഉംറുൽഖയ്സിന്റെ ഖസീദയിലെ വാചകങ്ങളുണ്ട് എന്നായിരുന്നു. അതായത് ആ വാചകങ്ങൾ ആ ഖസീദയിൽനിന്നു എടുത്തതാണെന്ന്!എന്നാൽ, ഖുർആനിൽ വിവരിച്ചിരിക്കുന്ന ദൈവജ്ഞാനത്തിന്റേയുംയാഥാർഥ്യങ്ങളുടേയും അത്ഭുതകരമായ വാക്യങ്ങൾ ഏതു അറേബ്യൻ കവികളുടേതാണെന്ന് അവർ ചിന്തിക്കേണ്ടതായിരുന്നു. ഈ അത്ഭുതങ്ങൾ കാണാൻ കഴിയാത്തവർ അന്ധരാണ്, കാഴ്ചയുളളവരല്ല. ഒരു നദിപോലെ ഒഴുകുന്നതു കാണാതെ ഒന്നോ രണ്ടോ വാക്കുകളിലെ സാമ്യത കണ്ടുകൊണ്ട് ദുർധാരണ വെച്ചുപുലർത്തുന്നവർ ഫതബാറക്കല്ലാഹു അഹ്സനുൽ ഖാലിഖീൻ എന്ന ആയത്ത് തന്റെ വായിൽ വന്നത് ഖുർആനിൽ ചേർത്തതാണെന്ന് പറഞ്ഞ് മുർത്തദായിപ്പോയവനെ പോലെയുളളവരാണ്. പീർമെഹ്ർ അലി ശാഹ് സാഹിബിനെ നോക്കൂ! പന്ത്രണ്ടര ഭാഗങ്ങളുള്ള ബൃഹത്തായ ഗ്രന്ഥത്തിന്നെതിരിൽ ഒരു ഭാഗംപോലും എഴുതാതെ മൂന്നു നാലു വാക്യങ്ങൾ അടർത്തിയെടുത്ത് അത് ഇന്ന ബുക്കിലുളളതാണെന്ന് പറഞ്ഞ് ആക്ഷേപിക്കുന്നു. ഇതെത്രമാത്രം മ്ലേച്ഛമായ കാര്യമാണ്. ഏതെങ്കിലും

എഴുത്തുകാർ ഇതിഷ്ടപ്പെടുമോ? ആയിരക്കണക്കിന് വാക്യങ്ങളിൽ ഒന്നോ രണ്ടോ വാചകങ്ങൾ മറ്റുള്ളവരുടേത് ഉണ്ടെങ്കിൽ അത് സാഹിത്യത്തിൽ ഒരു കുറവും വരുത്തുകയില്ല. അങ്ങനെയുള്ളവ അതിന് മാറ്റുകൂട്ടുകയേയുള്ളൂ. *(നുസൂലുൽമസീഹ്, റൂഹാനീ ഖസാഇൻ വാല്യം 18, പേജ് 442)*

പീർ മെഹ്ർ അലി ശാഹ് സാഹിബ് കളവു പറയുന്ന ആളാണെന്ന് മാത്രമല്ല കൊടും കള്ളം പയുന്നയാളാണ്. മഠയനുമാണ്.

നീണ്ട അവസരം ലഭിച്ചിട്ടും ഇഅ്ജാസുൽമസീഹിന്നെതിരിൽ നാലു പേജുകളെങ്കിലും എഴുതാൻ കഴിയാത്ത ആൾക്ക് ലാഹോറിൽ വരാൻ അവസരമുണ്ടായാൽത്തന്നെ എന്തെഴുതാൻ സാധിക്കും? വയോധികനായ പീർ സാഹിബിന് ഇത്രയധികം താങ്ങുകളും സഹായങ്ങളുമുണ്ടായിട്ടും നേരെ നില്ക്കാൻ കഴിയില്ലെങ്കിൽ അതൊന്നുമില്ലാതെ എങ്ങനെ എഴുന്നേറ്റു നിലക്കും? പീർ മെഹ്ർ അലി ശാഹ് സാഹിബ് കളവു പറയുന്ന ആളാണെന്ന് മാത്രമല്ല കൊടും കള്ളം പയുന്നയാളാണ്. മഠയനുമാണ്. തന്റെ അറിവില്ലായ്മക്ക് കളവുകൊണ്ട് മറയിടാൻ ശ്രമിക്കുകയാണ്. അയാളുടെ കളവിന്റെ അവസാനത്തെ തെളിവാണ് ഈ പുസ്തകത്തിലും വീണ്ടും 'താൻ ലാഹോറിൽവന്നിരുന്നു. എന്നാൽ, താങ്കൾ ഖാദിയാനിൽനിന്ന് പുറത്തിറങ്ങിയിരുന്നില്ലെന്ന് പറയുന്നത്.' എന്നാൽ, അയാൾ എത്രമാത്രം കളവോടുകൂടിയാണ് ആ നോട്ടീസ് പ്രസിദ്ധീകരിച്ചിരിക്കുന്നത് എന്നത് അതുകണ്ടവർക്ക് അറിയാവുന്നതാണ്. അവർ അതിനു സാക്ഷുകളുമാണ്.*(നുസൂലുൽമസീഹ്, റൂഹാനീഖസാഇൻ വാല്യം 18, പേജ് 443)*

ഇവരാണുപോലും ഈ രാജ്യത്തെ സിംഹാസനാരൂഢർ. അനാവശ്യമായി മൗലവിയ്യത്തിന്റെ പട്ടംകെട്ടി എന്നെന്നേക്കുമായി ഒരു കറുത്ത കല തങ്ങളുടെ മുഖത്ത് ഒട്ടിച്ചു. ഇഅ്ജാസുൽ മസീഹ് എന്ന പുസ്തക പ്രസിദ്ധീകരണത്തിലൂടെ പീർ മെഹ്ർ അലിക്ക് വീണ്ടും തന്റെ അറിവിന്റെ വൈഭവം കാണിച്ചുകൊണ്ട് എന്റെ ഈ തേജസ്സിനെ ഇല്ലാതാക്കാനുള്ള അവസരം നല്കിയിരിക്കുകയാണ്. നൂറുക്കണക്കിനാളുകൾ ആ പുസ്തകം കാരണം ബയ്അത്തു ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ, അയാൾ ആംഗ്യംകൊണ്ടുപോലും സംസാരിക്കാൻ കഴിയാത്ത മൂകനായിരിക്കുകയാണ്. ഇരുന്നൂറോളം പേജുള്ള പുസ്തകത്തിൽനിന്ന് മൂന്നോ നാലോ വാക്യങ്ങളെടുത്ത് അത് ഹരീരിയിൽനിന്ന് മോഷ്ടിച്ചതാണെന്നും അല്ലെങ്കിൽ പകർത്തെഴുത്തുകാരന്റെ ഒന്നോ രണ്ടോ പിശകുകളെടുത്ത് 'സർഫ്-നഹ്വ്' അറിയില്ലെന്നും പറഞ്ഞ് ആക്ഷേപിച്ചുകൊണ്ടും തന്റെ അറിവില്ലായ്മയ്ക്ക് ആക്കം കൂട്ടിയിരിക്കുകയാണ്. ഇവരാണുപോലും ഈ രാജ്യത്തെ സിംഹാസനാരൂഢർ. അനാവശ്യമായി മൗലവിയ്യത്തിന്റെ പട്ടംകെട്ടി എന്നെന്നേക്കുമായി ഒരു കറുത്ത കല തങ്ങളുടെ മുഖത്ത് ഒട്ടിച്ചു. *(നുസൂലുൽമസീഹ്, റൂഹാനീ ഖസാഇൻ വാല്യം 18, പേജ് 444)*

ഇദ്ദേഹം മെഹ്ർ അലിയല്ല. പ്രത്യുത മുഹ്ർ അലിയാണ്

സയ്യുദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'അദ്ദേഹത്തിന്റെ പേര് മഹ്ർ അലിയെന്നല്ല. പ്രത്യുത മുഹ്ർ അലിയെന്നാണ്. എന്തുകൊണ്ടെന്നാൽ അയാൾ കഴിവറ്റനും മിണ്ടാത്തവനും ആയിരുന്നുകൊണ്ട് ഇഅ്ജാസുൽമസീഹ് എന്ന ഗ്രന്ഥത്തിന്റെ ദിവ്യദൃഷ്ടാന്തത്തിനുമേൽ മുദ്രവെച്ചു.' *(നുസൂലുൽമസീഹ്, റൂഹാനീ ഖസാഇൻ വാല്യം 18, പേജ് 432)*

ഇനി സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഈമാൻ വർധക മാർഗനിർദേശങ്ങൾ താഴെ സമർപ്പിക്കുകയാണ്. അതിൽ അല്ലാഹു തനിക്ക് പ്രത്യേകമായ നിലയിൽ വിശുദ്ധ ഖുർആനിന്റെ ജ്ഞാനം പ്രദാനം ചെയ്തുവെന്നും തന്നെ നേരിടാൻ അതിൽ ആർക്കും കഴിയുകയില്ലെന്നും പറഞ്ഞിരുന്നു. ഇപ്രകാരംതന്നെ അറബിഭാഷയുടെ അറിവും അല്ലാഹു ആ മഹാത്മാവിന് പ്രദാനം ചെയ്തിരുന്നു. അത് അദ്ദേഹത്തിന്റെ ഒരു ദിവ്യദൃഷ്ടാന്തവും അടയാളവുമെന്ന നിലയിലുള്ളതായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് അവിടന്ന് മൗലവിമാരേയും രാജാസനത്തിലിരിക്കുന്നവരേയും തന്നോടു മത്സരിക്കാൻ വിളിച്ചത്. കാരണം ഈ ജ്ഞാനങ്ങൾ അദ്ദേഹത്തിന് ദിവ്യദൃഷ്ടാന്തമെന്ന നിലയിൽ അല്ലാഹു നല്കിയതാണ്.

ഖുർആനികജ്ഞാനത്തിൽ എന്നെ നേരിടാൻ ആർക്കും ശക്തിയില്ല

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ബറാഹീനെ അഹ്മദിയ്യ പേജ് 238-ൽ ചേർത്തിട്ടുള്ള ദൈവികാടയാളങ്ങളാണ് മറ്റൊരു പ്രവചനം. അവിടന്ന് പറയുന്നു: **അർറഹ്മാനു അല്ലമൽ ഖുർആൻ** ഈ ആയത്തിൽ അല്ലാഹു ഖുർആനിക ജ്ഞാനത്തെ കുറിച്ച് വാഗ്ദാനം നല്കിയിരിക്കുകയാണ്. അതുകൊണ്ട് ആർക്കുംതന്നെ ഖുർആനിക ജ്ഞാനത്തിൽ എന്നെ നേരിടാൻ സാധ്യമല്ല. ഞാനൊരു സൂറത്തിന് തഫ്സീർ എഴുതുകയും അതിനെതിരിൽ ഏതെങ്കിലും മൗലവി തഫ്സീർ എഴുതുകയുമാണെങ്കിൽ അവർക്കതിന് സാധിക്കുകയില്ല. അവർ നിന്ദ്യരായിത്തീരുന്നതാണ്. അവർ അതിനു മുതിരാത്തതിനു കാരണവും അതുതന്നെയാണ്. ഈമാനും നീതിബോധവുമുള്ളവർക്ക് ഇത് മഹത്തായൊരു അടയാളമാണ്.*(അഞ്ചാമെ ആഥം, റൂഹാനീ ഖസാഇൻ വാല്യം 11, പേജ് 291)*

വീണ്ടും പറഞ്ഞു: ഈ ഇൽഹാമിന്റെ അടിസ്ഥാനത്തിൽ അല്ലാഹു എനിക്ക് ഖുർആനിക ജ്ഞാനം നല്കിയിരിക്കുന്നു. എന്റെ നാമം അവ്വലുൽമുഅ്മിനീൻ(വിശ്വാസികളിൽ പ്രഥമൻ) എന്ന് വെച്ചിരിക്കുന്നു. എന്നെ സമുദ്രത്തെപോലെ ഈശ്വരജ്ഞാനങ്ങളും യാഥാർഥ്യങ്ങളുംകൊണ്ട് നിറച്ചിരിക്കുന്നു. ഇക്കാലഘട്ടത്തിൽ ഒരു ഈശ്വരീയ ജ്ഞാനവും ഒരു ദൈവികസ്നേഹവും നിന്റെ ഈശ്വരീയ ജ്ഞാനത്തിനും സ്നേഹത്തിനും സമമായി ഇല്ലെന്നും ആവർത്തിച്ചാവർത്തിച്ച് എനിക്ക് ഇൽഹാം നമല്കപ്പെട്ടിരിക്കുന്നു.*(ഉരൂരത്തുൽ ഇമാം, റൂഹാനീ ഖസാഇൻ വാല്യം 13, പേജ് 502)*

**ഖുർആനിന്റെ യാഥാർഥ്യങ്ങളും ജ്ഞാനങ്ങളും മനസ്സിലാക്കുന്നതിൽ സർവരെക്കാളും എനിക്ക് ഔന്നത്യം നല്കിയിരിക്കുന്നു.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് ആ ദൈവത്തെക്കൊണ്ട് സത്യം!ഖുർആനിന്റെ യാഥാർഥ്യങ്ങളും ജ്ഞാനങ്ങളും മനസ്സിലാക്കുന്നതിൽ എല്ലാ ഓരോ ആത്മാവിനുമേലും എനിക്കു വിജയം നല്കപ്പെട്ടിരിക്കുന്നു. ഖുർആൻ തഫ്സീറിന്റെ കാര്യത്തിൽ ഞാൻ ആവർത്തിച്ചു വിളിച്ചതുപോലെ ഇക്കാര്യത്തിലും ഏതെങ്കിലും മൗലവി എനിക്കെതിരിൽ വരുകയാണെങ്കിൽ അല്ലാഹു അയാളെ നിന്ദ്യനും ലജ്ജിതനുമാക്കിത്തീർക്കുന്നതാണ്. എനിക്കു നല്കപ്പെട്ട ഖുർആനികജ്ഞാനം ദൈവികമായ ഒരു അടയാളമാണ്.' *(സിറാജെ മുനീർ റൂഹാനീ ഖസാഇൻ വാല്യം 12, പേജ് 41.)*

**ലോകം മുഴുവൻ സംഘടിച്ചുകൊണ്ട് ഞാനുമായി ഒരു പരീക്ഷണത്തിന് മുതിരുകയാണെങ്കിൽ ഞാൻ തന്നെയായിരിക്കും വിജയിക്കുക.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ദീനീപരവും ഖുർആനികപരവുമായ ജ്ഞാനങ്ങളും അതിലെ രഹസ്യങ്ങളും യാഥാർഥ്യങ്ങളും ഏതൊരു സാഹിത്യ സമ്പൂർണതയോടുകൂടി ഞാൻ എഴുതുന്നുവോ അതുപോലെ എഴുതാൻ മറ്റാർക്കും സാധ്യമല്ല. ലോകം മുഴുവൻ സംഘടിച്ചുകൊണ്ട് ഞാനുമായി ഒരു പരീക്ഷണത്തിന് മുതിരുകയാണെങ്കിൽ ഞാൻ തന്നെയായിരിക്കും വിജയിക്കുക. അല്ലയോ മുസ്ലിമീങ്ങളേ! നിങ്ങളിൽ മുഫസ്സിരീങ്ങളും മുഹദ്ദിഥുകളും ഖുർആനിക ജ്ഞാനമുണ്ടെന്ന് വാദിക്കുന്നവരും ഭാഷാവൈഭവത്തിന്റെ വീമ്പിളക്കുന്നവരും ഫുഖ്റാക്കളും ചിശ്തികളും ഖാദിരികളും നഖ്ശബന്ദികളും എല്ലാവരുമുണ്ട്. സർവരേയും എനിക്കെതിരിൽ കൊണ്ടുവരിക.' *(അയ്യാമുസ്സുൽഹ് റൂഹാനീ ഖസാഇൻ വാല്യം 14 പേജ് 407)*

**ദൈവികമായ ജ്ഞാനബോധനം എന്നോടൊപ്പമാണ്.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ഞാൻ പൂർണബോധ്യത്തോടെ പറയുകയാണ്:ദൈവികമായ ജ്ഞാനബോധനം എന്നോടൊപ്പമാണ്. അവൻ ഉദ്ദേശിക്കുമ്പോൾ ചില ഖുർആനിക ജ്ഞാനം എനിക്കു തുറന്നുതരുന്നു. ചില ആയത്തുകളുടെ യഥാർഥ ഉദ്ദേശ്യം തെളിവോടുകൂടി എനിക്കു വെളിപ്പെടുത്തിത്തരുന്നു. ഇരുമ്പാണി തുളച്ചു കയറ്റുന്നതുപോലെ എന്റെ മനസ്സിൽ അത് ഉറപ്പിച്ചുതരുന്നു. ഞാൻ ഈ ദൈവദത്തമായ അനുഗ്രഹത്തെ എന്തിന് ഉപേക്ഷിക്കണം? മഴപോലെ എന്റെമേൽ വർഷിക്കുന്ന ഉദാരതയെ ഞാനെന്തിനു നിഷേധിക്കണം?' *(മുബാഹഥ ലുധിയാന, റൂഹാനീ ഖസാഇൻ വാല്യം 4, പേജ് 21)*

**ഏതെങ്കിലും മൗലവി അറബിഭാഷാ വൈഭവത്തിൽ എന്നോടു മത്സരിക്കുകയാണെങ്കിൽ അവർ നിന്ദ്യരാകുന്നതായിരിക്കും.**

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'ഞാൻ വീണ്ടും സത്യന്വേഷികൾക്കുവേണ്ടി പൊതുവായ വിളംബരം ചെയ്യുകയാണ്. ഇനിയും അവർ മനസ്സിലാക്കുന്നില്ലെങ്കിൽ ആദ്യംമുതൽ തങ്ങളുടെ സമാധാനം വരുത്തുക. ഓർമിക്കുക! അല്ലാഹുവിൽനിന്ന് 6 തരത്തിലുള്ള ദൃഷ്ടാന്തം എന്നോടൊപ്പമുണ്ട്. (1)അറബിഭാഷാ വൈഭവത്തിൽ എന്നോടു മത്സരിക്കുകയാണെങ്കിൽ അവർ നിന്ദ്യരാകുന്നതായിരിക്കും. ആർക്കുവേണമെങ്കിലും ഇക്കാര്യത്തിൽ ഞാനുമായി മത്സരിക്കാവുന്നതാണ്. അതായത് ഞാൻ എഴുതുന്നതുപോലെ അതേ അളവിൽ ഗദ്യവും പദ്യവുമായി എനിക്കെതിരിൽ എഴുതുക. എന്നിട്ട് ഒരു അറബി മാതൃഭാഷക്കാരൻ സത്യം ചെയ്തുകൊണ്ട് എനിക്കെതിരിലുള്ളതിനെ സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ ഞാൻ കള്ളവാദിയാകുന്നു.(2)അതു സമ്മതമല്ലെങ്കിൽ എന്റെ എതിരാളി ഏതെങ്കിലും സൂറത്തിന്റെ തഫ്സീർ എഴുതട്ടെ. അതായത് ഇരുകൂട്ടരും ഒരു സ്ഥലത്തിരുന്ന ഖുർആൻ തുറന്ന് അതിലെ ഏഴു ആയത്തുകൾക്ക് ഞാനും തഫ്സീറെഴുതാം. എതിരാളിയും എഴുതട്ടെ. എന്നിട്ട് ഞാൻ അതിൽ വിജയിച്ചില്ലെങ്കിലും ഞാൻ കള്ളവാദിയായിരിക്കും.*(ഇത്മീമ രിസാല അഞ്ചാമെ ആഥം, റൂഹാനീഖസാഇൻ വാല്യം 11 പേജ് 304)*

ഞാൻ അറിവ് പ്രാപിച്ചുകൊണ്ട് എല്ലാ എതിരാളികളേയും, അബ്ദുൽ ഹഖിന്റെ സംഘമാകട്ടെ, ബത്വാലവിയുടെ സംഘമാകട്ടെ, എല്ലാവരേയും അത്യുച്ചത്തിൽ ഇക്കാര്യത്തിന് ക്ഷണിച്ചതാണ്; എനിക്ക് യാഥാർഥ്യങ്ങളുടെ അറിവും വിശുദ്ധ ഖുർആനിന്റെ അറിവും നല്കപ്പെട്ടിരിക്കുന്നുവെന്ന് പറഞ്ഞിട്ടുള്ളതുമാണ്. നിങ്ങളിലാർക്കുംതന്നെ എനിക്കെതിരിൽ വിശുദ്ധ ഖുർആനിന്റ യാഥാർഥ്യങ്ങളും ഈശ്വരീയ ജ്ഞാനങ്ങളും വിവരിക്കാൻ സാധ്യമല്ല. അതുകൊണ്ട് ഈ വിളംബരത്തിനുശേഷം എനിക്കെതിരിൽ അവരിലാരും വന്നില്ലെങ്കിൽ എല്ലാ നിന്ദ്യതകളുടേയും വേരായ തങ്ങളുടെ ജഹാലത്തിൽ അവർ മുദ്രയടിച്ചിരിക്കുകയാണ്.' *(ഇത്മീമ രിസാല അഞ്ചാമെ ആഥം, റൂഹാനീഖസാഇൻ വാല്യം 11 പേജ് 311, അടിക്കുറിപ്പ്)*

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഓരോ തെറ്റിനും അഞ്ചുരൂപ ഇനാം നേടുന്നതിന് ഇങ്ങനെ നിബന്ധന വെച്ചിരുന്നു.* മെഹ്ർ അലി എനിക്കെതിരിൽ തഫ്സീറും എഴുതണം. * തഫ്സീർ അറബിയിലെഴുതണം. * കാലപരിധിക്കുള്ളിലെഴുതണം. ഒരു ദീർഘകാലത്തിനുശഷം മെഹ്ർ അലി 'സയ്ഫെ ചിശ്തിയായി' എന്ന പേരിൽ ഒരു ഗ്ര[redacted]കൊടുത്തു.

പേജ് 02 ൽ നിന്ന്

ഓർമിച്ചുകൊള്ളുക! അദ്ദേഹത്തെ കാണാൻ ആർക്കാണോ ഭാഗ്യം കിട്ടുന്നത് അവർ തീർച്ചയായും എന്റെ സലാം അദ്ദേഹത്തിനെത്തിക്കേണ്ടതാണ'*(ത്വബ്റാനി അൽ ഔസത്വ് വസ്സവഗീർ)*

ബദർ
ബദർ വീക്കിലി ഖാദിയാൻ
www.akhbarbadrqadian.in

ലേഖനം 04

# ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം;
## കാലത്തിന്റെ ആവശ്യകതയുടെ വെളിച്ചത്തിൽ

മൻസ്വൂർ അഹ്‌മദ് മസ്‌റൂർ

പതിനാലാം നൂറ്റാണ്ടിന്റെ കാലഘട്ടം ഇസ്‌ലാമിന് എത്രത്തോളം അപകടവും ദുർഘടവും നിറഞ്ഞ കാലഘട്ടമായിരുന്നെന്നാൽ തത്തുല്യമായ ഒരു സ്ഥിതിവിശേഷം പൂർവകാലത്തെങ്ങും കാണപ്പെടുകയില്ല. രണ്ടുവിധത്തിൽ ഇസ്‌ലാമിന് കഠിനമായ പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നു. ഒന്ന് ആന്തരികമായിട്ടുള്ളതാണ്. അതിൽ മുസ്‌ലിംകൾ പരിപൂർണമായും ഇസ്‌ലാമിൽനിന്ന് ദൂരപ്പെട്ടിട്ടുണ്ടായിരുന്നു. രണ്ടാമത്തേത് പുറത്തുനിന്ന് ഇസ്‌ലാമിന്റേമേലുണ്ടായ മറ്റു മതങ്ങളുടെ ശക്തിമത്തായ ആക്രമണമായിരുന്നു. മുസ്‌ലിംകളുടെ ആന്തരികമായ ദുർഗതിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ അവരുടെ വിശ്വാസപരവും കർമപരവുമായ അവസ്ഥ അങ്ങേയറ്റം നാശമായിരുന്നു. നോമ്പ്, ഹജ്ജ്, സക്കാത്ത് മുതലായവയുമായി അവർക്ക് വിദൂരബന്ധം പോലുമുണ്ടായിരുന്നില്ല. വിശുദ്ധഖുർആൻ പാഴ്‌വസ്തുപോലെ പിൻപുറം തള്ളപ്പെട്ടു. ലക്ഷക്കണക്കിനാളുകൾ കലിമപോലും അറിയാത്തവരായിത്തീർന്നു. വിശ്വാസത്തിന്റെ സ്ഥിതി ഇതായിരുന്നു. അല്ലാഹുവിലും അവന്റെ ദൂതന്മാരിലും മലക്കുകളിലും, വിശുദ്ധഖുർആനെ സംബന്ധിച്ചും അവർക്കിടയിലുണ്ടായ വിശ്വാസം നിമിത്തം ഇസ്‌ലാമിന് പ്രതിസന്ധിയുണ്ടാക്കിത്തീർത്തു. മുസ്‌ലിം പണ്ഡിതന്മാർ ഇസ്‌ലാമിന്റെ കടവേരറുക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. പൊതുജനങ്ങളാവട്ടെ വന്യജീവികളെപോലെയായിത്തീർന്നു. ധനാഢ്യന്മാർ സുഖലോലുപജീവിതത്തിൽ മുഴുകി. നീതി നടത്തേണ്ടവർ വഞ്ചകരായിത്തീർന്നു. മുസ്‌ലിംകളുടെ പ്രത്യേകതയായിരുന്ന സ്പഷ്ടമായ ധാർമികഗുണങ്ങൾ അവരിൽനിന്നും ഇന്ന് അങ്ങേയറ്റം വിദൂരത്തായിത്തീർന്നിരിക്കുന്നു. ഇസ്‌ലാമിന്റെ ഏതെല്ലാം കാര്യങ്ങളാണ് ജനങ്ങൾ ഉപേക്ഷിച്ചതെന്നുപോലും ഇന്ന് ചർച്ചചെയ്യപ്പെടുന്നില്ല. മറിച്ച്, ഇന്നത്തെ മുസ്‌ലിംകളിൽ ഇസ്‌ലാമിന്റെ വല്ലതും അവശേഷിക്കുന്നുണ്ടോ എന്ന ചോദ്യമാണ് കേൾക്കുന്നത്. ഇനി നമ്മൾ ഇസ്‌ലാമിന്റെ പുറത്തുനിന്ന് ഇസ്‌ലാമിനുമേൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ എടുക്കുകയാണെങ്കിൽ നാനാഭാഗത്തുനിന്നും ഇസ്‌ലം ആക്ഷേപങ്ങൾക്ക് കുറിമാനമാക്കപ്പെടുകയാണ്. ലക്ഷക്കണക്കായ ആരോപണങ്ങൾ ഇസ്‌ലാമിന്റെമേൽ ഉന്നയിക്കപ്പെടുന്നു. അതിനുവേണ്ടി കോടിക്കണക്കായ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കപ്പെടുന്നു. ഒരുഭാഗത്ത് മുസ്‌ലിം രാജ്യങ്ങൾ പരസ്പരം കലഹിച്ചുകൊണ്ടിരിക്കുമ്പോൾ മറുഭാഗത്ത് എല്ലാവിധമായ ആഭ്യന്തരകുഴപ്പങ്ങളും നാശങ്ങളും വിതച്ചുകൊണ്ടിരിക്കുന്നു. പൊതുജനങ്ങൾ ഭരണകൂടത്തിന്റെയും ഭരണകൂടം പൊതുജനങ്ങളുടെയും രക്തത്തിന് വേണ്ടി ദാഹിച്ചുകൊണ്ടിരിക്കുന്നു. സയ്യ്ദുനാ ഹദ്‌റത്ത് മസീഹ് മൗഊദ്[അ] പറയുന്നു. 'ഓ സത്യാന്വേഷികളെ! ചിന്തിച്ചുനോക്കുവിൻ. ഇസ്‌ലാമിന് അനുഗുണമായി ദൈവികസഹായം അനിവാര്യമായി വന്ന സമയമല്ലേ ഇത്. ഏതെല്ലാം തരത്തിലുള്ള വിപത്തുകളാണ് ഇസ്‌ലാമിനെ വലയം ചെയ്തിരിക്കുന്നതെന്ന് നിങ്ങൾ അറിഞ്ഞുകഴിഞ്ഞില്ലേ. എത്രയെത്ര ആളുകളാണ് ഇസ്‌ലാമിൽനിന്ന് പുറത്തുപോയത്. എത്രമാത്രം ആളുകളാണ് ക്രിസ്ത്യാനികളിൽ ചെന്ന്ചേർന്നത്. എത്രമാത്രം ആളുകൾ നാസ്തികരും പ്രകൃതിവാദികളുമായി മാറി. ശിർക്കും നൂതനചിന്താഗതികളും തൗഹീദിന്റേയും സുന്നത്തിന്റേയും സ്ഥാനം അടക്കിവാഴുന്നു. ഇസ്‌ലാമിനെ ഖണ്ഡിച്ചുകൊണ്ട് എത്രയെത്ര ഗ്രന്ഥങ്ങളാണ് രചിക്കപ്പെടുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളത്. അതിനാൽ നിങ്ങൾ ചിന്തിച്ചശേഷം മറുപടി പറയുക. ഈ നൂറ്റാണ്ടിൽ ഇസ്‌ലാമിന്റേമേൽ പുറത്തുനിന്നുണ്ടാകുന്ന ആക്രമണങ്ങളെ പ്രതിരോധിക്കാൻ അല്ലാഹുവിൽനിന്ന് ഒരു വ്യക്തി ആഗതനാവേണ്ടത് അനിവാര്യമായിരുന്നില്ലേ? അൽപം ശിരസ്സുയർത്തിനോക്കുവിൻ. ഇസ്‌ലാമിനെ ഏതെല്ലാം തരത്തിലുള്ള വിപത്തുകളാണ് വളഞ്ഞുവെച്ചിരിക്കുന്നത്. നാനാഭാഗത്തുനിന്നും ശത്രുപക്ഷത്തുനിന്നുള്ള ശരങ്ങൾ ഇസ്‌ലാമിനെതിരിൽ തൊടുത്തുകൊണ്ടിരിക്കുന്നു. കോടിക്കണക്കായ എത്ര ആത്മാക്കളെയാണ് ഈ വിഷം ബാധിച്ചിട്ടുള്ളത്. വൈജ്ഞാനികവും ബുദ്ധിപരവും തത്ത്വജ്ഞാനപരവുമായ കൊടുങ്കാറ്റുകളും കുതന്ത്രങ്ങളുടെ കൊടുങ്കാറ്റും ആഞ്ഞടിച്ചുകഴിഞ്ഞു. കുത്സിതപദ്ധതികളുടെയും ആജ്ഞാലംഘനത്തിന്റെയും അരാചകത്വത്തിന്റെയും പ്രലോഭനങ്ങളുടെയും അത്യാഗ്രഹങ്ങളുടെയും കോളിളക്കങ്ങൾ അടിച്ചുയരുന്നു. നാസ്തികതയുടെയും നിരീശ്വരവാദത്തിന്റെയും സൃഷ്ടിപൂജയുടെയും നൂതനവാദത്തിന്റെയും പ്രളയം സർവതലങ്ങളിലും ബാധിച്ചുകഴിഞ്ഞു. ഇത്തരത്തിലുള്ള കൊടുങ്കാറ്റുകളിലേക്ക് അൽപം ദൃഷ്ടി തുറന്നുനോക്കുവിൻ. നിങ്ങൾക്ക് ശക്തിയുണ്ടെങ്കിൽ ഇത്തരം കോളിളക്കങ്ങളുടെ ഒരുദാഹരണം കഴിഞ്ഞകാലങ്ങളിൽ ഏതെങ്കിലുമൊരു കാലത്ത് എടുത്ത് കാണിക്കാൻ സാധിക്കുമോ?' *(ആയിനയെ കമാലാത്തെ ഇസ്‌ലാം, പേജ്. 252)* ഇത്രയും ശക്തിമത്തായ ആവശ്യം നേരിട്ടുകൊണ്ടിരിക്കുന്ന ഇത്തരമൊരു കാലഘട്ടത്തിൽ മുഹമ്മദ് നബി[സ]യുടെ സുവാർത്തകൾ പഠിച്ച് മുസ്‌ലിംകളുടെ മാർഗദർശനത്തിനുവേണ്ടി അവരെ സൽപന്ഥാവിലൂടെ നയിക്കുന്നതിന് മഹ്ദി മസീഹിന്റെ ആവിർഭാവം അനിവാര്യമായിരുന്നു. നബി(സ)തിരുമേനിയുടെ സുവാർത്ത ഇപ്രകാരമായിരുന്നു: പ്രിയമുസ്‌ലിംകളേ, ഇബ്നു മർയം നിങ്ങളിൽ ഇറങ്ങുന്നകാലം നിങ്ങളുടെ സന്തോഷകാലമായിരിക്കും. അദ്ദേഹം മുഖേന ഇസ്‌ലമിനുണ്ടാകുന്ന സാർവ്വലൗകിക വിജയത്തെക്കുറിച്ചുള്ള സുവിശേഷം നബി[സ]തിരുമേനി തന്റെ ഉമ്മത്തിന് നൽകി. എല്ലാ പുണ്യാത്മാക്കളും ഐകകണ്ഠ്യേന വാഗ്ദത്ത മസീഹ് പതിനാലാം നൂറ്റാണ്ടിൽ ആഗതനാകുമെന്ന് ഉൽഘോഷിച്ചിട്ടുണ്ടായിരുന്നു. എന്നാൽ, അല്ലാഹുവിന്റെ ദൂതരുടെ പ്രവചനവും സമുദായനേതാക്കളുടെ ദിവ്യദർശനങ്ങളുമനുസരിച്ച് കൃത്യസമയത്ത് പതിനാലാം നൂറ്റാണ്ടിൽതന്നെ അത് സംഭവിച്ചു. കൃത്യമായ ആവശ്യമുള്ള സമയത്തുതന്നെ അല്ലാഹു മുഹമ്മദിയ്യാ ഉമ്മത്തിനുമേൽ അങ്ങേയറ്റം കരുണചെയ്തുകൊണ്ട് ഹദ്‌റത്ത് മിർസാ ഗുലാം അഹ്‌മദുൽ ഖാദിയാനി[അ]യെ വാഗ്ദത്ത മഹ്ദി ഇമാമും മസീഹുമായി നിയോഗിക്കുകയുണ്ടായി. അദ്ദേഹം പറയുന്നു: 'ഇസ്‌ലാമിക വിശ്വാസങ്ങൾ ഭിന്നാഭിപ്രായങ്ങൾകൊണ്ട് നിറഞ്ഞുകിടന്നിരുന്ന അവസരത്തിലാണ് ഞാൻ നിയോഗിതനായിരിക്കുന്നത്. ഒരു വിശ്വാസവും തർക്കവിമുക്തമല്ലായിരുന്നു. ഞാൻ എന്റെ സത്യതയിലേക്ക് മറ്റേതെങ്കിലും തെളിവ് കാണിക്കേണ്ടതുണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, കാലത്തിന്റെ ആവശ്യം തന്നെ സ്വയം തെളിവായിരിക്കുകയത്രെ.' *(ളറൂറത്തുൽ ഇമാം, പേജ് 495)*

'ഭൂമിയിൽ അധിവസിക്കുന്ന മുഴുവനാളുകൾക്കും വേണ്ടിയാണ് ഞാൻ നിയുക്തനായിട്ടുള്ളത്. അത് ഏഷ്യയിലുള്ളവരാകട്ടെ, യൂറോപ്പിലുള്ളവരാകട്ടെ, അതല്ല അമേരിക്കയിലുള്ളവരാകട്ടെ.' *(തിർയാഖുൽ ഖുലൂബ്, റൂഹാനി ഖസാഇൻ, വാല്യം 15, പേജ് 515)* 'ഈ കാലഘട്ടത്തിലുള്ള ജനങ്ങളെ എന്നിലേക്ക് വിളിക്കുക മാത്രമല്ല ഞാൻ ചെയ്യുന്നത്, മറിച്ച് കാലഘട്ടം തന്നെയാണ് എന്നെ വിളിച്ചത്. നിങ്ങൾ സത്യവിശ്വാസമുള്ളവരാണെങ്കിൽ നന്ദി പ്രകടിപ്പിക്കുവിൻ. എന്തെന്നാൽ നിങ്ങളുടെ ആദരണീയരായ ആ പൂർവപിതാക്കൾ ഏതൊരു നാളിനെ ആകാംക്ഷാപൂർവ്വം കാത്തുകാത്തിരുന്നശേഷം അപ്രത്യക്ഷമായോ എണ്ണമറ്റ ആത്മാക്കൾ ആ സന്തോഷദിനങ്ങളുടെ മധുരസ്മരണകളോടെ ഈ ലോകത്തുനിന്ന് യാത്ര പറഞ്ഞുവോ ആ കാലമിതാ നിങ്ങൾ കണ്ടെത്തിക്കഴിഞ്ഞിരിക്കുന്നു. ഇനി അതിനെ വിലമതിക്കുകയോ വിലമതിക്കാതിരിക്കുകയോ ചെയ്യുന്നത് നിങ്ങളുടെ ഇഷ്ടം. എന്നാൽ, ഞാനിത് ആവർത്തിച്ചാവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കും. ദീനിനെ പുതിയ രൂപത്തിൽ ഹൃദയങ്ങളിൽ പുനഃപ്രതിഷ്ഠിക്കുന്നതിനുവേണ്ടി. മനുഷ്യനെ നന്മയിലേക്ക് നയിക്കുവാൻ തക്കസമയത്ത് അയക്കപ്പെട്ടിട്ടുള്ളവൻ ഞാൻ തന്നെയാകുന്നു എന്ന സത്യം പ്രസ്താവിക്കുന്നതു നിറുത്തിവെക്കുവാൻ എനിക്കാവുകയില്ല.' *(ഫത്ഹെ ഇസ്‌ലാം, റൂഹാനീ ഖസാഇൻ, വാല്യം 3. പേജ് 8)*

ഹദ്‌റത്ത് മസീഹ് മൗഊദ്(അ)നുണ്ടായ ദൈവസഹായത്തിന്റെ ചില കാര്യങ്ങളെ കുറിച്ചാണ് ഞാൻ ഇനി പറയുന്നത്. ഹദ്‌റത്ത് മസീഹ് മൗഊദ്[അ]ന് ഏകദേശം നാൽപത് വയസ്സ് പ്രായമായപ്പോൾ അല്ലാഹു അദ്ദേഹത്തെ ദിവ്യബോധനത്തിലൂടെ അലയ്‌സല്ലാഹുബികാഫിൻ അബ്ദഹു എന്ന വെളിപാടറിയിച്ചു. ദൈവികപിന്തുണയുടെയും സഹായത്തിന്റെയും ആദ്യ ദിവ്യബോധനമായിരുന്നു ഇത്. ഇതിനുശേഷം അടിക്കടി അല്ലാഹു പിന്തുണച്ചുകൊണ്ടും സഹായിച്ചുകൊണ്ടുമുള്ള ദിവ്യബോധനങ്ങളും വിജയത്തേയും മുന്നേറ്റത്തെയും കുറിച്ചുള്ള വാഗ്ദാനങ്ങളും അദ്ദേഹത്തിന് നൽകിക്കൊണ്ടിരുന്നു. പിന്നീട് ജീവിതകാലം മുഴുവനും ഹദ്‌റത്ത് മസീഹ് മൗഊദ്[അ]ന് അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അവന്റെ മഹത്തായ പിന്തുണയും സഹായവും ലഭിച്ചുകൊണ്ടേയിരുന്നു. ഹദ്‌റത്ത് മസീഹ് മൗഊദ്[അ]ന് ലഭിച്ച അല്ലാഹുവിന്റെ അതിമഹത്തായ ഒരു സഹായത്തെക്കുറിച്ച് വിവരിക്കാം. അതാണ് സൂര്യചന്ദ്രഗ്രഹണങ്ങളുടെ ദൃഷ്ടാന്തം. സയ്യിദുനാ ഹദ്‌റത്ത് മുഹമ്മദ് മുസ്തഫാ[സ] തിരുമേനി പ്രവചിച്ചിട്ടുണ്ടായിരുന്നു. നമ്മുടെ സത്യവാനായ മഹ്ദി വാദമുന്നയിക്കുമ്പോൾ അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിന് രേഖയായി അല്ലാഹു സൂര്യനും ചന്ദ്രനും ഗ്രഹണമുണ്ടാക്കുന്ന ദൃഷ്ടാന്തം ആകാശലോകത്ത് വെളിപ്പെടുത്തും. അല്ലാഹു ആകാശഭൂമികളെ സൃഷ്ടിച്ചതുമുതൽ ഇന്നേവരെ ഒരു പ്രവാചകവാദിക്കും അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിന് ഉണ്ടാക്കിയിട്ടില്ലാത്ത ദൃഷ്ടാന്തമായിരിക്കും ആ സൂര്യചന്ദ്രഗ്രഹണം. ചന്ദ്രന് ഗ്രഹണം ബാധിക്കുന്ന നിശ്ചിതതിയതികളിൽ ആദ്യരാത്രിയിലും, സൂര്യന് ഗ്രഹണം ബാധിക്കുന്ന നിശ്ചിതദിനങ്ങളിൽ മധ്യദിനത്തിലുമായിരിക്കും അതുണ്ടാകുക. സയ്യദുനാ ഹദ്‌റത്ത് മസീഹ് മൗഊദ്[അ] 1889ൽ ബയ്അത്ത് വാങ്ങാൻ തുടങ്ങുകയും അഹ്‌മദിയ്യാ മുസ്‌ലിം ജമഅത്തിന് അസ്തിവാരമിടുകയും ചെയ്തു. കൃത്യം അഞ്ച് വർഷങ്ങൾക്കുശേഷം അതായത് 1894ൽ അല്ലാഹു അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനുവേണ്ടി സൂര്യചന്ദ്രഗ്രഹണങ്ങളുടെ ദൃഷ്ടാന്തം വെളിപ്പെടുത്തി. 1894ൽ ഈ ഗ്രഹണം ഏഷ്യയിലും യൂറോപ്പിലും ആഫ്രിക്കയിലും വെളിപ്പെട്ടു. അടുത്തവർഷം 1895-ൽ അമേരിക്കയിലും ഇത് വെളിപ്പെട്ടു. മുസ്‌ലിംകൾ നശിച്ചുപോയിരിക്കുന്നുവെന്നും പതിനാലാം നൂറ്റാണ്ട് ഇതാ ആരംഭിച്ചുകഴിഞ്ഞുവെന്നും ഇമാം മഹ്ദി വെളിപ്പെടാൻ സമയമായിരിക്കുന്നുവെന്നും അക്കാലത്ത് ജനങ്ങൾ പറയാറുണ്ടായിരുന്നു. ഇമാം മഹ്ദിയുടെ ആഗമനത്തെക്കുറിച്ചുള്ള ഈ ചർച്ച വീടുവീടാന്തരം നടക്കുമായിരുന്നു. ഈ ദൃഷ്ടാന്തം വെളിപ്പെട്ടപ്പോൾ ശതക്കണക്കിന് സത്യാത്മാക്കൾ ഹദ്‌റത്ത് മസീഹ് മൗഊദ്[അ]ന് ബയ്അത്ത് ചെയ്തു. ഒരു ഭാഗത്ത് അഹ്‌മദികൾക്ക് ഖാദിയാനിൽ അതൊരുത്സവമായിരുന്നുവെങ്കിൽ മറുഭാഗത്ത് ശത്രു

ക്കൾ പരിഭ്രാന്തിയിലും ദുഃഖത്തിലുമായിരുന്നു. മിർസാ ഗുലാം അഹ്മദ് മഹ്ദി മസീഹിന്റെ വാദവുമായി രംഗപ്രവേശം ചെയ്തിരിക്കുന്നുവെന്നതിൽ ഉലമാക്കൾക്ക് തങ്ങളുടെ പരാജയവും നിന്ദ്യതയും അപാനവും അനുഭവപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. കാരണം അദ്ദേഹത്തിനുവേണ്ടി സൂര്യചന്ദ്രഗ്രഹണത്തിന്റെ അടയാളം വെളിപ്പെടുത്തിയിരിക്കുന്നു. ഒരു വ്യക്തി ഒരു മൗലവിയോട് സൂര്യചന്ദ്രഗ്രഹണത്തെക്കുറിച്ചുള്ള ഹദീഥിനെക്കുറിച്ച് അന്വേഷിക്കുകയുണ്ടായി. മൗലവി പറഞ്ഞു: 'ഹദീഥൊക്കെ ശരിതന്നെയാണ്. പക്ഷേ, മിർസാ സാഹിബിന്റെ വലയിൽ പെടേണ്ടതില്ല.' ഇനി ഇപ്പോൾ ജനങ്ങൾ മിർസാ സാഹിബിനെ അംഗീകരിക്കുമല്ലോ എന്നോർത്ത് ശത്രുപണ്ഡിതന്മാർ അങ്ങേയറ്റം പരിഭ്രാന്തിയുടെ ലോകത്തായിരുന്നു.

ഈ ഹദീഥ് സന്ദേഹത്തിന്റെയും സംശയത്തിന്റെയും വൃത്തത്തിൽ കൊണ്ടുവരികയും എന്നിട്ട് ആക്ഷേപമുന്നയിക്കുകയും ചെയ്യുക എന്നതല്ലാതെ മറ്റൊരു പോംവഴിയും ശത്രുപണ്ഡിതന്മാരുടെ കൈയിൽ ഇല്ലായിരുന്നു. അവർ ആക്ഷേപമുന്നയിച്ചുകൊണ്ട് പറഞ്ഞ ഒരു കാര്യം ഈ ഹദീഥ് 'മൗളൂഅ്'അഥവാ കെട്ടിയുണ്ടാക്കപ്പെട്ട ഹദീഥാണെന്നായിരുന്നു. അതിന് മറുപടിയായി ഹദ്റത്ത് മസീഹ് മൗഊദ്[അ] പറഞ്ഞു: 'ഏതെങ്കിലും അഗ്രസ്ഥാനീയനായ മുഹദ്ദിഥിന്റെ (ഹദീഥ് നിരൂപകരുടെ) ഗ്രന്ഥത്തിൽനിന്ന് ഈ ഹദീഥ് മൗളൂആയ ഹദീഥാണെന്ന് സ്ഥാപിക്കാൻ സാധിക്കുകയാണെങ്കിൽ അവർക്ക് ഉടനടി നൂറുരൂപ ഇനാം നൽകുന്നതാണ്. നിങ്ങളിഷ്ടപ്പെടുന്ന സ്ഥലത്ത് അമാനത്തെന്ന നിലയിൽ പ്രസ്തുത സംഖ്യ നിക്ഷേപിക്കുന്നതാണ്. അല്ലാത്തപക്ഷം അല്ലാഹുവിനെ ഭയപ്പെടുവിൻ! എന്നോടുള്ള വൈരാഗ്യത്താൽ ദിവ്യന്മാക്കളായ പണ്ഡിതന്മാർ എഴുതിവെച്ച സ്വഹീഹായ ഹദീഥുകളെ എന്തിനാണ് കെട്ടിഉണ്ടാക്കപ്പെട്ട ഹദീഥായി ചിത്രീകരിക്കുന്നത്?' *(തുഹ്ഫയെ ഗോൾഡവിയ, റൂഹാനീ ഖസാഇൻ, വാള്യം 17, പേജ് 133, 134)*

ചന്ദ്രഗ്രഹണം റമളാനിലെ ആദ്യരാത്രിയിൽ വെളിപ്പെട്ടിട്ടില്ല മറിച്ച് പതിമൂന്നാം രാത്രിയാണ് ഉണ്ടായതെന്നും അതുപോലെ സൂര്യഗ്രഹണം റമളാനിലെ പതിനഞ്ചാം പകൽ വെളിപ്പെടാതെ 28-ാം തിയതിയാണ് ഉണ്ടായതെന്നുമായിരുന്നു മറ്റൊരാക്ഷേപം. ഇതിന് മറുപടിയായി ഹദ്റത്ത് മസീഹ് മൗഊദ്[അ] പറഞ്ഞു: 'ഈ ലോകമുണ്ടായതുമുതൽ ചന്ദ്രഗ്രഹണത്തിനുവേണ്ടി അല്ലാഹു നിശ്ചയിച്ചിട്ടുള്ള രാവുകൾ മൂന്നാണ്. അതാണ് ദൈവിക പ്രകൃതിനിയമവ്യവസ്ഥിതി; 13, 14, 15 എന്നീ രാവുകൾ. അതുപോലെ സൂര്യഗ്രഹണത്തിനുവേണ്ടി നിശ്ചയിക്കപ്പെട്ട ദിനങ്ങൾ പ്രകൃതി നിയമമനുസരിച്ച് ചന്ദ്രമാസത്തിന്റെ 26, 27, 28 ദിനങ്ങളുമാണ്.' *(ഹഖീഖത്തുൽ വഹയ്, റൂഹാനി ഖസാഇൻ, വാള്യം 22, പേജ് 203)* ചുരുക്കത്തിൽ ചന്ദ്രഗ്രഹണത്തിന്റെ ആദ്യദിനം പതിമൂന്നാം രാവും സൂര്യഗ്രഹണത്തിന്റെ മധ്യദിനം എപ്പോഴും മാസത്തിന്റെ ഇരുപത്തിയെട്ടാം ദിനവുമാണെന്ന് മനസ്സിലാകുന്നു.

എപ്രകാരം അബുൽഹക്കം അബുജഹ്‌ലായിത്തീർന്നോ അപ്രകാരംതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള എതിർപ്പിൽ അല്ലാഹു ഉലമാക്കളെ ജാഹിലീങ്ങളാക്കിത്തീർത്തു. ഒന്നാമതായി പ്രകൃതിനിയമത്തിനു വിരുദ്ധമായി ആദ്യരാത്രിയിൽ ചന്ദ്രഗ്രഹണമുണ്ടാകേണ്ടതായിരുന്നു എന്നവർ ആവശ്യപ്പെട്ടു. രണ്ടാമതായി ഹദീഥിൽ വന്ന ഖമർ എന്ന പദത്തെക്കുറിച്ച് അവർ ചിന്തിച്ചില്ല. ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: 'ഹദീഥിൽ ഹിലാൽ എന്നല്ല മറിച്ച് ഖമർ എന്നാണ് വന്നിരിക്കുന്നത്. ആദ്യ മൂന്നുദിവസംവരെയുള്ള ചന്ദ്രനെ ഹിലാൽ എന്നാണ് പറയുന്നത്. അതിനുശേഷമുള്ളതിനെ ഖമർ എന്ന് പറയുന്നു.'അവിടന്ന് പറഞ്ഞു: 'നാളിതുവരെയുള്ള സകല അറബി പണ്ഡിതന്മാരും യോജിച്ചുവന്നിട്ടുള്ള ഒരു വസ്തുതയാണിത്. അറബി ഭാഷാ പടുക്കളിൽ ആരുംതന്നെ അതിന് എതിരോ നിഷേധിയോ ആയിട്ടില്ല. ഇക്കാര്യത്തിൽ നിനക്ക് സംശയമുണ്ടെങ്കിൽ ഖാമുസ്, താജുൽ ഉറൂസ് സ്വിഹാഹ് തുടങ്ങിയ ഗ്രന്ഥങ്ങളും ലിസാനുൽ അറബെന്ന മഹദ്ഗ്രന്ഥവും അതുപോലെ അറബി ഭാഷ്യക്കാരും പദ്യഗദ്യരചയിതാക്കളുടെ രചനകളും പൗരാണിക രചനകളും, കവിതകളും ശ്രദ്ധാപൂർവ്വം നോക്കിക്കൊൾക. ഇപ്പറഞ്ഞതിനു വിപരീതമായി സ്ഥാപിക്കാൻ സാധിക്കുകയാണെങ്കിൽ നാം നിങ്ങൾക്ക് ആയിരം രൂപ ഇനാം നൽകുന്നതാണ്. പ്രവാചകശിരോമണിയുടെ വചനങ്ങളേയും സാഹിത്യനിപുണന്മാരുടെ നേതാക്കളുടെ വചനങ്ങളുടെയും അവയുടെ യഥാസ്ഥാനങ്ങളിൽനിന്ന് അവയുടെ യഥാർഥ അർഥങ്ങളെ വളച്ചൊടിക്കാൻ ശ്രമിക്കരുത്. ഓ ദരിദ്രവാസി നീ ദൈവത്തെ ഭയപ്പെടുക! അറബികളെക്കാളും അനറബികളെക്കാളും സാഹിത്യനിപുണനും പാശ്ചാത്യപൗരസ്ത്യ ദേശങ്ങളിൽ സർവ്വസ്വീകാര്യനുമായ ആ സമ്പൂർണനായ മഹാനുഭാവനു മുന്നിൽ ധാർഷ്ട്യം കാണിക്കാതിരിക്കുക. അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും അന്തസ്സ് പരിഗണിക്കാതിരിക്കാൻ നിനക്ക് എന്ത് സംഭവിച്ചു?' *(നൂറുൽ ഹഖ്, റൂഹാനി ഖസാഇൻ, വാള്യം 8, പേജ് 197)*

അവിടന്ന് വീണ്ടും പറയുന്നു: 'കഴിഞ്ഞകാലങ്ങളിൽ ഇതുപോലെയുള്ള ഒരു സംഭവം നിങ്ങൾക്ക് എടുത്തുകാണിക്കാൻ സാധിക്കുമോ? അതായത് താൻ അല്ലാഹുവിൽനിന്നുള്ള ഒരാളാണെന്ന് വാദിക്കുകയും അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ നിങ്ങൾ ഇപ്പോൾ കണ്ടതുപോലെ റമളാൻ മാസത്തിൽ ചന്ദ്രനും സൂര്യനും ഗ്രഹണം ബാധിച്ചതായി കാണുകയും ചെയ്തിട്ടുണ്ടോ? നിങ്ങൾക്ക് അങ്ങനെ വല്ലതും കണ്ടെത്താൻ കഴനിയുന്നുവെങ്കിൽ എടുത്തുവരുവിൻ. നിങ്ങൾക്ക് ആയിരം രൂപ സമ്മാനം നൽകുന്നതാണ്. അങ്ങനെ ചെയ്തുകാണിക്കുവാൻ കഴിയുമെങ്കിൽ നിങ്ങൾക്കുള്ളതാണ് ഈ സമ്മാനം. അങ്ങനെ സ്ഥാപിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ - ഇല്ല, നിങ്ങൾക്കൊരിക്കലും അങ്ങനെ കാണിക്കുവാൻ സാധിക്കുകയില്ല- കുഴപ്പം സൃഷ്ടിക്കുന്നവർക്കുവേണ്ടി അല്ലാഹു തയ്യാറാക്കിയിട്ടുള്ള അഗ്നിയെ നിങ്ങൾ ഭയപ്പെടുക.' *(നൂറുൽ ഹഖ്, റൂഹാനി ഖസാഇൻ, വാള്യം 8, പേജ് 20)*

ഇനി മഹത്തായ മറ്റൊരു ദൈവികപിന്തുണയെ കുറിച്ച് നമുക്ക് നോക്കാം. അത് പ്രവചനങ്ങളാണ്. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്[അ]ന് ദൃഷ്ടാന്തങ്ങളും മുഅ്ജിസത്തുകളും നിറഞ്ഞ പ്രവചനങ്ങൾ നല്കി. അത് ആ മഹാത്മാവിന്റെ സത്യത്തിനുള്ള ഏറ്റവും വലിയ അടയാളമാണ്. ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: 'നുബുവ്വത്തിന്റെ അടയാളങ്ങളിൽ അതിമഹത്തായ ദൃഷ്ടാന്തമായ മുഅ്ജിസത്തായി പ്രവചനങ്ങളുടെ മുഅ്ജിസത്താണ് ഗണിക്കപ്പെടുന്നത്. പ്രവചനങ്ങൾക്ക് സമാനമായ മറ്റൊരു മുഅ്ജിസത്തും ഇല്ലതന്നെ. അതിനാൽ ദൈവനിയുക്തനായ മഹാത്മാക്കളെ അവരുടെ പ്രവചനങ്ങളിലൂടെ തിരിച്ചറിയേണ്ടതാണ്.' *(ലക്ചർ ലുധിയാന, റൂഹാനി ഖസാഇൻ, വാള്യം 20, പേജ് 256)*

ഹദ്റത്ത് മസീഹ് മൗഊദ്[അ]ന് അല്ലാഹു ആയിരക്കണക്കിന് പ്രവചനങ്ങൾ നല്കിയിട്ടുണ്ട്. മസീഹ് മൗഊദ്[അ] തന്റെ തിർയാഖുൽ ഖുലൂബ് എന്ന ഗ്രന്ഥത്തിൽ 75ഉം, നുസൂലുൽ മസീഹിൽ 150ഉം, ഹഖീഖത്തുൽ വഹ്‌യിൽ 208ഉം പ്രവചനങ്ങൾ ദൃഷ്ടാന്തങ്ങളായും, ദൈവിക സഹായങ്ങളായും മുഅ്ജിസത്തുകളായും ഉല്ലേഖനം ചെയ്തിട്ടുണ്ട്. അവിടന്ന് പറയുന്നു. 'എന്റെ ഗ്രന്ഥമായ നുസൂലുൽ മസീഹ് നോക്കിയാൽ അടയാളങ്ങൾ വെളിപ്പെടുത്തുന്നതിൽ ഒരുതരത്തിലുള്ള വിവേചനവും അല്ലാഹു കാണിച്ചിട്ടില്ലെന്ന് നിങ്ങൾക്ക് മനസ്സിലാകുന്നതാണ്. ഭൂമിയുടെ ഒരു വലിയ ഭാഗം സമുദ്രത്താൽ നിറഞ്ഞിരിക്കുന്നതുപോലെ ഈ പ്രസ്ഥാനം അല്ലാഹുവിന്റെ അടയാളങ്ങളാൽ നിറഞ്ഞിരിക്കുകയാണ്. ഏതെങ്കിലും തരത്തിലുള്ള അടയാളങ്ങൾ വെളിപ്പെടാതെ ഒരു ദിവസവും കടന്നുപോകുന്നില്ല.' *(തജല്ലിയാത്തെ ഇലാഹിയ്യ, റൂഹാനി ഖസാഇൻ, വാള്യം 20, പേജ് 411)*

ഹദ്റത്ത് മസീഹ് മൗഊദ്[അ]പറയുന്നു: 'ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഒരു ദൃഷ്ടാന്തംതന്നെ മതിയാകുന്നതാണെന്നും ഇതുകൊണ്ടുതന്നെ അയാളുടെ ഹൃദയം വിറകൊള്ളുന്നതാണെന്നും ഞാൻ പറയുന്നു. എന്നാൽ, ഇവിടെയാണെങ്കിൽ ഒന്നല്ല, നൂറുക്കണക്കിൽ ദൃഷ്ടാന്തങ്ങൾ കാണപ്പെടുന്നു. എന്നുമാത്രമല്ല അവ എണ്ണിത്തിട്ടപ്പെടുത്തുവാൻ സാധിക്കാത്തത്ര അധികമാണെന്നു ഞാൻ വാദിക്കുകയാണ്.' *(ലക്ചർ ലുധിയാന, റൂഹാനിഖസാഇൻ, വാള്യം 20, പേജ് 257)*

ഹദ്റത്ത് മസീഹ് മൗഊദ്[അ] ദൃഷ്ടാന്തങ്ങൾക്കുമേൽ ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊണ്ടേയിരുന്നു. എന്നാൽ, എതിരാളികൾ അതെല്ലാം നിഷേധിച്ചുകൊണ്ടിരിക്കുകയും ചെയ്തു. മിർസാസാഹിബിന്റെ എല്ലാ പ്രവചനങ്ങളും കള്ളമായി പുലർന്നുവെന്ന് മൗലവി ഥനാഉല്ലാഹ് അമൃത്സരി വിവാദരംഗത്ത് ലജ്ജാകരമായ ഒരു കളവ് പറയുകയാണ് ചെയ്തത്. ഇതു കൂടാതെയും പല കളവുകളും ആ മനുഷ്യൻ പറഞ്ഞു. അതിനൊക്കെ മറുപടിയായി ഹദ്റത്ത് മസീഹ് മൗഊദ്[അ] ഇഅ്ജാസെ അഹ്മദി എന്നൊരു ഗ്രന്ഥം പ്രസിദ്ധീകരിച്ചു. മൗലവി ഥനാഉല്ലായുടെ ആക്ഷേപങ്ങൾക്ക് മറുപടിയായി മസീഹ് മൗഊദ്(അ) എഴുതി. 'സത്യവാനാണെങ്കിൽ ഖാദിയാനിൽ വന്ന് എന്റെ ഏതെങ്കിലുമൊരു പ്രവചനം കള്ളമാണെന്ന് സ്ഥാപിക്കുക. അപ്രകാരം ഓരോ പ്രവചനങ്ങൾക്കും നൂറുനൂറു രൂപ വീതം സമ്മാനമായി അയാൾക്ക് നൽകുന്നതായിരിക്കും. കൂടാതെ പോക്കുവരവിനുള്ള ചെലവുകൾ വേറെയും നൽകുന്നതാണ്.' *(ഇഅ്ജാസെ അഹ്മദി, റൂഹാനി ഖസാഇൻ, വാള്യം 19, പേജ് 112)*

ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: 'ഓർത്തുകൊള്ളുവിൻ! നുസൂലുൽ മസീഹ് എന്ന ഗ്രന്ഥത്തിൽ ഞാൻ 150 പ്രവചനം രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇത് കളവാകുന്നപക്ഷം മൗലവി സനാഉല്ലാഹ് സാഹിബിന് പതിനഞ്ചായിരം രൂപ കൊണ്ടുപോകാവുന്നതാണ്. എന്നുമാത്രമല്ല ഇപ്രകാരം ദൂഷ്യം പറഞ്ഞുനടക്കുന്നതിൽനിന്ന് അദ്ദേഹത്തിന് രക്ഷപ്പെടുകയും ചെയ്യാം. അതുമല്ല ഈ പ്രവചനങ്ങളോടൊപ്പം അതിനെ സ്ഥാപിക്കുന്ന വേറെ തെളിവുകളും ഈ വാദത്തിന്റെ അടിസ്ഥാനത്തിൽത്തന്നെ ഓരോ പ്രവചനത്തിനും നൂറുരൂപ നൽകികൊണ്ടേയിരിക്കും. ഇപ്പോൾ ഒരു ലക്ഷത്തിനധികം ആളുകളാണ് എന്റെ ജമാഅത്തിലുള്ളത്. ചുരുക്കത്തിൽ ഞാൻ മൗലവി ഥനാഉല്ലാഹ് സാഹിബിനുവേണ്ടി എന്റെ ജമാഅത്തംഗങ്ങളിൽനിന്ന് ഓരോ രൂപവീതം വാങ്ങിയാലും ഒരുലക്ഷം രൂപയാകും. അതെല്ലാം അദ്ദേഹത്തിന് കൊടുക്കുന്നതുമാണ്. രണ്ട് ചില്ലി കാശിനുവേണ്ടി ദൈവകോപം വിളിച്ചുവരുത്തുന്ന ദൂഷ്യം പറഞ്ഞുനടക്കുന്നതും, സ്വന്തം അനുയായികളുടെ മരണത്തിന് കഫൻ തുണി അണിയിച്ചും വഅള് പറഞ്ഞു നടന്നും നിത്യജീവിതച്ചെലവ് നടത്തുന്ന ഇദ്ദേഹത്തന് ഒരുലക്ഷം രൂപ ലഭിക്കുക എന്നത് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരു സ്വർഘം ലഭ്യമാകലാണ്. എന്നാൽ, ഞാൻ വിശദീകരിച്ച ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കാതിരിക്കുകയും, ഞാൻവെച്ച നിബന്ധനകളോടുകൂടി നിജസ്ഥിതി അറിയുവാൻ ഖാദിയാനിൽ വരാതിരിക്കുകയുമാണെങ്കിൽ ലുധിയാന എന്ന സ്ഥലത്തുവെച്ച് നടന്ന വ്യർഥമായ വർത്തമാനങ്ങളുടെയും നിർലജ്ജങ്ങളായ കളവുകളുടേയുംമേൽ ശാപമുണ്ടാകുന്നതാണ്.'ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: 'ഞാൻ വാദത്തോടുകൂടി പറയുന്നു. അങ്ങേയറ്റം സ്പഷ്ടമായി പുലർന്ന എന്റെ ആയിരക്കണക്കിന് വ്യക്തമായ പ്രവചനങ്ങളുണ്ട്. ലക്ഷക്കണക്കിനാളുകൾ ഇതിന് സാക്ഷികളാണ്. അതിന്റെ ഉദാഹരണങ്ങൾ കഴിഞ്ഞുകടന്ന പ്രവാചകന്മാരിൽ തിരഞ്ഞാൽ, നബി തിരുമേനി[സ]യിലല്ലാതെ മറ്റൊരിടത്തും അതിനുദാഹരണം ലഭിക്കുകയില്ല.' *(കശ്തിയെനൂഹ്, റൂഹാനീ ഖസാഇൻ വാള്യം 19, പേജ് 6)*

ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: 'കഴിഞ്ഞ 1300 വർഷത്തിന്നിടയിൽ അല്ലാഹു എന്നോട് സംസാരിക്കുകയും ഭാഷണം നടത്തുകയും, അദൃശ്യകാര്യങ്ങൾ വെളിപ്പെടുത്തുകയും ചെയ്തതുപോലെ എനിക്ക് അനുഗ്രഹങ്ങൾ നല്കിയതുപോലെ ആർക്കുംതന്നെ നൽകിയിട്ടില്ല. ഇനി ആരെങ്കിലും ഇക്കാര്യം നിഷേധിക്കുകയാണെങ്കിൽ അതിനുള്ള തെളിവ് കൊണ്ടുവരേണ്ടതും അങ്ങനെയുള്ളവരുടെ ഉത്തരവാദിത്വമായിരിക്കും.' *(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ വാള്യം 22, പേജ് 406)*

അവിടന്ന് വീണ്ടും പറയുന്നു: 'ഇനി ലോകത്തുള്ള എല്ലാ സമുദായങ്ങളും ഒരുമിച്ചുകൂടി എനിക്കെതിരിൽ നിന്നുകൊണ്ട് ആർക്കാണ് അല്ലാഹു അദൃശ്യകാര്യങ്ങൾ അറിയിക്കുന്നത് ആർക്കുവേണ്ടിയാണ് അവൻ വലിയ വലിയ അടയാളങ്ങൾ പ്രകടിപ്പിക്കുന്നതെന്നുമുള്ള കാര്യത്തിൽ ഏറ്റുമുട്ടുകയാണെങ്കിൽ നിശ്ചയമായും ഞാൻ വിജയശ്രീലാളിതനായിത്തീരുന്നതാണ്.' *(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ വാള്യം 22, പേജ് 181)*

ആ മഹാത്മാവ് പറയുന്നു:'ഞാൻ അല്ലാഹുവിൽനിന്ന് ദൃഢമായ ജ്ഞാനം കരസ്ഥമാക്കിക്കൊണ്ട് പറയുകയാണ്, ഈ മൗലവിമാർ എല്ലാവരും തങ്ങളുടെ പീർമാരേയും ഒരുമിച്ചുകൂട്ടി ദിവ്യബോധനത്തിന്റെ കാര്യത്തിൽ ഞാനുമായി നേരിടാൻ തയ്യാറാവുകയാണെങ്കിൽ അല്ലാഹു അവർക്കെതിരിൽ എനിക്ക് വിജയം നൽകുന്നതാണ്. കാരണം ഞാൻ ദൈവത്തിൽനിന്നുള്ളവനാണ്.'*(അഞ്ചാമെ ആഥം, റൂഹാനീ ഖസാഇൻ, വാള്യം 11, പേജ് 341)*

ഇനി അടുത്തതായി അല്ലാഹുവിൽനിന്ന് മസീഹ് മൗഊദ്(അ)ന് ലഭിച്ച മറ്റൊരു മഹത്തായ സഹായത്തെക്കുറിച്ച് ഞാൻ പ്രതിപാദിക്കുകയാണ്. അത് ആ മഹാത്മവിന് ലഭിച്ച ഖുർആനികജ്ഞാനത്തിന്റേതായിരുന്നു. അവിടന്ന് പറയുന്നു: 'ഇന്നേക്ക് ഇരുപത് കൊല്ലം മുമ്പേ ബറാഹീനെ അഹ്മദിയ്യായിൽ ഈ ഇൽഹാം കാണാവുന്നതാണ്.**അർറഹ്മാനു അല്ലമൽ ഖുർആൻ** ഈ ഇൽഹാമിന്റെ അടിസ്ഥാനത്തിൽ അല്ലാഹു എനിക്ക് ഖുർആനികജ്ഞാനം തന്നരുളിയിരിക്കുന്നു. എന്നെ അവൻ സമുദ്രത്തെപ്പോലെ ദിവ്യജ്ഞാനങ്ങളാലും സത്യതത്ത്വജ്ഞാനങ്ങളാലും നിറച്ചിരിക്കുന്നു. എനിക്ക് അവൻ അടിക്കടി ഇൽഹാം (ദിവ്യവെളിപാടുകൾ) നൽകിക്കൊണ്ടിരിക്കുന്നു. ഈ കാലഘട്ടത്തിൽ, ദൈവികജ്ഞാനങ്ങളിലും ദൈവസ്നേഹത്തിലും നിന്റെ ദിവ്യജ്ഞാനത്തോടും നിന്റെ സ്നേഹത്തോടും കിടപിടിക്കുന്നവൻ വേറെ ആരുമില്ല എന്നവൻ പറയുന്നു.'*(ഉറൂറത്തുൽ ഇമാം, റൂഹാനി ഖസാഇൻ, വാള്യം 13, പേജ് 502)*

അവിടന്ന് പറയുന്നു: 'ഇനി മറ്റൊരു പ്രവചനം അത് ദൈവികദൃഷ്ടാന്തമാണ്. അർറഹ്മാനു അല്ലമൽ ഖുർആൻ എന്നതാണത്. ഈ ആയത്തിൽ അല്ലാഹു ഖുർആനികജ്ഞാനം വാഗ്ദാനം ചെയ്തിരിക്കുന്നു. ഒരാൾക്കും ഖുർആനികജ്ഞാനത്തിൽ എന്നെ നേരിടാൻ സാധിക്കാത്തതരത്തിൽ അല്ലാഹു ഈ വാഗ്ദാനം പൂർത്തീകരിച്ചു. ഈ രാജ്യത്തുള്ള മൗലവിമാരിൽനിന്ന് ഏതെങ്കിലുമൊരു മൗലവി ഖുർആനികജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ ഞാനുമായി നേരിടുകയും ഏതെങ്കിലുമൊരു അധ്യായത്തിന്റെ തഫ്സീർ ഞാൻ എഴുതുകയും എതിരാളിയും അങ്ങനെയൊന്ന് എഴുതുകയുമാണെങ്കിൽ അയാൾ തികച്ചും നിന്ദ്യനാവുകയും എനിക്കെതിരിൽ പരാജയപ്പെടുകയും ചെയ്യും. എന്നെ നേരിടാൻ സാധിക്കുകയില്ല. അതുകൊണ്ടുതന്നെയാണ് ഞാൻ പലതവണ ആവർത്തിച്ചാവർത്തിച്ചു വിളിച്ചിട്ടും മൗലവിമാർ ഈ വെല്ലുവിളി സ്വീകരിക്കാതിരിക്കുന്നത്. നീതിബോധവും വിശ്വാസവുമുള്ളവർക്ക് ഇത് മഹത്തായൊരു തെളിവാണ്.'*(അഞ്ചാമെ ആഥം, റൂഹാനി ഖസാഇൻ, വാള്യം 11, പേജ് 201)* ഹദ്റത്ത് മസീഹ് മൗഊദ്(അ) അറബി വിജ്ഞാനത്തിലും ഖുർആനികജ്ഞാനത്തിലും ഒരറിവുമില്ലാത്ത ആളാണെന്ന് മുഹമ്മദ് ഹുസയ്ൻ ബട്ടാലവി അക്രമത്തിന്റെയും അനീതിയുടേയും മാർഗത്തിലൂടെ സാധാരണജനങ്ങളിൽ പ്രസിദ്ധം ചെയ്തുകൊണ്ടേയിരുന്നു. എന്നാൽ, പൊതുജനങ്ങളെ വഴികേടിൽനിന്ന് രക്ഷിക്കുവാനും മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടെ കള്ളം വെളിപ്പെടുത്താനും വേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തെ ഖുർആൻ തഫ്സീറിൽ താനുമായി നേരിടാൻ വെല്ലുവിളിച്ചു. എന്നാൽ, മുഹമ്മദ് ഹുസയ്ൻ ബട്ടാലവി പലതരത്തിലുള്ള ഒഴിവുകഴിവുകളും വിവിധ കുതന്ത്രങ്ങളും പലതരത്തിലുള്ള അനാവശ്യ നിബന്ധനകളും വെച്ചുകൊണ്ട് ഓടിരക്ഷപ്പെടുകയാണുണ്ടായത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) രണ്ടാംതവണ വീണ്ടും ന്യായപൂർത്തീകരണമെന്നോണം തന്നെ നേരിടാൻ ഹുസയ്ൻ ബട്ടാലവിയെ വിളിക്കുകയും കറാമാത്തുസ്വാദിഖീൻ എന്ന ഗ്രന്ഥം ഏതാനും ചില ദിനങ്ങൾകൊണ്ട് എഴുതി പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത ഗ്രന്ഥത്തിൽ സൂറഃ ഫാത്തിഹായുടെ തഫ്സീറും ഹദ്റത്ത് നബി(സ)തിരുമേനിയെ പ്രകീർത്തിച്ചുകൊണ്ട് 661 വരികളടങ്ങുന്ന നാല് ഖസീദയും എഴുതിക്കൊണ്ട് അതിന് തത്തുല്യമായത് സമർപിക്കുവാൻ മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയെ പ്രത്യേകിച്ചും മറ്റു മൗലവിമാരെ പൊതുവെയും ഒരുമാസത്തെ അവധി വെച്ചുകൊണ്ട് വെല്ലുവിളിച്ചുകൊണ്ട് പറഞ്ഞു: 'മൂന്നാളെ സാക്ഷിനിറുത്തിക്കൊണ്ട് തന്റെ കവിതകളും വ്യാഖ്യാനങ്ങളും എന്റെ കവിതകളെക്കാളും വ്യാഖ്യാനങ്ങളെക്കാളും ഉന്നതമാണെന്ന് തെളിയിക്കുകയും ഒരുമാസത്തെ അവധിക്കുള്ളിൽ ഇത് പ്രസിദ്ധീകരിക്കുകയും ചെയ്താൽ അങ്ങനെയുള്ള ആൾക്ക് ഞാൻ ആയിരം രൂപ അയാളുടെ കൈയിൽ റൊക്കമായി കൊടുക്കുന്നതാണ്.'*(കറാമാത്തുസ്വാദിഖീൻ, റൂഹാനി ഖസാഇൻ, വാള്യം 7, പേജ് 47)*

അവിടന്ന് പറയുന്നു: 'തലയിൽ അഹങ്കാരത്തിന്റെയും പൊങ്ങച്ചത്തിന്റെയും കീടങ്ങളുള്ള ഈ മൗലവിമാരെല്ലാം ഈ വിനീതനുമേൽ അടിക്കടി കുഫ്റ് ഫത്‌വയും മതപരിത്യാഗവും ആരോപിച്ചുകൊണ്ടിരിക്കുന്നു. അവർ സ്വയം എന്തൊക്കെയോ ആണെന്ന് അഹങ്കരിക്കുന്നു. അവർ ഡൽഹിയിലുള്ളവരാകട്ടെ, ലഖ്നൗവിലുള്ളവരാകട്ടെ, ലാഹോറിലുള്ളവരാകട്ടെ മറ്റേതെങ്കിലും നഗരങ്ങളിലുള്ളവരാകട്ടെ അവർക്ക് അല്പമെങ്കിലും ലജ്ജയുണ്ടെങ്കിൽ നാമുമായി ഏറ്റുമുട്ടുകയും ആയിരം രൂപ സമ്മാനത്തുക കരസ്ഥമാക്കുകയും ചെയ്യട്ടെ.'*(കറാമാത്തുസ്വാദിഖീൻ, റൂഹാനി ഖസാഇൻ, വാള്യം 7, പേജ് 63)*

മാന്യശ്രോതാക്കളേ! ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിനുശേഷം പീർ മെഹ്ർ അലി ശാഹ് ഗോൽഡവിയെ പ്രത്യേകമായും മറ്റു പണ്ഡിതന്മാരെ പൊതുവേയും ലാഹോറിലെ ഒരു സമ്മേളനത്തിൽ വിശുദ്ധ ഖുർആന്റെ നാല്പത് ആയത്തുകളുടെ അറബി തഫ്സീർ എഴുതി താനുമായി ഏറ്റുമുട്ടുന്നതിന് വെല്ലുവിളിക്കുകയുണ്ടായി. എന്നാൽ, പീർ മെഹ്ർ അലിശാഹ് വിവിധ കുതന്ത്രങ്ങളും തടസ്സങ്ങളും ഉന്നയിച്ച് പിന്തിരിഞ്ഞോടുകയാണ് ചെയ്തത്. പിന്നീട് പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ താൻ മിർസാ സാഹിബുമായി ഏറ്റുമുട്ടാൻ തയ്യാറാണെന്നും അതിനു സാധിക്കുമെന്നും പറഞ്ഞുകൊണ്ടേയിരുന്നു.

ഒരു പ്രവാചകന്റെ പ്രവൃത്തി അടിക്കടി ഹുജ്ജത്ത് പൂർത്തീകരിച്ചുകൊണ്ടിരിക്കുക എന്നതാണ്. കാരണം അത് സത്യാത്മാക്കൾക്ക് മാർഗദർശനം ഉൾക്കൊള്ളുന്നതിനു കാരണമായിത്തീരും. വീണ്ടും രണ്ടാംതവണ ഹുജ്ജത്ത് (ന്യായപൂർത്തീകരണത്തിനുവേണ്ടി) സൂറാഃ ഫാത്തിഹയുടെ തഫ്സീർ 70 ദിവസങ്ങൾക്കുള്ളിൽ വീട്ടിലിരുന്ന് എഴുതി പ്രസിദ്ധീകരിക്കണമെന്നും ഞാനും അതുപോലെ ചെയ്യുന്നതാണെന്നും അറിയിച്ചു. മാത്രമല്ല, ഈ തഫ്സീർ രചിക്കുന്നതിനുവേണ്ടി ലോകത്തുള്ള എല്ലാ പണ്ഡിതന്മാരുടെയും സഹായം അദ്ദേഹത്തിന് തേടാവുന്നതാണെന്നും, എല്ലാ അറബിഭാഷാ പണ്ഡിതന്മാരെയും സാഹിത്യകാരന്മാരെയും അദ്ദേഹത്തിന് വിളിക്കാവുന്നതാണെന്നും അവിടന്ന് അറിയിച്ചു. ലാഹോറിലും മറ്റു നാടുകളിലുമുള്ള അറബിപണ്ഡിതന്മാരെയും പ്രൊഫസർമാരേയും സഹായത്തിന് വിളിക്കാവുന്നതാണ്. 1900 ഡിസംബർ 15മുതൽ 70 ദിവസത്തിനുള്ളിൽ ഈ ജോലിക്കുവേണ്ടി നാം അവർക്ക് കാലയളവ് നൽകുന്നു. തഫ്സീർ എഴുതിയതിനുശേഷം മൂന്ന് അറബി സാഹിത്യകാരന്മാർ അദ്ദേഹത്തിന്റെ തഫ്സീർ സമഗ്രവും സാഹിത്യസമ്പുഷ്ടവുമാണോ എന്ന് തീരുമാനിക്കട്ടെ. അത് ജ്ഞാനസമ്പൂർണമാണെങ്കിൽ ഞാൻ 500 രൂപ റൊക്കം നൽകുന്നതായിരിക്കുമെന്നും എന്റെ എല്ലാ ഗ്രന്ഥങ്ങളും കത്തിച്ച് ചാമ്പലാക്കുകയും അയാളുടെ കൈയിൽ ബൈയത്ത് ചെയ്യുകയും ചെയ്യുന്നതുമാണെന്ന് മസീഹ് മൗഊദ്(അ)പ്രഖ്യാപിച്ചു. *(അർബഈൻ നമ്പർ 4, റൂഹാനി ഖസാഇൻ, വാള്യം 17, പേജ് 449)*

നിശ്ചിത അവധിക്കുള്ളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇഅ്ജാസുൽ മസീഹ് എന്ന പേരിൽ സാഹിത്യസമ്പുഷ്ടമായ വളരെ ഉയർന്നനിലവാരത്തിലുള്ള സൂറഃഫാത്തിഹായുടെ തഫ്സീർ പ്രസിദ്ധീകരിച്ചു. എന്നാൽ, പീർ മെഹ്ർ അലിക്ക് ഒന്നുംതന്നെ പ്രസിദ്ധം ചെയ്യാനുള്ള തൗഫീഖ് ലഭിച്ചില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:അയാളുടെ പേര് മെഹ്ർ അലി എന്നല്ല. മറിച്ച്, മുഹ്ർ അലി എന്നാണ്. കാരണം ഈ വിനീതനും അദ്ദേഹത്തെ നിശബ്ദനാക്കിയതുകൊണ്ട് എന്റെ ഗ്രന്ഥമായ ഇഅ്ജാസുൽ മസീഹിന്റെ അത്ഭുതം അദ്ദേഹത്തിനുമേൽ മുദ്രയായിത്തീർന്നു.' *(നുസൂലിൽമസീഹ്, റൂഹാനി ഖസാഇൻ, വാള്യം 18, പേജ് 432)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഏതൊരുവന്റെ കൈകളിൽ എന്റെ ജീവനിരിക്കുന്നുവോ അവനാണ! വിശുദ്ധഖുർആന്റെ യാഥാർഥ്യങ്ങളും തത്ത്വസാരങ്ങളും മനസ്സിലാക്കുന്ന കാര്യത്തിൽ അല്ലാഹു എനിക്ക് എല്ലാവരുടേയുംമേൽ വിജയം തന്നരുളിയിരിക്കുന്നു. ഞാൻ ഖുർആന്റെ തഫ്സീറിനുവേണ്ടി അടിക്കടി മൗലവിമാരെ വിളിച്ചതുപോലെ ഏതെങ്കിലുമൊരു എതിരാളിയെ മൗലവി ഞാനുമായി ഏറ്റുമുട്ടാൻ തയ്യാറായാൽ ദൈവം അയാളെ ലജ്ജിതനും നിന്ദിതനുമാക്കിത്തീർക്കും. എനിക്ക് വിശുദ്ധഖുർ ആന്റെ ആശയങ്ങൾ നൽകപ്പെട്ടിരിക്കുന്നു എന്നത് അല്ലാഹു എനിക്ക് നൽകിയ ഏറ്റവും വലിയ ദൃഷ്ടാന്തം തന്നെയാണ്.'*(സിറാജെമുനീർ, റൂഹാനീ ഖസാഇൻ വാള്യം 12, പേജ് 41)*

ലാഹോറിലെ മുൻശി ഇലാഹിബഖ്ശ് അക്കൗണ്ടന്റ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശിഷ്യരിൽപെട്ട ആളായിരുന്നു. ആത്മാർഥതയിലും കൂറിലും വളരെ ഉയർന്ന നിലവാരത്തിലുള്ള ആളായിരുന്നു. 1889ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ജമാഅത്തിന് അസ്തിവാരമിടുകയും തന്റെ മുരീദുമാരോട് തനിക്ക് ബയ്അത്ത് ചെയ്യാൻ നിർദേശിക്കുകയും ചെയ്തപ്പോൾ മുൻശി ഇലാഹി ബഖ്ശ് പെട്ടെന്ന് പതറി പിന്തിരിഞ്ഞുകളഞ്ഞു. മുൻശി ഇലാഹി ബഖ്ശ് ഖാദിയാനിൽ വന്ന് ലക്കുലഗാനുമില്ലാതെ തനിക്കുണ്ടായ സ്വപ്നങ്ങളും ഇൽഹാമുകളും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കേൾപിച്ചു. അയാൾ പറഞ്ഞു: 'ഞാൻ താങ്കളോട് ഞാനെന്തിന് താങ്കൾക്കു ബയ്അത്തു ചെയ്യണം എന്നു പറയുന്നതായി സ്വപ്നം കണ്ടു;താങ്കൾ എനിക്ക് ബയ്അത്തു ചെയ്യുക.' തുടർന്ന് തന്റെ ഈ പഴയ സുഹൃത്തിനെ നാശത്തിൽനിന്ന് രക്ഷിക്കാൻവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) അങ്ങേയറ്റം മഹത്തായ ഒരു ഗ്രന്ഥം ഉറൂറത്തുൽ ഇമാം (ഇമാമിന്റെ ആവശ്യകത) എന്ന പേരിൽ പ്രസിദ്ധീകരിച്ചുകൊണ്ട് പറഞ്ഞു: എന്റെ പ്രിയസുഹൃത്തേ! നാം ദിവ്യജ്ഞാനത്തിലും സത്യതത്ത്വങ്ങളിലും ആത്മീയാനുഗ്രഹങ്ങളിലും വിശന്നവനും ദാഹിച്ചവനുമാകുന്നു. ഒരു സമുദ്രം മുക്കിക്കുടിച്ചാലും തൃപ്തിപ്പെടുകയില്ല. ആരെങ്കിലും നമ്മെ തന്റെ ദാസ്യത്തിലേക്ക് എടുത്തുകൊള്ളാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ബയ്അത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും അതിന്റെ യഥാർഥമായ തത്ത്വജ്ഞാനവും ഉൾക്കൊണ്ടുകൊണ്ട് നാമുമായി ഈ ക്രയവിക്രയം നടത്തുന്നത് വളരെ എളുപ്പമുള്ള കാര്യമാകുന്നു. അദ്ദേഹത്തിന്റെ പക്കൽ നമുക്ക് നൽകപ്പെട്ടിട്ടില്ലാത്ത സ്വർഗ്ഗീയാനുഗ്രഹങ്ങളും സത്യതത്ത്വജ്ഞാനങ്ങളും ദിവ്യസമ്പത്തുകളും ഉണ്ടെങ്കിലും, നമുക്ക് തുറന്നുതന്നിട്ടില്ലാത്ത ഖുർആനികജ്ഞാന നിധികൾ അദ്ദേഹത്തിന് തുറന്നുകിട്ടിയിട്ടുണ്ടെങ്കിലും ബിസ്മില്ലാഹ് ആ വന്ദ്യാത്മാവ് നമ്മുടെ ദാസ്യത്തിന്റേയും അനുസരണത്തിന്റേയും കൈ സ്വീകരിച്ചുകൊള്ളട്ടെ. ആത്മീയജ്ഞാനങ്ങളും ഖുർആനികരഹസ്യങ്ങളും സ്വർഗീയാനുഗ്രഹങ്ങളും അദ്ദേഹം നമുക്ക് പകരം നല്കുകയും ചെയ്യട്ടെ! അധികമായ ക്ലേശങ്ങൾ ഏൽപിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ മുൽഹം(വെളിപാടുകാരൻ) ആയ സ്നേഹിതൻ ഏതെങ്കിലും ഒരു യോഗത്തിൽ സൂറഃഇഖ്‌ലാസിന്റെ തത്ത്വരഹസ്യങ്ങളും ദിവ്യജ്ഞാനങ്ങളും വിവരിക്കട്ടെ. അതിനേക്കാൾ ആയിരം മടങ്ങ് ശ്രേഷ്ഠമായ വ്യാഖ്യാനങ്ങൾ നൽകാൻ നമുക്ക് സാധിക്കാത്തപക്ഷം നാം അദ്ദേഹത്തിന് കീഴ്വണങ്ങിക്കൊള്ളാം.'*(ഉറൂറത്തുൽ ഇമാം, റൂഹാനീ ഖസാഇൻ വാള്യം 13, പേജ് 498)*◆◆◆◆◆

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

Website : akhbarbadrqadian.in
: www.alislam.org/badr

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ
വീക്കിലി
ഖാദിയാൻ

Weekly **BADAR** Qadian

Qadian - 143516 Distt. Gurdaspur (Pb.) INDIA

Vol.7 March 10 - 17, 2022 Issue 10-11

MANAGER
SHAIKH MUJAHID AHMAD
Mobile : +91 99153 79255
e -mail:managerbadrqnd@gmail.com
SUBSCRIPTION
ANNUAL: Rs.500/-


**എന്റെ അല്ലാഹു ഒരു ദിവസം പോലും എന്നിൽനിന്ന് വേർപ്പെട്ടില്ല. അവൻ തന്റെ പ്രവചനങ്ങളനുസരിച്ച് ഒരു ലോകം തന്നെ എന്നിലേക്ക് കുനിച്ചു. ഞാൻ നിർധനനായിരുന്നു. അവൻ ലക്ഷക്കണക്കിന് രൂപ എനിക്കു നല്കി. സാമ്പത്തികമായ വിജയങ്ങൾ ഉണ്ടാകുന്നതിന് ദീർഘകാലംമുമ്പേ എന്നെ അതറിയിച്ചു. എല്ലാ ഓരോ മുബാഹലയിലും എനിക്ക് വിജയം നല്കി. നൂറുക്കണക്കിന് എന്റെ ദുആകൾ സ്വീകരിക്കപ്പെട്ടു. എനിക്ക് എത്രയധികം നിഅ്മത്തുകൾ നല്കിയെന്നാൽ അത് എണ്ണിത്തിട്ടപ്പെടുത്താൻ എനിക്കു കഴിയുകയില്ല.**

## ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മാർഗനിർദേശങ്ങൾ

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഞാൻ സത്യമായും പറയുന്നു, ഇൽഹാമുകളുടെ പരമ്പര ആരംഭിച്ച കാലഘട്ടത്തിൽ ഞാൻ യുവാവായിരുന്നു. ഇപ്പോൾ വൃദ്ധനായിരിക്കുന്നു. 70 വയസ്സിന്നടുത്ത് പ്രായമായി. അക്കാലഘട്ടത്തിനുമേൽ ഏകദേശം 35 വർഷം കഴിഞ്ഞിരിക്കുന്നു. എന്നാൽ, എന്റെ അല്ലാഹു ഒരുദിവസംപോലും എന്നിൽനിന്ന് വേർപ്പെട്ടില്ല. അവൻ തന്റെ പ്രവചനങ്ങളനുസരിച്ച് ഒരു ലോകം തന്നെ എന്നിലേക്ക് കുനിച്ചു. ഞാൻ നിർധനനായിരുന്നു. അവൻ ലക്ഷക്കണക്കിന് രൂപ എനിക്കു നല്കി. സാമ്പത്തികമായ വിജയങ്ങൾ ഉണ്ടാകുന്നതിന് ദീർഘകാലംമുമ്പേ എന്നെ അതറിയിച്ചിരുന്നതാണ്. എല്ലാ ഓരോ മുബാഹലയിലും എനിക്ക് വിജയം നല്കി. നൂറുക്കണക്കിന് എന്റെ ദുആകൾ സ്വീകരിക്കപ്പെട്ടു. എനിക്ക് എത്രയധികം നിഅ്മത്തുകൾ നല്കിയെന്നാൽ അത് എണ്ണിത്തിട്ടപ്പെടുത്താൻ എനിക്കു കഴിയുകയില്ല. തന്റെമേൽ കെട്ടിച്ചമച്ചു പറയുന്നവനാണെന്ന് അല്ലാഹു അറിയുന്ന ഒരുത്തനുമേൽ ഇത്രയധികം കൃപയും നന്മയും അവൻ ചെയ്യുമോ? എന്റെ എതിരാളികളുടെ അഭിപ്രായത്തിൽ ഞാനാണെങ്കിൽ മുപ്പത് മുപ്പത്തിരണ്ടുവർഷമായി അല്ലാഹുവിന്റെമേൽ കെട്ടിച്ചമച്ചു പറഞ്ഞുകൊണ്ടിരിക്കുകയുമാണ്!! എല്ലാ ദിവസവും രാത്രി സ്വന്തമായ നിലയിൽ ഒരു വാക്യമുണ്ടാക്കുന്നു, രാവിലെ പറയുന്നു അത് അല്ലാഹുവിന്റെ വാക്യമാണെന്ന്!! പിന്നീട് അതിനു പകരമായി അല്ലാഹുവിന് എന്നോടുള്ള പെരുമാറ്റം എന്താണെന്നാൽ, മുഅ്മിനീങ്ങളാണെന്ന് അവകാശപ്പെടുന്ന അവരുടെമേൽ എനിക്കു വിജയം നല്കുന്നു!! മുബാഹലയുടെ നേരത്ത് അവരെ നശിപ്പിക്കുന്നു! അല്ലെങ്കിൽ നിന്ദിതരാക്കുന്നു. തന്റെ പ്രവചനങ്ങളനുസരിച്ച് ഒരു ലോകത്തെത്തന്നെ എന്നിലേക്ക് വലിച്ചുകൊണ്ടുവരുന്നു. ആയിരക്കണക്കിന് ദൃഷ്ടാന്തങ്ങൾ കാണിക്കുന്നു. എല്ലാ ഓരോ മൈതാനങ്ങളിലും എല്ലാ ഓരോ വശങ്ങളിലും എല്ലാ ഓരോ മുസ്വീബത്തിന്റെ നേരത്തും എന്നെ സഹായിക്കുന്നു. അവന്റെ ദൃഷ്ടിയിൽ ഒരാൾ സത്യവാനല്ലെങ്കിൽ ഇങ്ങനെ ആരേയും ഒരിക്കലും സഹായിക്കുകയില്ല. അത്തരം ദൃഷ്ടാന്തം അവനുവേണ്ടി വെളിപ്പെടുത്തുകയുമില്ല." (തത്തിമ്മയെ ഹഖീഖത്തുൽ വഹ്‌യി, റൂഹാനി ഖസാഇൻ വാല്യം 22, പേജ് 461)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt: Gurdaspur-143516,Punjab, And published at office of the Weekly Badr Mohallah-Ahmadiyya, Qadian Distt.Gsp-143516,Punjba,India. Editor: H.Shamsuddin

جمیل احمد ناصر، پرنٹر و پبلشر نے فضل عمر پرنٹنگ پریس قادیان میں چھپوا کر دفتر اخبار بدر قادیان سے شائع کیا۔ پروپرائیٹر:-نگران بدر بورڈ قادیان



**Hazrat Mirza Ghulam Ahmad as (1835-1908)**
**The Promised Messiah And Mahdi**